# ചേളന്നൂർ ഗ്രാമപഞ്ചായത്ത്

# ജനകീയ ആസൂത്രണം
# സമഗ്രവികസനരേഖ



# കേരളം



3 133-2

### ജനകീയാസൂത്രണം

# ചേളന്നൂർ ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ

**1996**



✍ എഡിറ്റർ

ശശികുമാർ ചേളന്നൂർ

✍ എഡിറ്റോറിയൽ സ്റ്റാഫ്

പി. ശ്രീധരൻമാസ്റ്റർ

വി.എം. ചന്തുക്കുട്ടി

ആർ.എം. ഹർഷവർധനൻ

എം.ഒ. നസീർ

എ. വിജയകുമാർ മാസ്റ്റർ

ചോയിക്കുട്ടി മാസ്റ്റർ. എൻ

പ്രകാശൻ ടി.പി.

ദാമോദരൻ മാസ്റ്റർ

✍ കവർ

ഹർഷൻ കെ.ജി., ചേളന്നൂർ

✍ ടൈപ്പ്സെറ്റിംഗ് & ലേ ഔട്ട്

സമഗ്ര ഡിടിപി ഗ്രൂപ്പ്, കോഴിക്കോട് – 4





" ഗ്രാമം നശിക്കുകയാണെങ്കിൽ
ഇന്ത്യയും നശിക്കും.
ഇന്ത്യയുടെ ആത്മാവ്
കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ് "

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചേളന്നൂർ |
| ഉൾപ്പെടുന്ന വില്ലേജ് | : | ചേളന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചേളന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : | കൊടുവള്ളി |
| വിസ്തീർണ്ണം | : | 23.81 ച.കി.മീ |
| അതിരുകൾ | : | വടക്ക് – കാക്കൂര് തലക്കുളത്തൂർ പഞ്ചായത്തുകൾ |
| | | തെക്ക് – കക്കോടി പഞ്ചായത്ത് |
| | | പടിഞ്ഞാറ് – തലക്കുളത്തൂര് പഞ്ചായത്ത് |
| | | കിഴക്ക് – മടവൂർ, നരിക്കുനി, കുരുവട്ടൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ (1991–ലെ സെൻസസ്) | : | 30,081 |
| പുരുഷന്മാർ | : | 14,989 |
| സ്ത്രീകൾ | : | 15,092 |
| ജനസാന്ദ്രത | : | 1262.32 |
| അക്ഷരാഭ്യാസമുള്ളവർ | : | 24,604 |
| വാർഡുകൾ | : | 12 |
| പ്രസിഡണ്ട് | : | പി. ശ്രീധരൻമാസ്റ്റർ |
| വൈ. പ്രസിഡണ്ട് | : | വി.എം. ചന്തുക്കുട്ടി |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | ആർ.എം. ഹർഷവർദ്ധനൻ |
| പഞ്ചായത്ത് സെക്രട്ടറി | : | കെ. സുധാകരൻ |



പഞ്ചായത്ത് രാജിന്റെ അഭിനവശില്പി



# പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്ത് ഓഫീസ്
2. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
3. കൃഷിഭവൻ
4. പ്രാഥമികാരോഗ്യകേന്ദ്രം
5. ഹോമിയോ ഡിസ്പെൻസറി
6. പോലീസ് സ്റ്റേഷൻ
7. മൃഗാശുപത്രി
8. ടെലിഫോൺ എക്സ്ചേഞ്ച്
9. സബ് പോസ്റ്റോഫീസ്
10. വില്ലേജ് ഓഫീസ്
11. സബ് രജിസ്ട്രാർ ഓഫീസ്
12. പഞ്ചായത്ത് ലൈബ്രറി
13. ശ്രീനാരായണഗുരു കോളേജ്
14. എ.കെ.കെ.ആർ ബോയ്സ് ആന്റ് ഗേൾസ് ഹൈസ്കൂൾ
15. ചേളന്നൂർ എക്സൈസ് ഓഫീസ്

# ചേളന്നൂർ ഗ്രാമപഞ്ചായത്ത്

# ❒ ഭരണസമിതി അംഗങ്ങൾ ❒



പ്രസിഡണ്ട്
**പി. ശ്രീധരൻ**



വൈസ്പ്രസിഡണ്ട്
**വി.എം. ചന്തുക്കുട്ടി**



സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ
**ആർ.എം. ഹർഷവർധനൻ**

ബിവിമുസ്തഫ ✤ പ്രസന്നാസത്യൻ ✤ കണ്ടിയിൽ രാമചന്ദ്രൻനായർ ✤ കെ. ജാനകി ✤ എൻ.കെ. രത്നേശ്വരൻ ✤ യു.കെ. റീന ✤ ടി. പി. പ്രകാശൻ ✤ എം. പ്രകാശൻ ✤ പി.കെ. ബാബുരാജ്

# താളുകൾ മറിക്കുമ്പോൾ


- ആമുഖം
- സാമൂഹിക-സാംസ്കാരികചരിത്രം
- ഭൂപ്രകൃതി-ജനപ്രകൃതി
- കൃഷിയും-ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വ്യവസായം
- വിദ്യാഭ്യാസം
- കുടിവെള്ളവും പൊതുജനാരോഗ്യവും
- ഗതാഗതം-ഊർജ്ജം-മാർക്കറ്റ്-വാർത്താവിനിമയം
- പാർപ്പിടവും സാമൂഹ്യക്ഷേമവും
- സംസ്കാരം
- വനിതാക്ഷേമം
- സഹകരണം
- പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം
- വിഭവസമാഹരണം
- ഉപസംഹാരം



# ആമുഖം

1947 ആഗസ്റ്റ് 15. ലോകം മുഴുവൻ സുഖനിദ്രയിലാണ്ടപ്പോൾ, ഒരു കാലഘട്ടം അവസാനിപ്പിച്ചുകൊണ്ട്, അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കും, പഴമയിൽ നിന്ന് പുതുമയിലേക്കും ഉയിർത്തേഴുന്നേറ്റ ഒരു സുദിനം..... ഉടുതുണിക്ക് മറുതുണിയില്ലാതെ, പട്ടിണിയും ദാരിദ്ര്യവും കാർന്നുതിന്നുകൊണ്ട്, കിടപ്പാടമില്ലാതെ ഇന്ത്യൻ ജനത പ്രതീക്ഷയോടെ കാത്തുനിന്നു.

സാമ്രാജ്യത്വം ചവച്ചുതുപ്പിയ സാമ്പത്തികരംഗം നേർദിശയിലാക്കാൻ ദേശീയ നേതാക്കൾ ശ്രമമാരംഭിച്ചു. പ്ലാനിംഗിന് തുടക്കം കുറിച്ചു. 1951-ൽ ഒന്നാം പഞ്ചവത്സരപദ്ധതിക്ക് തുടക്കം കുറിച്ചു. പോരായ്മകൾ പലതുണ്ടെങ്കിലും നമ്മുടെ യാത്ര നേർദിശയിൽത്തന്നെയായിരുന്നു.

ഇന്ത്യ ഇന്ന് സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുകയാണ്. നീണ്ട 49 വർഷത്തിനുള്ളിൽ സമസ്തമേഖലകളിലും അഭൂതപൂർവമായ നേട്ടങ്ങൾ കൊയ്യാൻ സാധിച്ചെങ്കിലും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് നീക്കാൻ നമുക്കിനിയും എത്രയോ കാതം സഞ്ചരിക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യയിലെ ജനസംഖ്യ കേവലം 35 കോടിയിൽ താഴെയായിരുന്നു. എന്നാൽ ഇന്നോ? 95 കോടിയിൽ കവിയാൻ പോകുകയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിനെ സത്യത്തെയും, അഹിംസയെയും സമരായുധങ്ങളാക്കി കെട്ടുകെട്ടിക്കാൻ നമുക്ക് സാധിച്ചു.

9-ാം പഞ്ചവത്സര പദ്ധതി നമ്മുടെ പടിവാതില്ക്കൽ എത്തിനില്ക്കുമ്പോൾ, കഴിഞ്ഞകാലത്തെ പോരായ്മകളും കുറവുകളും നികത്തി നമുക്ക് ഒന്നായി സട കുടഞ്ഞെഴുന്നേറ്റ് നമ്മുടെ പ്രയാണം ആരംഭിക്കാം. ജനപങ്കാളിത്തം ഉറപ്പുവരുത്തി, ഉദ്യോഗസ്ഥമേധാവിത്തത്തിന് അറുതി വരുത്തി, ജനാഭിലാഷത്തിനനുസൃതമായ പ്രവർത്തനപരിപാടികൾ താഴെത്തട്ടിൽനിന്നാരംഭിച്ച് നമുക്ക് വരാൻ പോകുന്ന പദ്ധതിയെ ഉൾക്കൊള്ളാം. ഇതിന് തുടക്കം കുറിച്ചുകൊണ്ടാണ് നമ്മുടെ മുൻപ്രധാനമന്ത്രി അന്തരിച്ച ശ്രീ രാജീവ് ഗാന്ധി പഞ്ചായത്ത് രാജ് സംവിധാനത്തിന് രൂപം നൽകിയത്. 1995-ലാണ് കേരള സർക്കാർ പഞ്ചായത്ത് രാജ് ആക്ട് കേരളത്തിൽ നടപ്പിലാക്കിയത്. അങ്ങനെ നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത 'ഗ്രാമസ്വരാജ്' യാഥാർത്ഥ്യമാക്കുന്നതിനുള്ള സുപ്രധാനഘട്ടത്തിലേക്ക് പ്രവേശിച്ചത്. ഈ ഘട്ടത്തിൽ നാം നിശ്ചയദാർഢ്യത്തോടും മനക്കരുത്തോടും നമ്മുടെ ഘടന നിർവഹിക്കേണ്ടിയിരിക്കുന്നു. നാം ഇവിടെ പതറിയാൽ ഭാവിതലമുറയോട് കണക്ക് പറയേണ്ടിവരും. നമ്മുടെ കടമയെ ഒരു ബാധ്യതയാക്കിക്കൊണ്ടുതന്നെ ഉറച്ച ചുവടുവെപ്പോടെ മുന്നോട്ടു പോകണം. അതിനുള്ള അവസരമാണ് വന്നുചേർന്നിരിക്കുന്നത്; ജനകീയാസൂത്രണപരിപാടി.

ഗ്രാമപഞ്ചായത്തിന്റെ ആവിർഭാവത്തോടെ ഗ്രാമത്തിന്റെ സാമ്പത്തികവികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയാറാക്കുന്നതിനും നിർവഹിക്കുന്നതിനും വേണ്ടിയുള്ള അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് ജനാധിപത്യപ്രക്രിയയിലും വികേന്ദ്രീകരണാസൂത്രണരംഗത്തും ഒരു വലിയ ചുവടുവെപ്പാണ്. ഇത് ഗ്രാമങ്ങളുടെ ഭാവിഭാഗധേയം നിർണ്ണയിക്കും. അതിനാൽ ഈ അഗ്നിപരീക്ഷണം വിജയിക്കേണ്ടത്, വിജയിപ്പിക്കേണ്ടത് നമ്മുടെ ആവശ്യമാണ്, ചുമതലയാണ്.

ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടാണ് ഗ്രാമസഭകളുടെ വിശേഷാൽയോഗം ചേർന്നതും തുടർനട

പടികൾ കൈക്കൊണ്ടതും. എങ്കിൽ മാത്രമേ നമുക്ക് പദ്ധതികൾ ആസൂത്രണം ചെയ്യാനും പൊതുജനപങ്കാളിത്തത്തോടെ അത് നിർവഹിക്കാനും നമ്മുടെ കാര്യം ബോധ്യപ്പെടുത്താനും ആവശ്യങ്ങൾ ഏത്തേണ്ടിടത്ത് എത്തിച്ച് ഗ്രാമത്തെ ഐശ്വര്യപൂർണമായ ഭാവിയിലേക്ക് നയിക്കാനും കഴിയുകയുള്ളു. നമുക്ക് ബാധ്യതയുണ്ട്; കടമയുണ്ട്. അല്ലാത്തപക്ഷം അധികാരവികേന്ദ്രീകരണത്തിന് അർത്ഥമില്ലാതാകും. 73, 74 ഭരണഘടനാഭേദഗതി വൃഥാവിലാകും. ഇതിനനുവദിക്കരുത്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പൂർണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ കേരളസർക്കാർ ആരംഭിച്ച ജനകീയാസൂത്രണത്തിന് കഴിയും. ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം താഴെത്തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണമെന്നാണ് സംസ്ഥാനപ്ലാനിംഗ്ബോർഡിന്റെ കാഴ്ചപ്പാട്. ഭാരിച്ച ഉത്തരവാദിത്തമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്. വർദ്ധിച്ചതോതിൽ ജനങ്ങളെ ഈ ദൗത്യത്തിനുവേണ്ടി നമുക്ക് അണിനിരത്തേണ്ടിവരും. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്.

ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും നടപടികളും വിശദീകരിക്കാൻ 7-9-96-ന് പഞ്ചായത്ത് ഹാളിൽ വിവിധരാഷ്ട്രീയ,സാംസ്കാരിക സംഘടനകളുടെ യോഗം വിളിച്ചുചേർത്തു. യോഗത്തിൽ 80-ഓളം പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ശ്രീ. എ. വിജയകുമാർ കൺവീനറുമായി ഒരു സ്വാഗതസംഘം രൂപീകരിച്ചു. 12-9-96-ന് ശ്രീനാരായണമന്ദിരത്തിൽവച്ച് പഞ്ചായത്ത്തല പരിശീലന ക്ലാസ്സ് നടന്നു. സെപ്റ്റംബർ 14 മുതൽ ഒക്ടോബർ രണ്ടുവരെയുള്ള കാലത്തിനിടയ്ക്ക് 12 വാർഡുകളിലും ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനായി സ്വാഗതസംഘങ്ങൾ രൂപീകരിച്ചിരുന്നു. 12 വാർഡുകളിലായി 2044 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. 1660 പുരുഷന്മാരും 384 സ്ത്രീകളും. ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽനിന്ന് 8 പേർ പങ്കെടുത്തു. മൂന്നുപേർ സ്ത്രീകളായിരുന്നു. ഒക്ടോബർ 30-ന് പഞ്ചായത്തിലെ മുഴുവൻ വകുപ്പുമേധാവികളുടേയും യോഗം വിളിച്ചുചേർക്കുകയും വികസനപ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും ചെയ്തു. പഞ്ചായത്ത്തല രണ്ടാംഘട്ട പരിശീലനം 31-10-96-ന് ചേളന്നൂർ എ.എൽ.പി. സ്കൂളിൽവച്ച് നടന്നു. വിവിധ വകുപ്പുമേധാവികളും സാങ്കേതിക വിദഗ്ധരുമുൾപ്പെടെ 105 പേർ പരിപാടിയിൽ പങ്കെടുത്തു. സംസ്ഥാനതല പരിശീലനം ലഭിച്ച ചേളന്നൂർ എസ്.എൻ.കോളേജിലെ അധ്യാപകരായ ശ്രീ കമലാസനൻ, ശ്രീ ശശിധരൻ എന്നിവരാണ് പരിശീലനക്ലാസ്സുകളെടുത്തത്.

ജനകീയാസൂത്രണപ്രവർത്തനത്തിന്റെ ഇന്നുവരെയുള്ള പ്രവർത്തനത്തിന്റെ ഒരു സംക്ഷിപ്തറിപ്പോർട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇന്നലെയുടെ സമ്പുഷ്ടമായ മധുരസ്മരണകളും കയ്പേറിയതുമായ അനുഭവങ്ങളും അയവിറക്കിക്കൊണ്ട് ഇന്നിൽക്കൂടി നാളെയെ നമുക്ക് വാർത്തെടുക്കാം.



*'സ്വർഗ്ഗത്തേക്കാൾ വിലപ്പെട്ടതാണ് മാതാവും മാതൃരാജ്യവും'*

–ലാലാ ലജ്പത് റായ്



# സാമൂഹിക-സാംസ്ക്കാരികചരിത്രം

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കോഴിക്കോട് താലൂക്കിലെ പ്രദേശമാണിന്ന് ചേളന്നൂർ ഗ്രാമപ്പഞ്ചായത്ത്. ഇന്ത്യൻ സ്വാതന്ത്ര്യചരിത്രത്തിൽ അളവറ്റ ത്യാഗം അനുഷ്ഠിച്ചിട്ടുള്ള അനുഗൃഹീതരായ മാന്യവ്യക്തികളെ ഇത്തരുണത്തിൽ ഓർത്തുപോകുകയാണ്.

സ്വാതന്ത്ര്യചരിത്രത്തിന്റെ ഭാഗമായി അയിത്തോച്ചാടനം, വിദേശവസ്ത്രബഹിഷ്കരണം, ഖാദിപ്രസ്ഥാനം, മദ്യവർജനം തുടങ്ങിയ പ്രക്ഷോഭങ്ങളിൽ മുൻപന്തിയിൽ പ്രവർത്തിച്ച ശ്രീമാന്മാർ തിരുവോത്ത് മൂത്തോറൻ, പി. കൃഷ്ണൻമാസ്റ്റർ, താമരമംഗലത്ത് അച്യുതൻ നായർ, പി.സി. രാഘവൻനായർ, കെ. ചാത്തുണ്ണിമാസ്റ്റർ, കിള്ളിരിശ്ശേരി കൃഷ്ണൻനായർ, പണിക്കച്ചൻകണ്ടി മമ്മദ്കോയ, ദേശീയപതാകയേന്തി ഒറ്റക്ക് പ്രചരണം നടത്തിയ വള്ളോപ്ര മമ്മത്കോയ, കൃഷ്ണൻ നമ്പീശൻ തുടങ്ങിയ മഹത്വ്യക്തികളെ ഈയവസരത്തിൽ ഓർത്തുപോകുകയാണ്. പാലയാട്ട് താഴം കുനിയിൽ ശ്രീ തനിയന്റെ വീട്ടിൽ വച്ചുനടന്ന 'മിശ്രഭോജനം', കുളം തീണ്ടൽ അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ നടന്ന സമരങ്ങളാണ്.

പഴയ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ചേവായൂർ ഫർക്കയിലായിരുന്നു ചേളന്നൂർ ഉൾപ്പെട്ടിരുന്നത്.

16-12-1963-ൽ ചേളന്നൂർ പഞ്ചായത്ത് രൂപംകൊള്ളുന്നു. ശ്രീ അത്തൂളി മൂത്തോറൻ മാസ്റ്ററായിരുന്നു പ്രഥമപ്രസിഡണ്ട്. പി. കൃഷ്ണൻമാസ്റ്റർ (വൈ. പ്രസിഡണ്ട്), മാണിച്ചേരി രാഘവൻനായർ, തയ്യിള്ളയിൽ പക്രു, മണ്ണാറക്കൽ വേലായുധൻ, ചാത്തനാടത്ത് ഇല്ലത്ത് കൃഷ്ണൻനമ്പൂതിരി, ചേറുപേരാറ്റിയിൽ മൂത്തോറക്കുട്ടി, തിരുവോത്ത് മൂത്തോറൻ, നോമിനേറ്റഡ് മെമ്പർ ശ്രീമതി സുമതി മേനോക്കി എന്നിവരായിരുന്നു പഞ്ചായത്ത് മെമ്പറന്മാർ. ശ്രീമതി ഒ.പി. മാധവിയെ 8-12-66-ൽ സുമതി മേനോക്കിക്കുപകരം നോമിനേറ്റഡ് വനിതാമെമ്പറായി തെരഞ്ഞെടുത്തു. പഞ്ചായത്ത് രാഷ്ട്രീയ ചരിത്രത്തിൽ ജനറൽസീറ്റിൽനിന്ന് മത്സരിച്ച് ജയിച്ച ഹരിജൻ നേതാവ് ശ്രീ ഷാരത്ത്വീട്ടിൽ മീത്തൽ കൃഷ്ണൻമാസ്റ്റർ സ്വാതന്ത്ര്യസമരകാലത്ത് അനുഷ്ഠിച്ച് പീഡനങ്ങളുടേയും മർദനങ്ങളുടേയും കഥകൾ തദ്ദേശവാസികൾക്ക് മറക്കാൻ പറ്റില്ല. ശ്രീമാന്മാർ രാഘവൻനായർ, എം. വേലായുധൻ, പി. പക്രു എന്നിവരുടെ രാജിമൂലം നടന്ന ഇടക്കാല പഞ്ചായത്ത് വാർഡ് തെരഞ്ഞെടുപ്പിൽ കോറോത്ത് പൊയിൽ അബ്ദുൾഖാദർ, താമരമംഗലത്ത് ഇ. അച്ചുതൻ നായർ, വടക്കൻപറമ്പത്ത് ശങ്കരൻ നായർ എന്നിവർ മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടു. 1966 ഡിസംബർ 8-ാം തിയ്യതി ശ്രീ താമരമംഗലത്ത് ഇ. അച്ചുതൻ നായർ പ്രസിഡന്റായി. പിന്നീട് പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു. അദ്ദേഹത്തിന്റെ അകാലനിര്യാണം മൂലം 1970ൽ ശ്രീ എ. മൂത്തോറൻ മാസ്റ്റർ വീണ്ടും പ്രസിഡന്റായി.

1980ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ എ. പി. ഗോപാലൻ മാസ്റ്റർ പ്രസിഡന്റായ ഭരണസമിതിയിൽ ശ്രീമാന്മാർ സി. കെ. രാമൻ, വി.വി. രാജൻ, വി.സി. രവീന്ദ്രൻ, യു.പി. പത്മനാഭൻ, എം.എസ്.എസ്. നമ്പൂതിരി, വി. മാധവൻ, എ. ദാമോദരൻമാസ്റ്റർ, നഞ്ചനാത്ത് ശാന്തകുമാരി, വട്ടോളിമീത്തൽ ബാലകൃഷ്ണൻ എന്നിവർ അംഗങ്ങളായിരുന്നു. ശ്രീ. എ.പി. ഗോപാലൻമാസ്റ്റർ പ്രസിഡണ്ടുപദം ഒഴിഞ്ഞപ്പോൾ ശ്രീ യു.പി. പത്മനാഭൻ പ്രസിഡണ്ടായി ബോർഡ് നിലവിൽവന്നു.

ദീർഘ ഇടവേളയ്ക്കുശേഷം 1988-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ എം.പി. വേലായുധൻ

മാസ്റ്റർ പ്രസിഡണ്ടായ സമിതിയിൽ പി. രാമൻകുട്ടി വൈദ്യർ, സ്വർണ്ണലതടീച്ചർ, എ. മൊഹ്ദിൻ അബ്ദുൾഖാദർ, എൻ.കെ. രത്നേശ്വരൻ, വി. സോമൻ, ടി.കെ. സോമനാഥൻ, ടി. ജയരാജൻ, കെ. രാമനുണ്ണിമാസ്റ്റർ (വൈ. പ്രസിഡണ്ട്),കെ.എം. രാധടീച്ചർ, മുല്ലശ്ശേരി രാമദാസൻ എന്നിവർ അംഗങ്ങളായിരുന്നു.

73-ാം ഭരണഘടനാ ഭേദഗതിയുടെ ഫലമായി രൂപം കൊണ്ട് പഞ്ചായത്ത് രാജ് ഭരണസമിതിയിൽ ശ്രീമാന്മാർ പി. ബീവി മുസ്തഫ, വി.എം.ചന്തുക്കുട്ടി, പ്രസന്ന സത്യൻ, കണ്ടിയിൽ രാമചന്ദ്രൻനായർ, കെ. ജാനകി, എൻ.കെ. രത്നേശ്വരൻ, യുകെ. റീന, ടി.പി. പ്രകാശൻ, ആർ. എം. ഹർഷവർധനൻ, പി. ശ്രീധരൻ, എം. പ്രകാശൻ, പി.കെ. ബാബുരാജ് എന്നിവർ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. പി. ശ്രീധരൻ പ്രസിഡണ്ടും, ശ്രീ. വി.എം. ചന്തുക്കുട്ടി വൈ. പ്രസിഡണ്ടും ശ്രീ. ആർ.എം. ഹർഷവർധനൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചെയർമാനെ കൂടാതെ ശ്രീമാൻമാർ പി. ബിവി മുസ്തഫ, എം. പ്രകാശൻ, ടി. പി. പ്രകാശൻ, പി.കെ. ബാബുരാജ് എന്നിവരാണുള്ളത്. പ്രസിഡണ്ടും വൈ. പ്രസിഡണ്ടും എക്സ്. ഒഫീഷ്യോ അംഗങ്ങളാണ്.

പഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിലാണ് 13-7-68 മുതൽ പ്രവർത്തിച്ചുപോരുന്നത്. ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചിരുന്നത് അന്നത്തെ ജില്ലാ കലക്ടറായിരുന്ന ശ്രീ. ജോസഫ് ആയിരുന്നു. അതിനുമുമ്പുവരെ ചേളന്നൂർ 8/2-ലെ പൊക്കാളി കുഞ്ഞിക്കണാരന്റെ വാടകക്കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പഞ്ചായത്ത് ബോർഡ് അംഗമായിരുന്ന ശ്രീ. തിരുവോത്ത് മുത്തോറൻ സംഭാവന നൽകിയ സ്ഥലത്താണ് ഓഫീസ് നിർമ്മിച്ചിരിക്കുന്നത്.

## വിദ്യാഭ്യാസസാംസ്കാരികമേഖല

നാട്ടെഴുത്തച്ഛന്മാരുടെ കാർമ്മികത്വത്തിലുള്ള എഴുത്തുപള്ളിക്കൂടങ്ങളിൽക്കൂടിയാണ് ഗ്രാമീണജനത ആദ്യമായി അക്ഷരാഭ്യാസം നേടിയിരുന്നത്. മുത്താട്ട് രാമൻകുട്ടി വൈദ്യർ, എടോത്ത് ഗോവിന്ദൻകുട്ടി മാസ്റ്റർ എന്നിവരായിരുന്ന ആശാന്മാരിൽ ചിലർ.

ഹരിജനങ്ങളുടെ കുട്ടികൾക്കായി വിദ്യാഭ്യാസം നേടാൻ പഞ്ചായത്തിൽ മുതുവാട്ട് (പാലത്ത്) ലേബർ സ്കൂൾ വളരെ മുമ്പുതന്നെ പ്രവർത്തിച്ചിരുന്നു. അതാണിന്നത്തെ വെൽഫയർ സ്കൂൾ. ഹരിജനോദ്ധാരണ പ്രവർത്തകരായിരുന്ന ശ്രീ. തനീറ മാസ്റ്റർ, ശ്രീ. പി. കൃഷ്ണൻമാസ്റ്റർ എന്നിവർ അന്നത്തെ അവിടുത്തെ അധ്യാപകരായിരുന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആരംഭിച്ച ആദ്യകാല വിദ്യാലയം മഠത്തിൽ സ്കുൾ (ചാലിയാടത്ത്). അതാണ് ഇന്നത്തെ ചേളന്നൂർ ഗവ: എൽ.പി. സ്കൂൾ. 1957-ൽ വന്ന കക്കോടി ഹൈസ്കൂൾ ഇന്ന് എ.കെ.കെ.ആർ ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു.

ശ്രീ നാരായണ ധർമ്മ പരിപാലന സംഘത്തിന്റെ പ്രവർത്തന ഫലമായി ചേളന്നൂരിൽ 1968 -ൽ ശ്രീ നാരായണ ഗുരു കോളേജ് സ്ഥാപിതമായി. 1977-ൽ 25 ലൈനുകളോടെ പഞ്ചായത്തിൽ ആദ്യത്തെ ടെലഫോൺ എക്സ്ചേഞ്ച് നിലവിൽ വന്നു.

വാർത്താ വിനിമയരംഗത്തും നാം ഒട്ടും പിന്നിലല്ല. എരഞ്ഞിപ്പാലം സബ് പോസ്റ്റാഫീസിന്റെ കീഴിൽ അമ്പലത്തുകുളങ്ങരയിൽ സ്ഥാപിച്ച ബ്രാഞ്ച് പോസ്റ്റാഫീസാണ് ആദ്യത്തേത് എന്നുപറയാം.

ഇവിടെയുള്ള ഭൂസ്വത്തുക്കളുടെ ഉടമകൾ കേവലം വിരലുകളിൽ എണ്ണാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. പാലോളി ചാലിയാടത്ത് താവഴിയിലുള്ള മാക്കാടത്ത് കാരംവെള്ളി ചിങ്ങോരം കേളേത്ത് എടേത്ത് കൈപ്രത്ത്, തലശ്ശേരി കേയിമാർ കുറുപ്പന്മാർ എന്നിവരുടേതായിരുന്നു ഇവിടുത്തെ മുഖ്യഭൂമിയും. ഭൂപരിഷ്കരണത്തിന്റെ ഫലമായി ഇന്ന് കൃഷിഭൂമി കൃഷിക്കാരനും, കർഷകതൊഴിലാളിക്കും ലഭിച്ചിരിക്കയാണ്.

മഹിളാ സംഘടനകൾ ഇന്ന് കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നുണ്ട്. മാക്കാടത്ത് തങ്കമ്മ, ശ്രീമതി രാഗിണി ലോഹിതാക്ഷൻ തുടങ്ങിയവർ ആദ്യകാല പ്രവർത്തകർ ആയിരുന്നു.

## സന്നദ്ധപ്രവർത്തക മേഖല

സന്നദ്ധ സംഘങ്ങൾ നാടിന്റെ വികസനത്തിന് നൽകിയ സേവനങ്ങൾ നിരവധിയാണ്. പുതിയേടത്ത് താഴം- ചിറക്കുടി റോഡ്, 7/6- പള്ളിപൊയിൽ റോഡ്, പള്ളിപൊയിൽ- ഊട്ടുകുളം റോഡ്, തച്ചാട്ടുതാഴം- മക്കാട്ടുപാലം റോഡ്, പുനത്തിൽ താഴം- ചിറക്കുഴി റോഡ് തുടങ്ങിയ റോഡുകൾ ആദ്യമായി ചിത്രത്തിൽ വരുന്നത് ഇവിടുത്തെ ദേശാഭിമാനികളുടെ ശ്രമദാനമായിട്ടാണ്. ഇവിടുത്തെ ബാലവാടികളിൽ മിക്കതും ശ്രമദാനഫലമായിട്ടാണ് ഉയർന്നുവന്നത്. 1962-ൽ നടന്ന ഇന്ത്യാ-ചൈന യുദ്ധത്തിൽ സൈനികർക്ക് വസ്ത്രവും, ഗവൺമെന്റിന് പണവും, രക്തദാനവും നൽകുന്നത് അന്നത്തെ യുവാക്കൾ മുൻപന്തിയിലായിരുന്നു. 1961-ൽ രൂപം കൊണ്ട ഭാരത് സേവക് സമാജ് (ബി.എസ്.എസ്.)ന്റെ ഒരു യൂണിറ്റ് ഇവിടെ പ്രവർത്തിച്ചിരുന്നു. ശ്രീമാന്മാർ എ.പി. ബാലകൃഷ്ണൻ മാസ്റ്റർ (പ്രസിഡണ്ട്), ടി. താരനാഥൻ (സിക്രട്ടറി), വള്ളിൽ ശ്രീധരൻ, കെ രാമനുണ്ണിമാസ്റ്റർ, എൻ. ചോയിക്കുട്ടി, ടി. സഹദേവൻ എന്നിവർ ഉൾപ്പെട്ടതായിരുന്നു അന്നത്തെ കമ്മറ്റി അംഗങ്ങൾ. മെഡിക്കൽ ക്യാമ്പ്, ശുചീകരണം, നടപ്പാത നിർമ്മാണം, ശ്രമദാനം തുടങ്ങിയ രംഗങ്ങളിൽ പ്രസ്തുത യൂണിറ്റ് പ്രവർത്തിച്ചിരുന്നു.



# ഭൂപ്രകൃതി ജനപ്രകൃതി

കോഴിക്കോട് ജില്ലയിൽ 76 പഞ്ചായത്തുകളിൽ ഒന്നായ ചേളന്നൂർ ഗ്രാമപഞ്ചായത്ത് നഗരത്തിന്റെ വടക്കുഭാഗത്ത് 14 കി.മീ. അകലത്തിലായി സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ വിസ്തീർണ്ണം 23.83 ച.കി.മീ. ആണ്.

പഞ്ചായത്തിന്റെ അതിർത്തികൾ താഴെ പറയുന്നവയാണ്.

കിഴക്ക് - മടവൂർ, കാക്കൂർ പഞ്ചായത്തുകൾ

പടിഞ്ഞാറ് - തലക്കുളത്തൂർ പഞ്ചായത്ത്

തെക്ക് - കക്കോടി, കുരുവട്ടൂർ പഞ്ചായത്തുകൾ

വടക്ക് - കാക്കൂർ പഞ്ചായത്ത്.

ഭൂപ്രകൃതിയനുസരിച്ച് ചേളന്നൂരിനെ കുന്നുകൾ, താഴ്വരകൾ, സമതലങ്ങൾ, തീരപ്രദേശം എന്നിങ്ങനെ നാലായി വിഭജിക്കാം. ഏറ്റവും ഉയർന്ന കുന്നുകളിൽ പുല്ലാപ്ര മല, മാലേരി മല, കളരിമല, കല്ലരിക്കോട് കുന്ന്, പാടകശ്ശേരി കുന്ന്, പോഴിക്കാവ് കുന്ന്, കാക്കൂർ മല, തച്ചോറ മല, കണിക്കാട് മല, പറയരുകുന്ന്, കപ്പിക്കുന്ന് തുടങ്ങിയവയാണ്.

താഴ്വര പ്രദേശങ്ങളിൽ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുവരുന്ന ചാടിക്കുഴി ഭാഗം ഫലഭൂയിഷ്ഠവും വൈവിധ്യമാർന്ന വിളകൾ ഉല്പാദിപ്പിക്കുന്ന പ്രദേശവുമാണ്.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണത്തിൽ ഭൂരിഭാഗവും സമതലപ്രദേശങ്ങളിൽപ്പെടുന്നു. പഞ്ചായത്തിലെ 6, 7, 8 വാർഡുകളിൽ ഭൂരിഭാഗവും 9-ാം വാർഡിന്റെ പടിഞ്ഞാറുഭാഗവും തീരപ്രദേശങ്ങളിൽപ്പെടുന്നു.

പഞ്ചായത്തിലെ മണ്ണിനങ്ങളെ ചെമ്മണ്ണ്, എക്കൽമണ്ണ്, ചെങ്കൽമണ്ണ് എന്നിവയായി തരംതിരിക്കാം. സംസ്ഥാനശരാശരിയിൽനിന്നും താരതമ്യേന ഉയർന്ന നിരക്കിലുള്ള മഴ ഈ പ്രദേശത്ത് ലഭിക്കുന്നു. ചില പ്രദേശങ്ങളിൽ ചില പ്രത്യേക കാലയളവിൽ ജലദൗർലഭ്യത അനുഭവപ്പെടുന്നുണ്ട്. താഴ്വരകളിലും തീരപ്രദേശങ്ങളിലും ജലലഭ്യത താരതമ്യേന കൂടുതലാണ്. പഞ്ചായത്തിൽ കൂടുതലും തെങ്ങ് കൃഷിയാണുള്ളത്. താഴ്വരയിലും സമതലപ്രദേശങ്ങളിലും നെൽകൃഷിയും കവുങ്ങും കൂടുതലായി കൃഷി ചെയ്തുവരുന്നു. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ റബ്ബർകൃഷിയുമുണ്ട്.

പഞ്ചായത്തിന്റെ കിഴക്കൻഭാഗങ്ങളിൽ ചെങ്കൽക്വാറികളും കരിങ്കൽക്വാറികളും കൂടുതലായി കാണപ്പെടുന്നു.

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 30,081 ആണ്. ഇതിൽ 14,989 പുരുഷന്മാരും 15,092 സ്ത്രീകളുമാണ്. പട്ടികജാതി വിഭാഗത്തിൽ 1877 പുരുഷന്മാരും 1720സ്ത്രീകളും ഉൾപ്പെടുന്നു.

പഞ്ചായത്തിന്റെ ജനസാന്ദ്രത ച.കി.മീറ്ററിന് 1261 ആണ്. സംസ്ഥാന ശരാശരി ച.കി.മീറ്ററിന് 749ഉം ജില്ലാ ശരാശരി ച.കി.മീറ്ററിന് 1,118ഉം ആണ്.

ജനവാസയോഗ്യമായ ഭൂപ്രകൃതി, കാലാവസ്ഥ, ഗതാഗതസൗകര്യങ്ങൾ, ജലസേചനം, വിദ്യാഭ്യാസ സൗകര്യങ്ങൾ, സാമൂഹ്യസാംസ്കാരികരംഗത്തെ ഉയർച്ച എന്നിവ ജനസാന്ദ്രതയ്ക്ക് കാരണമായി കണക്കാക്കാം.

 OO

# ജനസംഖ്യയും മറ്റു വിവരങ്ങളും വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് | Population | Male | Female | Scheduled Caste | | Literates | | No. of occupied R. House | No of House Holds |
|---|---|---|---|---|---|---|---|---|---|
| | | | | Male | Female | Male | Female | | |
| 1 | 3045 | 1479 | 1566 | 269 | 270 | 1288 | 1253 | 606 | 606 |
| 2 | 2642 | 1331 | 1311 | 161 | 156 | 1092 | 1024 | 477 | 477 |
| 3 | 3035 | 1524 | 1511 | 92 | 81 | 1316 | 1171 | 559 | 559 |
| 4 | 2897 | 1442 | 1455 | 249 | 232 | 1202 | 1155 | 523 | 523 |
| 5 | 2534 | 1257 | 1277 | 124 | 130 | 1057 | 1002 | 486 | 505 |
| 6 | 1914 | 933 | 981 | 79 | 80 | 791 | 800 | 353 | 358 |
| 7 | 3434 | 1712 | 1722 | 117 | 105 | 1460 | 1319 | 607 | 610 |
| 8 | 1874 | 910 | 964 | 267 | 265 | 773 | 788 | 373 | 373 |
| 9 | 2303 | 1174 | 1129 | 111 | 119 | 1020 | 911 | 430 | 430 |
| 10 | 2828 | 1379 | 1449 | 141 | 136 | 1185 | 1130 | 539 | 359 |
| 11 | 3575 | 1848 | 1727 | 267 | 247 | 1537 | 1330 | 669 | 648 |
| ആകെ | 30081 | 14989 | 15092 | 1877 | 1821 | 12721 | 11883 | 5622 | 5664 |

*അവലംബം 1991–ലെ സെൻസസ് റിപ്പോർട്ട്*



# കൃഷി, ജലസേചനം

ചേളന്നൂർ തികച്ചും ഒരു കാർഷികഗ്രാമമാണ്. കുന്നിൻപ്രദേശങ്ങളും താഴ്‌വരകളും നെൽപ്പാടങ്ങളും തട്ടുതട്ടുകളായി തിരിച്ച പറമ്പുകളും പ്രകൃതിദത്തമായ ജലസ്രോതസ്സുകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം.

പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ 1. പുല്ലാപ്രമല, 2. മാലേരി മല, 3. കളരിക്കുന്ന്, 4. കല്ലരിക്കോട് കുന്ന്, 5. പാടകശ്ശേരി കുന്ന് 6. പോഴിക്കാവ് കുന്ന്, 7. തച്ചോറമല, 8. അമ്പായപ്പുറത്ത് കുന്ന്, 9. കണിക്കോട്ട് മല, 10. അരീപ്രം മല, 11 പറയരുകുന്ന്, 12 കാക്കൂർ മല, 13. കപ്പിക്കുന്ന് എന്നീ ക്രമത്തിലാണ്.

പഞ്ചായത്തിന്റെ വടക്കുഭാഗം കാക്കൂർ പഞ്ചായത്തും തെക്ക് കക്കോടി പഞ്ചായത്തും കിഴക്ക് മടവൂർ-നരിക്കുനി പഞ്ചായത്തും പടിഞ്ഞാറ് തലക്കുളത്തൂർ പഞ്ചായത്തുമാണെങ്കിലും തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന അകലാപ്പുഴയും കാച്ചിറപ്പുഴയും തലക്കുളത്തൂർ പഞ്ചായത്തിൽനിന്നും ചേളന്നൂരിനെ വേർതിരിച്ചുനിർത്തുന്നു. ഭൂമിശാസ്ത്രപരമായി ചേളന്നൂർ പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്നതിനാൽ തോടുകളും നീരുറവകളും മിക്കവാറും പടിഞ്ഞാറോട്ടൊഴുകി പുഴകളിൽ ചേരുകയാണ് ചെയ്യുന്നത്.

കൃഷിയും അനുബന്ധമേഖലകളും മുഖ്യജീവിതോപാധിയായിരുന്ന ഈ ഗ്രാമത്തിൽ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, പയറുവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ എന്നിവ വിപുലമായ തോതിൽ കൃഷിചെയ്തിരുന്നു. ആകെയുണ്ടായിരുന്ന കൃഷിഭൂമിയുടെ ഏകദേശം 50% നെൽകൃഷി ചെയ്തിരുന്ന ഈ പ്രദേശം ഹരിതകേരളത്തിന്റെ ഒരു മുതൽക്കൂട്ടായിരുന്നു. 100-150 വർഷങ്ങൾക്കുമുമ്പ് കുന്നിൻപ്രദേശങ്ങളുടെ ചരിവുനിലങ്ങളും ശാസ്ത്രീയമായി തട്ടുതട്ടുകളാക്കി കൃഷിചെയ്യുവാനും മണ്ണൊലിപ്പ് തടയാൻവേണ്ടി മരങ്ങൾ വച്ചുപിടിപ്പിക്കാനും കൃഷിക്കാരൻ അത്യുത്സാഹം ചെയ്തിരുന്നു.

പഞ്ചായത്തിലെ കൃഷിഭൂമിയുടമകൾ പ്രധാനമായും വൻകിടജന്മിമാരായിരുന്നു. പാലൊളി ചാലിയാടത്ത്, താവഴിയിലുള്ള മാക്കാടത്ത്, കാരൻവള്ളി, ചിങ്ങോരം കേളോത്ത്, എടോത്ത് കൈപ്പുറത്ത്, തലശ്ശേരി കേയിമാർ തുടങ്ങിയവരുടെ കൈകളിലായിരുന്നു. അവർ പാട്ടം വാരം ഏർപ്പെടുത്തിക്കൊണ്ട് ചെറുകിട കർഷകരെ കുടിയാന്മാരായി ഭൂമി എല്പിച്ചുകൊടുത്തിരുന്നു. ജന്മിയുടെ കുടിയാന്മാരുടേയും മധ്യവർത്തികളായി എടക്കുടിയാൻമാരും പ്രവർത്തിച്ചിരുന്നു. ജന്മികൾക്ക് കൃത്യസമയത്ത് പാട്ടംകൊടുത്ത് കൃഷിനടത്താൻ വിഷമിച്ചിരുന്ന കർഷകർക്ക് 1957-ലെ കാർഷികബന്ധനിയമം (ഭൂപരിഷ്കരണനിയമം) മൂലം കൃഷിഭൂമി സ്വന്തമാക്കാൻ സാധിച്ചു. 1967-70 കാലഘട്ടത്തിൽ 10 സെന്റ് കുടികിടപ്പവകാശം നിയമപരമായി സിദ്ധിച്ചതോടുകൂടി ഒട്ടനവധിയാളുകൾ ഭൂമിയുടെ ഉടമകളായി മാറുകയായിരുന്നു. ഈ പഞ്ചായത്തിൽ നാമമാത്ര കർഷകർ (ഒരു ഹെക്ടറിൽ താഴെയുള്ളവ) 4,640ഉം ചെറുകിട കർഷകർ (1-2 ഹെക്ടർ) 1,095ഉം വൻകിട കർഷകർ (രണ്ട് ഹെക്ടറിനുമുകളിൽ) 515ഉം ആണ്. മുൻകാലങ്ങളിൽ നെല്ല് മുഖ്യവിളയായിരുന്ന ഈ പഞ്ചായത്തിൽ പുല്ലിൻമൂടകളും വിശാലമായ തൊഴുത്തുകളും കാളപ്പൂട്ടു മത്സരങ്ങളും കാർഷികകുടുംബങ്ങളുടെ മുഖമുദ്രയായിരുന്നു. എന്നാൽ, റോഡുകൾ വന്നതോടുകൂടി റോഡരികുകൾ മണ്ണിട്ടുനികത്തി തെങ്ങിൻതൈകൾ വച്ച് പ്ലോട്ടുകൾ തിരിച്ച് പാർപ്പിടസൗകര്യത്തിന് ഉപയോഗിക്കുവാൻ തുടങ്ങി. ഇതുമൂലം കണ്ണങ്കരയിലും പാലത്തും അമ്പല

ത്തുകുളങ്ങരയിലും ഇരുവള്ളൂരും കണ്ണെത്താദൂര ത്തോളം പരന്നുകിടന്നിരുന്ന നെൽവയലുകൾ നാമാവ ശേഷമായി. മാത്രവുമല്ല നെൽകൃഷി നടത്തുവാൻ കൂലി ച്ചെലവും അധ്വാനവും കൂടുമെന്നതിനാലും താരതമ്യേന ഉല്പാദനച്ചെലവ് കുറഞ്ഞ സ്ഥിരം വിളയായ തെങ്ങ്, കവുങ്ങ് മുതലായവയിലേക്ക് കർഷകന്റെ ശ്രദ്ധ തിരി ഞ്ഞതും നെൽവയലുകളുടെ ശോഷണത്തിന് കാരണ മായി. മുമ്പ് ചില സവിശേഷതകളോടുകൂടിയ നാടൻ വിത്തുകളായ ചിതേറ്റേനി, പട്ടാമ്പി തെക്കന്, തവളക്ക ണ്ണൻ എന്നിവയും വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങ ളിൽ ഓർച്ചിറ്റേനി, വേതാണ്ടം (കുട്ടാടൻ) എന്നിവയും ഉപയോഗിച്ചിരുന്നു. ഇവയിൽ ഓർച്ചിറ്റേനി, വേതാണ്ടം എന്നിവ കന്നുകാലികൾക്ക് പുല്ലിനുവേണ്ടി വ്യാപക മായി കൃഷി ചെയ്തിരുന്നു. പറമ്പുകളിൽ 'കൊഴി ഞ്ഞിൽ' (നെല്ലിന്റെ കരകൃഷി). ചാമ, മുത്താറി, എള്ള്, പയർ, ഉഴുന്ന്, ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ചെയ്തിരുന്നു. കർഷകൻ ജൈവവളം മാത്രമേ ഉപയോ ഗിച്ചിരുന്നുള്ളു. എന്നാൽ 1962- ൽ എൻ.ഇ.എസ്. ബ്ലോക്കുകളുടെ ആവിർഭാവത്തോടെ ഗ്രാമസേവകന്മാ രുടെ സേവനം കർഷകർക്ക് ലഭ്യമായി. തന്മൂലം പുതി യയിനം വിത്തുകളും രാസവളങ്ങളും കർഷകർ ഉപയോ ഗിക്കാൻ തുടങ്ങി. തുടക്കത്തിൽ കർഷകൻ സംശയദൃ ഷ്ടിയോടെ ഇതിനെ കണ്ടെങ്കിലും അത്യുല്പാദനം ഉണ്ടാകാൻ ഇടവന്നത് കർഷകരെ ഇതിൽ ആകൃഷ്ട രാക്കി. കൂടാതെ തെങ്ങിനും നെല്ലിനും രാസവളങ്ങളുടെ പ്രയോഗാർത്ഥം മാതൃകാതോട്ടങ്ങൾ നിലവിൽവന്നു. കൃഷിരീതിയിൽ കാലാനുസൃതമായി മാറ്റം വരികയും ജൈവളത്തിന്റ ഉപയോഗം കുറയുകയും രാസവള ത്തിന്റെ ഉപയോഗം കൂടുകയും ചെയ്തു.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണം 28.83 കി.മീ ആണ്. ഇവ കുന്ന്, താഴ്വര, സമതലം എന്നി ങ്ങനെയായി കാണപ്പെടുന്നു.

## ചേളന്നൂർ പഞ്ചായത്തിലെ മണ്ണിനങ്ങൾ

ചേളന്നൂർ പഞ്ചായത്തിൽ പ്രധാനമായിട്ട് ചെങ്കൽ മണ്ണ് (Latente Soils) എക്കൽമണ്ണ് (Alluvial Soil) ചെമ്മണ്ണ് (Red Loam) എന്നിവയാണ് കാണുന്നത്. മണ്ണ് പര്യവേ ഷണം (Soil Survey) പ്രകാരം, നാലുതരം സീരീസുക ളായി (Soil Series) വർഗീകരണം നടത്തിയിട്ടുണ്ട്. നന്മണ്ട സീരീസ് (Nanminda Series), കുന്ദമംഗലം സീരീസ് (Kunnamanglam Series), കക്കോടി സീരീസ് (Kakkodi Series), ചെലപ്രം സീരീസ് (Chelaprm Series), കളരി ക്കുന്ന് സീരീസ് ( Kalarikunnu Series) എന്നിവയാണ് വർഗ്ഗീകരണം നടത്തിയ സീരീസുകൾ.

താഴ്വരകളിൽ ചരൽ കലർന്ന ചെമ്മണ്ണും, കുന്നിൻ പ്രദേശങ്ങളിൽ കറുപ്പ് കലർന്ന ചെമ്മണ്ണും സമതലങ്ങ ളിൽ മണൽ കലർന്ന ചെമ്മണ്ണും അവിടവിടങ്ങളിലായി അമ്ലത്വം കലർന്ന ചതുപ്പുനിലങ്ങളും ചാലിപ്രദേശങ്ങ ളുമുണ്ട്. പഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ നെല്ലും തെങ്ങുമാണ് മുഖ്യവിളയെ ങ്കിലും കവുങ്ങ് പച്ചക്കറി, വാഴ, ഇഞ്ചി, മഞ്ഞൾ, കശു മാവ്, റബ്ബർ തുടങ്ങി ഒട്ടേറെ വിളകളും കൃഷി ചെയ്യുന്നു. എന്നാലും ഉല്പാദനക്ഷമതയുമായി താരതമ്യപ്പെടുത്തു മ്പോൾ ഇപ്പോഴത്തെ വളവ് തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിലെ വിളകളെ സംബന്ധിച്ച വിവരം പട്ടിക യായി ചേർക്കുന്നു. (പട്ടിക 1)

പട്ടികയിൽ പറഞ്ഞപ്രകാരം ഭൂവിസ്തൃതിക്കൊത്ത വണ്ണം നെല്ലുല്പാദനം നടക്കുന്നില്ല. കനാൽ, ജലസേ ചനസൗകര്യങ്ങളുണ്ടായിരുന്നിട്ടും രണ്ടു പുകിൽ കൃഷി മാത്രമേ കാര്യക്ഷമമായി നടക്കുന്നുള്ളു. മൊത്തം വിസ്തൃതിയുടെ 30% ത്തോളം സ്ഥലത്ത് തെങ്ങുകൃ ഷിയാണെങ്കിലും ഉല്പാദനം വേണ്ടരീതിയിൽ നടക്കു ന്നതിന് ഫലപ്രദമായ രീതികൾ ആവിഷ്കരിക്കേണ്ടിയി രിക്കുന്നു. പഞ്ചായത്തിലെ തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടികയിലുണ്ട്.

പഞ്ചായത്തിൽ ബഡ്റൂട്ട്, സ്റ്റംബ്ലിസിംഗ് എന്നീ മാര കരോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. ഇത് ഫല പ്രദമായി തടയുവാൻ നടപടി സ്വീകരിക്കേണ്ടിയിരി ക്കുന്നു.

## രാസവളം, കീടനാശിനി

പഞ്ചായത്തിൽ സഹകരണമേഖലയിലും സ്വകാര്യ മേഖലയിലും ഓരോ വളം ഡിപ്പോകളാണ് അംഗീകൃത മായിട്ടുള്ളത്. പഞ്ചായത്തിന്റെ വിവിധ അംശങ്ങളിൽ വളം ഡിപ്പോകൾ ലഭ്യമായെങ്കിലേ കർഷകർക്ക് സൗകര്യം ലഭിക്കുകയുള്ളൂ. അശാസ്ത്രീയമായ കീടനാ ശിനി, രാസവളപ്രയോഗങ്ങൾ മണ്ണിന്റെ ഘടനയേയും പരിസ്ഥിതിയേയും സാരമായി ബാധിച്ചിരിക്കുന്നു. ആവശ്യമായ അളവിൽ ലഭ്യമല്ലാത്തതുകാരണം ജൈവ വളങ്ങൾ വിരളമായേ ഉപയോഗിക്കാറുള്ളൂ. മണ്ണുപരിശോ ധനയെക്കുറിച്ചും ശാസ്ത്രീയമായ കീടനാശിനിപ്രയോ ഗത്തെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കേണ്ടിയി രിക്കുന്നു.

## പാടശേഖരസമിതികൾ

ചേളന്നൂർ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷ കരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് - പാടശേഖരസമിതികൾ മാത്രമേ നിലവിൽ വന്നിട്ടുള്ളൂ. അതിൽ പലതും വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ കാർഷികോപകരണങ്ങളുടെ വിവര ങ്ങൾ താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| ട്രില്ലർ | - 2 |
| നാടൻ കലപ്പ | - 35 |

| | | |
|---|---|---|
| റോക്ക് സ്പ്രെയർ | - | 22 |
| നാപ്പ് സ്റ്റോക്ക് സ്പെയർ | - | 14 |
| മെതിയന്ത്രം | - | 1 |
| തങ്ങുകയറ്റയന്ത്രം | - | 2 |
| ഷോർട്ടബിൾ പമ്പുസെറ്റ് | - | 44 |

## കൂലിനിരക്ക്

കാർഷികവൃത്തിക്ക് വേണ്ടത്ര മാന്യത കല്പി ക്കാത്ത സ്ഥിതിമൂലം കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. കൃഷിപ്പണികൾ പഴയ തലമുറയിൽപ്പെട്ട തൊഴിലാളിവര്യന്മാരിൽമാത്രം ഒതുങ്ങി നിൽക്കുകയാണ്. നിലവിലുള്ള വിദ്യാഭ്യാസക്രമത്തിൽ കൃഷിപഠനത്തിന്റെ അപര്യാപ്തതയും കൃഷിയോടുള്ള വൈമുഖ്യവും ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. ആയിരത്തോളം കർഷകത്തൊഴിലാളികളാണ് വിവിധമേഖലകളിലായി പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 95 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണുള്ളത്. നിലവിലൊരു ഏകീകൃതനിരക്കില്ല.

## കാർഷികവായ്പ

ഒരു സഹകരണബാങ്കും കാർഷികവികസനബാങ്കിന്റെ ഒരു ശാഖയും കനറാബാങ്കിന്റെ ഒരു ശാഖയുമാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ചേളന്നൂർ - കക്കോടി സർവീസ് സഹകരണബാങ്കിൽനിന്നും കാർഷികവായ്പകൾ വാങ്ങുന്ന ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും വായ്പകൾ പലപ്പോഴും മറ്റാവശ്യങ്ങൾക്കാണ് ഉപയോഗിക്കാറ് എന്നതാണ് യാഥാർത്ഥ്യം. കാർഷികവികസനബാങ്ക് ജലസേചനാവശ്യത്തിന് വേണ്ടി ഒട്ടനവധി പേർക്ക് വായ്പകൾ നൽകുന്നുണ്ട്.

## ജലസേചനം

പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണ് പഞ്ചായത്തിലെ കൃഷി. എങ്കിലും 1976-ൽ കമ്മീഷൻ ചെയ്ത കുറ്റ്യാടി ജലസേചനപദ്ധതി നടപ്പിൽവന്നതോടുകൂടി കനാൽവെള്ളം ഉപയോഗപ്പെടുത്തിയും പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ കൃഷിചെയ്തുവരുന്നുണ്ട്. മേൽപദ്ധതിപ്രകാരം ജലസേചനസൗകര്യമുണ്ടായപ്പോൾ പഞ്ചായത്തിന്റെ കൃഷിരീതിയിൽ പ്രകടമായ മാറ്റം ഉണ്ടായിട്ടുണ്ട്. കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ കിണറുകളും കുളങ്ങളും ജലസമ്പുഷ്ടമാക്കാനും ജലക്ഷാമമുള്ള വയലുകളിൽ പുഞ്ചകൃഷി നടത്തുന്നതിനും പ്രസ്തുത ജലസേചനപദ്ധതിമൂലം കഴിഞ്ഞിട്ടുണ്ട്.

കക്കോടി ബ്രാഞ്ച് കനാൽ പഞ്ചായത്തിന്റെ നെടുകെയായി 3 കി.മീറ്ററോളം നീളത്തിൽ കടന്നുപോവുന്നു. അതിന്റെ ഫീൽഡ് ബോത്തികളായി താമരശ്ശേരി ഫീൽഡ് ബോത്തി No.1, താമരശ്ശേരി ഫീൽഡ് ബോത്തി No.2, പാലത്ത് ഫീൽഡ് ബോത്തി എന്നിവയിൽകൂടി കൃഷിക്കാർക്ക് വെള്ളം ലഭ്യമാകുന്നുണ്ട്. എന്നാൽ അശാസ്ത്രീയമായ രീതിയിലുള്ള ഫീൽഡ് ബോത്തികളുടെ നിർമ്മാണവും കാലകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതും കാരണം പഞ്ചായത്തിന്റെ ആവശ്യമുള്ള എല്ലാ ഭാഗങ്ങളിലേക്കും വെള്ളം എത്തിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. 1996-ൽ കുറ്റ്യാടി ഇറിഗേഷൻ പദ്ധതി "കാഡ" പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വിഹിതം ഉപയോഗിച്ച് കനാലിന്റെ അറ്റകുറ്റപണികൾ നടത്താനോ കനാൽ സൈഡിൽ വെറുതെ കിടക്കുന്ന സ്ഥലമുപയോഗിച്ച് കൃഷിസ്ഥലങ്ങളിലേക്ക് വിത്തും വളവും, കാർഷിക ഉപകരണങ്ങളും കൊണ്ടുപോകുവാൻ ഫാം റോഡുകൾ ഉണ്ടാക്കിയാൽ കൃഷിക്കാർക്ക് പ്രയോജനകരമായിരിക്കും.

പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുണ്ട്. ഈ സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗിച്ച് കൃഷിക്ക് ഉപയുക്തമാക്കിയാൽ ജലക്ഷാമം പരിഹരിക്കുന്നതിന് ഒരു പരിധിവരെ സഹായകമാവും.

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാണപ്പെടുന്ന 'ചെമ്മാങ്കിരി' എന്ന സസ്യം മലമ്പ്രദേശങ്ങളിലും വെള്ളത്തെ പിടിച്ചു നിർത്താൻ കഴിവുള്ളതായി അറിയുന്നു. ഇത്തരം സസ്യങ്ങളെ സംരക്ഷിക്കുന്നത് പ്രകൃതിയിലെ ജലസ്രോതസ്സുകളെ നിലനിർത്തുന്നതിന് സഹായകമാവും.

6,7, വാർഡുകളിലെ അരീക്കര നീർച്ചാൽ, അരീൽ എന്ന പേരിൽ 12-ാം വാർഡിലുള്ള നീർച്ചാൽ കട്ടിലേരി വെള്ളച്ചാട്ടം എന്നിവ നീർതട പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

## തോടുകൾ കുളങ്ങൾ

പഞ്ചായത്തിൽ നിരവധി തോടുകൾ ഉണ്ടെങ്കിലും അവ ജലസേചന യോഗ്യമാക്കേണ്ടതായിട്ടുണ്ട്. 156 കുളങ്ങളും ചെറുതും വലുതുമായി 15 കി.മീറ്ററോളം നീളത്തിൽ തോടുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ട്. എങ്കിലും കൃഷിക്കുപകരിക്കുന്നത് കുറഞ്ഞ ശതമാനം മാത്രം.

ഇരുവള്ളൂരിൽ നിന്നും പൂച്ചോളി പാലത്തിനടുത്തേക്ക് ചേരുന്ന തോട് വീതികൂട്ടുകയും ഉയരം കൂട്ടി കെട്ടുകയും ചെയ്യേണ്ടതായിട്ടുണ്ട്. പാലത്ത് തെക്കേടത്ത് താഴം തോട് പുതുക്കി പണിയേതണ്ടതാണ്. മണ്ണൂർ ചാലിയിൽ കെട്ടിനിൽക്കുന്ന വെള്ളം പുളിബസാറിലൂടെ കടന്നു പോവുന്ന പ്രധാന തോടിലേക്ക് തിരിച്ചുവിടേണ്ടതാണ്. അമ്പലത്തുകുളങ്ങര മുതൽ കുമാരസ്വാമി വരെ റോഡിന് പടിഞ്ഞാറു വശത്തായി ചാലി പ്രദേശത്ത് കെട്ടിനിൽക്കുന്ന വെള്ളം കുമാരസ്വാമി ചീപ്പിലേക്ക് ഒരു തോടുവഴി തിരിച്ചുവിടാവുന്നതാണ്. ഈ

ചീപ്പിനോടു ചേർന്ന് കളംകൊള്ളിത്താഴം ഭാഗത്തേക്ക് തോടു നിർമ്മിച്ചാൽ കൃഷിഭൂമി ജലസേചനയോഗ്യമാക്കാം. കാക്കുർ പാലം മുതൽ പാവോൽ ചീപ്പുവരെയുള്ള പ്രധാന തോടും കുപ്പരത്താഴം മുതൽ വേടിയേരി താഴം –പൊറോത്തു താഴം വരെയുള്ള തോടും സൈഡുകെട്ടി സംരക്ഷിക്കേണ്ടതും ആവശ്യമായ സ്ഥലങ്ങളിൽ ചീപ്പിടേണ്ടതുമാണ്.

പഞ്ചായത്തിലുള്ള വലുതും ചെറുതുമായ കുളങ്ങൾ കാർഷികാവശ്യങ്ങൾക്ക് ഉപയുക്തമായ രീതിയിൽ സംരക്ഷിക്കേണ്ടതാണ്.

## മണ്ണ് ജല സംരക്ഷണം.

മുൻകാലങ്ങളിൽ മണ്ണ് ജലസംരക്ഷണം പ്രവർത്തനങ്ങൾക്കായി മരങ്ങൾ വെച്ചു പിടിപ്പിക്കുകയും, തിണ്ടുകൾ നിർമ്മിക്കുകയും ചെയ്തിരുന്നു. ഇന്ന് ആ രീതിക്ക് മാറ്റം വന്നിരിക്കുന്നു. അശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നത് കാരണം ഫലഭൂയിഷ്ഠമായ മേൽ മണ്ണ് ഒലിച്ചു പോവുന്നതിനാൽ മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സർപ്പകാവുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന കോട്ടകൾ പരിസ്ഥിതിയിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലും വലിയ പങ്ക് വഹിക്കുന്നു. ഇത് നിലനിർത്താൻ കഴിയാത്തത് ജലക്ഷാമത്തിനും മണ്ണൊലിപ്പിനും കാരണമാകുന്നു.

## നഴ്സറികൾ

പഞ്ചായത്തിൽ വേണ്ടത്ര നഴ്സറികൾ ഇല്ല. ഒരു നഴ്സറി മാത്രമാണുള്ളത്. യുവാക്കളെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിനും താല്പര്യംജനിപ്പിക്കുന്നതിനും ആധുനികരീതിയിലുള്ള നഴ്സറികൾ സ്ഥാപിക്കേണ്ടതാണ്.

## കൃഷിഭവൻ

ചേളന്നൂർ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ഏലം ഓഫീസ് 9-ാം വാർഡിൽ ശ്രീ രാരം മഠത്തിൽ ദാമോദരൻ എന്നവർ സംഭാവന ചെയ്ത 5 സെന്റ് ഭൂമിയിൽ ഗവൺമെന്റ് കെട്ടിടത്തിൽ 1987 സെപ്തംബർ 1 ന് കൃഷിഭവനായി നിലവിൽ വന്നു. ഒരു കൃഷി ഓഫീസറുടേയും മൂന്നു കൃഷി അസിസ്റ്റന്റുമാരുടേയുംനേതൃത്വത്തിലുള്ള കൃഷിഭവൻ കൂടുതൽ ജീവനക്കാരും ആധുനിക സൗകര്യങ്ങളും ഉൾപ്പെടുത്തി കർഷകർക്ക് ഉപയോഗപ്രദമായ രീതിയിൽ വിപുലീകരിക്കേണ്ടിരിക്കേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

ചില പ്രദേശങ്ങളിൽ മണ്ണിന് ഫലഭൂയിഷ്ഠി കുറവാണ്. മണ്ണിന്റെ അമ്ലഗുണം ചിലയിടങ്ങളിൽ കാർഷിക വിളകൾക്ക് ഒരു പ്രശ്നമാണ്. കൃത്യമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ജൈവരാസവളങ്ങളുടെ അനുപാതം നിലനിർത്തിയുള്ള ശാസ്ത്രീയ വളപ്രയോഗത്തിന്റെ അഭാവം പലപ്പോഴും മണ്ണിന്റെ ഘടനയെ പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്തിലെ 12 വാർഡുകളിലായി പലസ്ഥലങ്ങളിലും നെൽപാടങ്ങളും പറമ്പുകളും തരിശിട്ടിരിക്കുന്നു. കൂടാതെ കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ പാർശ്വങ്ങളും വൈദ്യുത ലൈനിന്റെ ചുവട്ടിലും കൃഷിയോഗ്യമായ സ്ഥലം തരിശായി കിടക്കുന്നു.

അശാസ്ത്രീയമായ മണ്ണെടുക്കൽ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം എന്നിവ ഫലപുഷ്ടമായ മേൽ മണ്ണിന്റെ നഷ്ടത്തിനും മലയിടിച്ചിലിനും കാരണമാവുന്നു.

കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാലുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതും കർഷകരുടെ ആവശ്യമനുസരിച്ച് സമയബന്ധിതമായി വെള്ളം ലഭ്യമാക്കാത്തതും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള ജലസ്രോതസ്സുകൾ (തോടുകൾ, പൊതുകിണറുകൾ, കുളങ്ങൾ, നീർച്ചാലുകൾ എന്നിവ) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതും ജലലഭ്യതയെ പരിമിതപ്പെടുത്തുന്നു.

നെൽവയലുകൾ അശാസ്ത്രീയമായ രീതിയിൽ കെട്ടിടനിർമ്മാണത്തിനായും മറ്റു വിളകൾക്കായും നികത്തുന്നത് നെൽകൃഷിയെ സാരമായി ബാധിക്കുന്നു.

കീടനാശിനികളുടെ അശാസ്ത്രീയമായ ഉപയോഗം ഒരുവിധത്തിൽ കീടബാധയെ പ്രോത്സാഹിപ്പിച്ചതായി കാണുന്നു. ഉല്പാദനക്ഷമത കുറഞ്ഞതും രോഗബാധിതവുമായ സ്ഥിരവിളകൾ കർഷകന്റെ ആദായം കുറയ്ക്കുന്നു.

കൃഷിക്കാർക്കാവശ്യമായ വിളകളുടെ ഗുണമേന്മയുള്ള വിത്തുകളും നടീൽവസ്തുക്കളും ലഭ്യമല്ല.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നീർക്കെട്ട് കൃഷിനാശത്തിന് കാരണമാകുന്നു.

കർഷകന്റെ ആവശ്യാനുസരണം ജൈവവളത്തിന്റെ ലഭ്യത പരിമിതമായതിനാൽ മിക്ക കർഷകരും ജൈവവളത്തിനായി ടൗൺ കമ്പോസ്റ്റിനെ ആശ്രയിക്കുന്നു. ഉപയോഗിക്കുന്ന ജൈവവളത്തിന്റെ ഗുണനിലവാരക്കുറവും ഇത് സൃഷ്ടിക്കുന്ന പരിസരമലിനീകരണവും ഒരു പ്രശ്നമായി തുടരുന്നു.

പ്രവൃത്തിപരിചയമുള്ള കർഷകത്തൊഴിലാളികളുടെ സമയാസമയങ്ങളിലുള്ള ലഭ്യത കർഷകന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കാർഷികവളങ്ങൾക്ക് ന്യായമായ വില കർഷകന് ലഭിക്കുന്നില്ല. വിപണനത്തിലുള്ള ഇടത്തട്ടുകാർ ഇത് കാരണമാകുന്നു.

കൃഷിഭവൻ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാലും ജീവനക്കാരുടെ കുറവും കാരണം വിശാലമായ ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും കൃഷിഭവന്റെ പ്രയോ

ജനം ലഭ്യമാകുന്നില്ല. കാർഷികവായ്പ ലഭിക്കുന്നതിന് കുറഞ്ഞ ഭൂപരിധി 50 സെന്റായി നിശ്ചയിച്ചത് പഞ്ചായത്തിലെ ഭൂരിഭാഗം കർഷകർക്കും വായ്പാസൗകര്യം ലഭിക്കുന്നതിന് തടസ്സമാകുന്നു.

കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ ഇല്ലാത്തത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

## നിർദേശങ്ങൾ

കൃത്യമായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ജൈവരാസവളങ്ങളുടെ ഉപയോഗം ക്രമീകരിക്കേണ്ടതാണ്.

തരിശായി കിടക്കുന്ന ഭൂമികളിൽ പ്രദേശത്തിന് ചേരുന്ന വിധത്തിൽ കാർഷികവിളകൾ തെരഞ്ഞെടുത്ത് കൃഷി ചെയ്യേണ്ടതാണ്.

അശാസ്ത്രീയമായ മണ്ണെടുക്കൽ നിയമംമൂലം തടയുന്നതിനും മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുക.

കീടനാശിനികളുടെയും ജൈവരാസവളങ്ങളുടേയും വിതരണത്തിന് കൃഷിഭവൻ മുഖേന സർക്കാർ അംഗീകൃത ഏജൻസികൾക്ക് സഹായം നൽകുക.

നഴ്സറികൾ തുടങ്ങുന്നതിനും അതുവഴി ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുന്നതിനും സാമ്പത്തികസഹായം നൽകേണ്ടതാണ്.

കർഷകരേയും കർഷകത്തൊഴിലാളികളേയും ഉൾപ്പെടുത്തി സഹകരണസംഘങ്ങൾ രൂപീകരിക്കുകയും അതുവഴി കർഷകർക്ക് യഥാക്രമം തൊഴിലാളി ലഭ്യത ഉറപ്പുവരുത്താനും തൊഴിൽദിനങ്ങൾ ഉറപ്പുവരുത്താനും കഴിയും.

പഞ്ചായത്തിന്റെ ചെലവിൽ ഒരു പൊതുവിപണന സ്റ്റാൾ നിർമ്മിക്കുകയാണെങ്കിൽ കാർഷികോല്പന്നങ്ങൾക്ക് മാർക്കറ്റുണ്ടാവുകയും യഥാർത്ഥവില കർഷകന് ലഭിക്കുകയും ചെയ്യും.

പഞ്ചായത്തിന്റെ വിവിധസേവനതുറകളിൽപ്പെട്ട കാര്യാലയങ്ങൾ എല്ലാം ഒരു കേന്ദ്രീകൃതസ്ഥാനപത്തിന് കീഴിൽ ഉൾക്കൊള്ളിച്ച് ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുക.

കൃഷിഭൂമിയുടെ പരിധി നോക്കാതെ എല്ലാ കർഷകർക്കും വായ്പ ലഭ്യമാക്കുവാൻ സംവിധാനമുണ്ടാക്കണം.

മിനിഭക്ഷ്യസംസ്കരണയൂണിറ്റുകൾ പഞ്ചായത്ത്തലത്തിൽ സ്ഥാപിക്കുകയാണെങ്കിൽ പാഴായി പോകുന്ന പഴവർഗ്ഗങ്ങളും മറ്റും ശേഖരിച്ച് ഭക്ഷ്യയോഗ്യമാക്കി മാറ്റാവുന്നതാണ്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള തോടുകളും കുളങ്ങളും കനാലുകളും ജലസേചനയോഗ്യമാക്കി മാറ്റുകയും കൃഷിക്കുപയുക്തമാക്കുകയും ചെയ്യുക.

നീർച്ചാലുകൾ സംരക്ഷിക്കുന്നതിന് നീർത്തട പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണുക.

കമ്മ്യൂണിറ്റി ഇറിഗേഷന് സാധ്യതകളുള്ള സ്ഥലങ്ങളിൽ പ്രസ്തുതപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

*നടപ്പുപദ്ധതികളുടെ അവലോകനത്തിന്റെ അടിസ്ഥാനത്തിലുള്ള നിർദേശങ്ങൾ.*

**സമഗ്രനാളികേരവികസനപദ്ധതി**

1. വായ്പ ആവശ്യമുള്ളവർക്ക് മാത്രം നല്കുക

2. പമ്പുസെറ്റ് വായ്പ ലഭിക്കുന്നതിന് 50 സെന്റ് ഭൂമി എന്നത് 25 സെന്റ് ആയി കുറയ്ക്കുക. പമ്പ്സെറ്റ് തെരഞ്ഞെടുക്കാനുള്ള അവകാശം കർഷകന് നൽകുക.

3. കൊപ്ര ഉണക്കുന്നതിനുള്ള ഉപകരണം കേരവികസനസമിതിയിൽ അംഗങ്ങളായി കർഷകർക്ക് (വ്യക്തികൾക്ക്) നൽകുക.

4. കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ ചെലവ് ലിമിറ്റ് ചെയ്യാതെ മൊത്തം ചെലവിന്റെ 85% സർക്കാർ ധനസഹായം നൽകുക. പ്രാദേശികനിരക്കുവെച്ച് എസ്റ്റിമേറ്റ് തയാക്കാൻ അവസരം നൽകുക.

രോഗം ബാധിച്ച തെങ്ങിൻതൈകൾ വെട്ടിമാറ്റി നല്ലയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിന് കർഷകന് ധനസഹായം നൽകുക.

## നെൽകൃഷി

ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നെൽകൃഷി ചെയ്യുന്നതിനായി കൃഷിക്കാർക്ക് താഴെ പറയുന്ന സഹായങ്ങൾ അനുവദിക്കേണ്ടതാണ്.

പാടശേഖരത്തിനനുയോജ്യമായ വിത്ത് യഥാസമയം സൗജന്യമായി വിതരണം ചെയ്യുക.

ജൈവവളപ്രയോഗത്തിന് മുൻഗണന നൽകുകയും അതിന് ചെലവാകുന്ന സംഖ്യയുടെ പകുതി കൃഷിക്കാരും ഗവൺമെന്റ് സഹായവും നൽകുക.

മണ്ണിന്റെ അമ്ലത്വം കുറച്ച് വിളവ് വർദ്ധിപ്പിക്കുന്നതിനായി വിളയുടെ 75% സഹായം അനുവദിച്ചുകൊണ്ട് കുമ്മായം വിതരണം ചെയ്യുക.

തൊഴിലില്ലാത്ത യുവകർഷകത്തൊഴിലാളികളെ നെൽകൃഷിപ്പണിയിലേക്ക് ആകർഷിക്കുന്നതിനായി പരിശീലനം ഏർപ്പെടുത്തുക. കർഷകത്തൊഴിലാളികൾക്ക് സൗജന്യ ഇൻഷൂറൻസ് ഏർപ്പെടുത്തുക.

ഓരോ പാടശേഖരത്തിനും നെല്ല് കൊയ്തിടുന്നതിനും മെതിക്കുന്നതിനും മെതിക്കളം ഗവൺമെന്റ് ചെലവിൽ നിർമ്മിക്കുക.

ജലസേചനത്തിനായി നിലവിലുള്ള തോടുകളും കിണറുകളും കുളങ്ങളും നന്നാക്കുകയും ആവശ്യമുള്ള പുതിയവ നിർമ്മിക്കുന്നതിന് സഹായം നൽകുക.

പമ്പുസെറ്റ് വാങ്ങി സ്ഥാപിക്കുന്നതിന് ചെലവിന്റെ പകുതി സഹായം നൽകുക. വൈദ്യുതി കണക്ഷനും വൈദ്യുതി ചാർജും സൗജന്യമാക്കുക.

നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ പണിയുന്നതും മറ്റു ദീർഘകാലവിളകൾ കൃഷിചെയ്യുന്നതും കർശനനിയമംമൂലം തടയുക.

തരിശായിടുന്ന നെൽകൃഷിസ്ഥലം ഗവൺമെന്റ് ഏറ്റെടുത്ത് നെൽകൃഷിചെയ്യാൻ തയ്യാറുള്ള കൃഷിക്കാർക്ക് മിതമായ പാട്ടത്തിന് നൽകുക.

സംയോജിത കീടരോഗനിയന്ത്രണമാർഗങ്ങൾ നടപ്പാക്കുക. കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന നെല്ല് സഹകരണസംഘങ്ങൾ മുഖേന പ്രാദേശികവിലയ്ക്ക് സംഭരിച്ച് അരിയാക്കി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

പ്രൊഡക്ഷൻ ഇൻസെന്റീവ് അത്യുല്പാദനശേഷിയുള്ള നെൽവിത്തിനം കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ഹെക്ടറിന് ആയിരം രൂപയായി വർദ്ധിപ്പിക്കുക.

കൃഷിയിറക്കുന്നതിന് കർഷകർക്ക് ഹ്രസ്വകാല വായ്പ കുറഞ്ഞ പലിശയ്ക്ക് കൃഷിഭവൻ മുഖേന വിതരണം ചെയ്യുക. പവ്വർ ട്രില്ലർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം എന്നിവ യഥാർത്ഥവിലയുടെ 85% സബ്സിഡിയനുവദിച്ചുകൊണ്ട് കർഷകസമിതികൾക്ക് നൽകുക.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം രാസവളപ്രയോഗം നടത്തുകയും ആയതിന്റെ ചിലവിന്റെ പകുതി സഹായമായനുവദിക്കുകയും ചെയ്യുക.

ഉഴവുകാളകളെ വാങ്ങുവാൻ കർഷകതൊഴിലാളിയ്ക്ക് ധനസഹായം നല്കുക.

കരഭൂമിയിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുക.

**ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേകതൊഴിൽദനപദ്ധതി : നിർദ്ദേശങ്ങൾ**

പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ യുവതീയുവാക്കൾക്കും കൃഷിയും അനുബന്ധപ്രവർത്തനങ്ങളും (പശുവളർത്തൽ, കോഴിവളർത്തൽ, കൊപ്രസംഭരണം, ആടുവളർത്തൽ തുടങ്ങിയവ) ഏറ്റെടുത്ത് നടത്തുന്നതിന് സഹായം നൽകുക.

കൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട്, പ്രാദേശികാടിസ്ഥാനത്തിൽ മാത്രം പദ്ധതികൾ തയാറാക്കി നടപ്പിലാക്കുന്നതിനായി യഥാർത്ഥചെലവിന്റെ പകുതി ധനസഹായം നൽകുക.

പ്രകൃതിക്ഷോഭദുരിതാശ്വാസത്തിന് മുഴുവൻ കൃഷിവായ്പ, വിള ഇൻഷൂറൻസ് ഏർപ്പെടുത്തി ഇൻഷൂർ ചെയ്ത കൃഷിക്ക് മാത്രം ധനസഹായം അനുവദിക്കുക. ധനസഹായം കൃഷിയിൽനിന്നും ലഭിക്കുന്ന വിളവിന്റെ വിലയുടെ തുല്യമായി കാലാകാലങ്ങളിൽ നിർണയിക്കുക.

## ഊർജിതസുഗന്ധവിളവികസനപദ്ധതി

പ്രദർശനതോട്ടങ്ങൾക്ക് യഥാർത്ഥചെലവുകൾ സഹായമായി അനുവദിക്കുക.

കൃഷിവ്യാപനപദ്ധതികൾക്കും സസ്യസംരക്ഷണ ഉപകരണങ്ങൾക്കും പരിധിയില്ലാത്ത ചെലവിന്റെ പകുതി സഹായം അനുവദിക്കുക. രോഗനിയന്ത്രണത്തിനായി ആവശ്യമുള്ള കർഷകർക്കുമാത്രം സസ്യസംരക്ഷണമരുന്നുകൾ നല്കുക.

ഓരോ വാർഡിലും പ്രദർശനതോട്ടങ്ങൾ നിർമ്മിക്കുകയും വിവിധ നടീൽ വസ്തുക്കൾ പ്രാദേശികാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി സഹായം നൽകുക.

നടീൽ വസ്തുക്കൾ ആവശ്യമുള്ളവ മാത്രം പഞ്ചായത്തടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിന് സഹായം നൽകുക. വിത്തുതേങ്ങയും നടീൽ വസ്തുക്കളും മറ്റും ഗുണമേന്മയുള്ളവ അതാത് പഞ്ചായത്തിൽനിന്നുതന്നെ ശേഖരിക്കുക. ഗുണമേന്മയുള്ള പച്ചക്കറിവിത്തുകൾ സൗജന്യമായി വിതരണം ചെയ്യുക.

## ഹരിജൻ കർഷകർക്കുള്ള പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന ഹരിജൻ കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് സഹായം നൽകുക.

സ്ഥലമില്ലാത്ത കർഷകരെ സ്ഥലം വാങ്ങുന്നതിനും പാട്ടത്തിനായി സ്ഥലമെടുത്ത് കൃഷിചെയ്യുന്നതിനും വീടില്ലാത്ത കർഷകർക്ക് വീട് വെക്കുന്നതിനും കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സഹായം നൽകുക.

ഹരിജൻ കർഷകരെ അഞ്ചോ പത്തോ പേർ ഉള്ള ഗ്രൂപ്പാക്കി തെരഞ്ഞെടുത്ത് നേന്ത്രവാഴകൃഷി, പച്ചക്കറികൃഷി, നെൽകൃഷി, കപ്പകൃഷി എന്നീ ഹ്രസ്വകാലവിളകൾ കൃഷിചെയ്യുന്നതിന് സഹായം നൽകുക.

ഹരിജൻ കർഷകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു ജീവിതവരുമാനമാർഗമായി പോർട്ടബിൾ പമ്പുസെറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും അതുപയോഗിച്ച് സൗകര്യമുള്ള മറ്റു കൃഷിക്കാർക്ക് വാടകയ്ക്ക് നനച്ചുകൊടുക്കുകയും ചെയ്യുക.

ഉഴവുകാളകളെ വാങ്ങുന്നതിന് സഹായം നൽകുക.

## മണ്ണുപരിശോധന

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽമാത്രം രാസവളപ്രയോഗം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം നൽകുക.

## കണികജലസേചനം

കണികജലസേചനപദ്ധതിയിൽ കിണർ, പമ്പ്സെറ്റ് എന്നിവയും ഉൾപ്പെടുത്തുകയും അവയുടെ ചെലവിന്റെയും ഡ്രിപ്പ് സിസ്റ്റത്തിന്റെയും 90% ഗവൺമെന്റ് സഹായമായി അനുവദിക്കുക. കാർഷികവികസനപദ്ധതികളിൽ പൊതുജനപങ്കാളിത്തം ഉണ്ടാക്കാൻ വിളമത്സരപദ്ധതി തുടങ്ങേണ്ടതാണ്. കർഷകർക്കെന്നപോലെ മികച്ച കർഷകത്തൊഴിലാളിക്കും പഞ്ചായത്തടിസ്ഥാനത്തിൽ വർഷംതൊറും അവാർഡ് നൽകേണ്ടതാണ്. അവാർഡ്സംഖ്യ 1,000 രൂപയാക്കി വർദ്ധിപ്പിക്കേണ്ടതാണ്.

## ജൈവവളവികസനപദ്ധതി

കമ്പോസ്റ്റ് ഉല്പാദിപ്പിക്കുന്നതിനുവേണ്ടി കർഷകന് കൊടുക്കുന്ന സഹായം 250 രൂപയാക്കി ഉയർത്തുക.

വ്യാവസായികാടിസ്ഥാനത്തിൽ കമ്പോസ്റ്റ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് ജൈവവസ്തുക്കൾ നിറയ്ക്കുന്നതിനുള്ള ചെലവിലേക്കായി പരമാവധി 2,500 രൂപ ധനസഹായം നൽകുക.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പൊതുകമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച് അങ്ങാടിയിലെ മാലിന്യങ്ങൾ നിക്ഷേപിച്ച് കമ്പോസ്റ്റുല്പാദിപ്പിച്ച് കൃഷിക്കാർക്ക് ലേലം ചെയ്ത് കൊടുക്കുക. ഇതിനാവശ്യമായ തൊഴിലാളികൾക്ക് ധനസഹായം നൽകുക.

## പച്ചക്കറിവികസനപദ്ധതികൾ

പച്ചക്കറികൃഷിയിടുന്നതിന് പത്തുസെന്റ് സ്ഥലത്തേക്ക് കൊടുക്കുന്ന ആനുകൂല്യം പരിമിതപ്പെടുത്താതെ കൂടുതൽപേർക്ക് നൽകുക.

ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ ഒരു പ്രദേശത്ത് ഒന്നിച്ച് കൃഷിയിറക്കാനുള്ള പരിശീലനവും സഹായങ്ങളും നൽകുക.

പച്ചക്കറി കൃഷിയിൽ സ്ത്രീകളുടെ പങ്കാളിത്തം വ്യാപിപ്പിക്കുന്നതിന് മഹിളാസംഘടനകൾ, സന്നദ്ധസംഘടനകൾ എന്നിവയിലൂടെ ഗ്രൂപ്പ് രൂപീകരിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യുക.

മുഴുവൻ വിദ്യാലയങ്ങളിലും പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് സഹായങ്ങൾ നൽകുക.

വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ കൃഷികൂടി ഉൾപ്പെടുത്തുക

## വെറ്റിലകൃഷി

കമുകിൻതോട്ടങ്ങളിലും മറ്റും ഇടവിളയായും മറ്റു സ്ഥലങ്ങളിൽ തനിവിളയായും വെറ്റിലകൃഷി ചെയ്യുന്നതിന് ചെലവിന്റെ പകുതി സഹായം അനുവദിക്കുക.

## മണ്ണൊലിപ്പ് നിയന്ത്രണപദ്ധതി

കുന്നിൻചെരിവുകളിലും മറ്റും മഴവെള്ളം മൂലമുണ്ടാകുന്ന മണ്ണൊലിപ്പ് തടയുന്നതിന് മഴവെള്ളത്തെ തടഞ്ഞുനിർത്തുന്നതിന് മലഞ്ചെരിവുകളിൽ കൈയാല(വരമ്പുകൾ) നിർമ്മിക്കുന്നതിനും, കുഴികൾ നിർമ്മിക്കുന്നതിനും പ്രാദേശികഎസ്റ്റിമേറ്റിന്റെ 75% ധനസഹായം അനുവദിക്കുക.

## പൊതുവിപണി

കർഷകരുടെ ഉല്പന്നങ്ങൾ വാങ്ങുന്നതിനും വില്ക്കുന്നതിനുമായി പഞ്ചായത്ത്തലത്തിൽ ഒരു പൊതുവിപണി (ആഴ്ചച്ചന്ത)ക്കായി സ്ഥലം കണ്ടെത്തലും കെട്ടിടനിർമ്മാണവും പഞ്ചായത്തിന്റെ ഉത്തരവാദത്തത്തിൽ നടത്തുക.

## അഗ്രോ സർവീസ് സെന്റർ

കർഷകർക്കാവശ്യമായ എല്ലാ വിധ കാർഷിയന്ത്രങ്ങളും ഉപകരണങ്ങളും വാടകയ്ക്ക് ലഭ്യമാക്കുന്ന തരത്തിലൊരു അഗ്രോ സർവീസ് സെന്റർ പഞ്ചായത്ത് ചെലവിൽ നിർമ്മിക്കുക. അതിനോടനുബന്ധിച്ച് ജൈവകീടനാശിനികളുടെ നിർമ്മാണവിപണനയൂണിറ്റുകൾ സ്ഥാപിക്കുക.

## പയറുകൃഷിവികസനപദ്ധതി

മൂന്നാംകിട നെൽകൃഷി ഇറക്കാൻ പറ്റാത്ത മുഴുവൻ പാടശേഖരങ്ങളിലും പയറുകൃഷി ചെയ്യുന്നതിനാവശ്യമായ വിത്തും രാസവളവും സൗജന്യമായി നൽകുക.

## കിഴങ്ങുവർഗവികസനപദ്ധതി

പ്രാദേശികപ്രാമുഖ്യമുള്ള എല്ലാ വിധ കിഴങ്ങുവർഗകിറ്റുകളും കർഷകരുടെ ആവശ്യാനുസരണം ഈ പ്രദേശത്തിനിന്നുതന്നെ സംഭരിച്ച് വിതരണം നടത്തുക

## കമുകുകൃഷിവികസനപദ്ധതി

അത്യുല്പാദനശേഷിയുള്ള കമുകിൻതൈകൾ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുകയും മഹാളിക്കെതിരെയുള്ള സംയോജിതസസ്യസംരക്ഷണമാർഗങ്ങൾക്ക് ചെലവിന്റെ 75% സഹായമായി അനുവദിക്കുകയും ചെയ്യുക.

## ഫാം മെക്കനൈസേഷൻ

ഈ പദ്ധതിപ്രകാരം ട്രാക്ടർ (ട്രെയ്‌ലറോടുകൂടി), പവർട്രില്ലർ, മെതിയന്ത്രം, കാറ്റുയന്ത്രം എന്നിവ യഥാർത്ഥവിലയുടെ 50% സബ്സിഡിനിരക്കിൽ ഇതിൽ താല്പര്യമുള്ള കർഷകർക്കും കർഷകത്തൊഴിലാളികൾക്കും അനുവദിക്കുക.

കാർഷികയന്ത്രങ്ങൾ കർഷകന് താല്പര്യമുള്ള കമ്പനിയുടേത് തെരഞ്ഞെടുക്കാനും പ്രസ്തുത ഉപകരണങ്ങൾക്ക് നിലവിലുള്ള റോഡ്ടാക്സ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

പ്രത്യേകഘടകപദ്ധതിയിൽ ഒറ്റക്കും സമൂഹമായും നേന്ത്രവാഴകൃഷിയും പച്ചക്കറികൃഷിയും നടത്തുന്നതിനുള്ള പദ്ധതി ഹരിജനകർഷകർക്കുമാത്രം പരിമിതപ്പെടുത്താതെ താല്പര്യമുള്ള എല്ലാ കർഷകർക്കും സഹായധനം അനുവദിക്കുക.

## ബയോഗ്യാസ് പ്ലാന്റ്

ബയോഗ്യാസ് പ്ലാന്റിന് യഥാർത്ഥചെലവിന്റെ 75% ധനസഹായമായി അനുവദിക്കുക.

പ്ലാന്റ് നിർമ്മിക്കുന്നതിന് വിദഗ്ധരായ തൊഴിലാളികളെ പഞ്ചായത്തിൽനിന്നും തെരഞ്ഞെടുത്ത് പരിശീലനം നൽകുക.

## കശുമാവ് കൃഷി വികസനപദ്ധതി

അത്യുല്പാദനശേഷിയുള്ള കശുമാവിന്റെ ഒട്ടിച്ച തൈകൾ സാധ്യതയുള്ള സ്ഥലങ്ങളിൽ കൃഷിചെയ്യാൻ വിതരണം ചെയ്യുക. വളപ്രയോഗത്തിനും സസ്യസംരക്ഷണത്തിനുമായി പുതുതായി നട്ട തൈകൾക്ക് അഞ്ചു വർഷത്തേക്ക് സഹായം നൽകുകയും വിളവുതരുന്ന മരങ്ങൾക്ക് വളപ്രയോഗത്തിന്റെ വിലയിൽ പകുതി സഹായമായി അനുവദിക്കുക.

തേയിലക്കൊതുകു നിയന്ത്രിക്കുന്നതിന് യഥാസമയം കൃഷിക്കാർക്ക് സസ്യസംരക്ഷണമരുന്ന് തളിക്കുന്നതിന് സഹായം നൽകുക.

## പഴവർഗ്ഗകൃഷിവികസനപദ്ധതി

മാതൃകാത്തോട്ടങ്ങളായി കൃഷിചെയ്യുന്നതിനായി തൈകളും സഹായങ്ങളും നൽകേണ്ടതാണ്.

ഒട്ടിച്ചതും മേന്മയുള്ളതുമായ തൈകൾ പഞ്ചായത്തടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി താല്പര്യമുള്ള കൃഷിക്കാർക്ക് പരിശീലനവും സഹായവും നൽകേണ്ടതാണ്.

നിലവിലുള്ള മാവുകൾക്ക് പുഷ്പിക്കുന്ന സമയത്ത് സംയോജിതസസ്യപ്രവർത്തനം നടത്തുന്നതിനായി കീടനാശിനി തളിക്കുന്നതിനുള്ള ചെലവ് എന്നിവയിൽ പകുതി സഹായം അനുവദിക്കേണ്ടതാണ്.

പഴവർഗങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സംസ്കരിച്ച് വിതരണം ചെയ്യുന്നതിനായി താല്പര്യമുള്ള കൃഷിക്കാർക്ക് പരിശീലനവും ആവശ്യമുള്ള സഹായങ്ങളും നൽകേണ്ടതാണ്.

തെങ്ങിൻതോട്ടങ്ങളിലും മറ്റും ഇടവിളയായി നേന്ത്രവാഴ, പൂവൻവാഴ, റോബസ്റ്റ, മൈസൂർപൂവൻ എന്നിവയുടെ ഗുണമേന്മയുള്ള കന്നുകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുകയും അവ കൃഷി ചെയ്യുന്നതിന് സബ്സിഡി അനുവദിക്കുകയും ചെയ്യുക.

## കൃഷിയിലെ നവീനമേഖലകൾ

**കൈതച്ചക്കകൃഷി:** കൃഷിചെയ്യാൻ സൗകര്യമുള്ള സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കൈതച്ചക്കയിനങ്ങൾ കൃഷിചെയ്യാനും കൈതച്ചക്ക ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ (ജാം, സ്ക്വാഷ്) നിർമ്മിക്കുന്നതിനും സംസ്കരണശാലകൾ സ്ഥാപിക്കുന്നതിനും കൃഷിക്കാർക്ക് പരിശീലനവും സഹായവും നൽകുക.

**കൂൺകൃഷി:** കൂൺകൃഷി ചെയ്യുന്നതിനും കർഷകർക്ക് പരിശീലനം നൽകുകയും പഞ്ചായത്തിലെ എല്ലാ വീടുകളിലും കൂൺകൃഷി ചെയ്യുന്നതിന് കൂൺവിത്ത് സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.

വാണിജ്യാടിസ്ഥാനത്തിൽ കൂൺകൃഷി ചെയ്യുന്നതിനും വിപണനം നടത്തുന്നതിനും താല്പര്യമുള്ള കർഷകർക്ക് സഹായം അനുവദിക്കുക.

**ഔഷധകൃഷി:** സൗകര്യമുള്ള സ്ഥലങ്ങളിൽ 10 സെന്റ് സ്ഥലത്തെങ്കിലും ഔഷധകൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ഔഷധച്ചെടി നഴ്സറികൾ തുടങ്ങുന്നതിനും സഹായം അനുവദിക്കുകയും ചെയ്യുക.

**പുഷ്പകൃഷി:** വിപണനസാധ്യതയുള്ള പൂച്ചെടികൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക് പരിശീലനം നൽകുകയും നടീൽചെലവ്, വളം, കൃഷിച്ചെലവ് എന്നിവയ്ക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുക.



*'നഗരത്തിലുള്ളവർക്ക് വലിയലാഭവും ശമ്പളവും കിട്ടുമായിരിക്കാം. എന്നാൽ അതൊക്കെ ഗ്രാമീണരുടെ രക്തം ഊറ്റിക്കുടിക്കുന്നതിൽ നിന്നുണ്ടാകുന്ന സൗകര്യങ്ങളാണ്.'*

–ഗാന്ധിജി

# തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| തെങ്ങുകൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | ആകെ |
|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തവ | കായ്ക്കുന്നവ | ആകെ | ലീഫ്റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | റൂട്ട് ഹൽറ്റ് | |
| 1500 | 126000 | 262514 | 3885001 | ഇല്ല | 2625 | 1950 | ഇല്ല | 4675 |

| വാർഡ് | കാള നാടൻ | | കാള സങ്കരം | | പശു നാടനൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | | | |
| 1 | – | 6 | – | 2 | 1 | 1 | 324 | 165 | – | – | – | 305 | 182 | – |
| 2 | – | 4 | – | 3 | 1 | 2 | 132 | 63 | – | – | – | 260 | 188 | – |
| 3 | – | 8 | – | 2 | 1 | 2 | 128 | 66 | – | – | – | 130 | 165 | – |
| 4 | – | 4 | 1 | 2 | 1 | 1 | 99 | 48 | – | – | – | 186 | 120 | – |
| 5 | – | – | 1 | 3 | – | – | 73 | 27 | – | – | – | 82 | 102 | – |
| 6 | – | 6 | – | 4 | – | 1 | 102 | 51 | – | – | – | 77 | 91 | – |
| 7 | – | 4 | – | 1 | 1 | – | 134 | 59 | – | – | – | 189 | 180 | – |
| 8 | – | 10 | – | 6 | 1 | 1 | 106 | 57 | – | – | – | 103 | 83 | – |
| 9 | – | 6 | – | 5 | – | – | 113 | 64 | – | – | – | 96 | 112 | – |
| 10 | – | 10 | 1 | 2 | – | 2 | 98 | 54 | – | – | – | 119 | 202 | – |
| 11 | – | 4 | 1 | 3 | 1 | – | 218 | 105 | – | – | – | 273 | 109 | – |
| 12 | – | 4 | – | – | – | – | 86 | 57 | – | – | – | 64 | – | – |
| | – | 66 | 4 | 33 | 8 | 10 | 1613 | 816 | – | – | – | 1884 | 1634 | – |

### ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref - B.T. രജിസ്റ്റർ വില്ലേജ് ഓഫീസ്)

| വില്ലേജ് | പുരയിടം ഏക്കർ | നിലം ഏക്കർ | പുറമ്പോക്ക് ഏക്കർ | തരിശ് ഏക്കർ | ആകെ ഏക്കർ |
|---|---|---|---|---|---|
| ചേളന്നൂർ | 3138.89 | 2168.81 | 298.00 | 363.68 | 5969.37 |

## വിളവിസ്തീർണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത per year (ഹെക്ടർ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | Hyv 10 Hr | 28000 Kg | 5000 Kg |
| | Local 30 Hr | 48000 Kg | 1800 Kg |
| നെല്ല് (രണ്ടാംവിള) | Hyv 30 Hr | 105000 Kg | 6000 Kg |
| | Local 50 Hr | 90000 Kg | 1800 Kg |
| നെല്ല് (മുന്നാംവിള) | Hyv 60 Hr | 270000 Kg | 7000 Kg |
| | Local 60 Hr | 108000 Kg | 1800 Kg |
| പയർ | 10 ഹെക്ടർ | 3750 Kg | 650 Kg |
| എള്ള് | — | — | — |
| പച്ചക്കറികൾ | 40 ഹെക്ടർ | 400000 Kg | 2500 Kg |
| തെങ്ങ് | 1500 ഹെക്ടർ | 12750000 Nuts | 125 Nuts/Plant |
| വാഴ | 95 ഹെക്ടർ | 2850000 Kg | 15 Kg/Plant |
| മരച്ചീനി | 15 ഹെക്ടർ | 375000 Kg | 5 Kg/Plant |
| കുരുമുളക് | 10 ഹെക്ടർ | 50000 Kg | 8 Kg/Plant |
| പ്ലാവ് | 5000 എണ്ണം | 125000 Kg | 375000 Kg |
| കശുമാവ് | 30 ഹെക്ടർ | 120000 Kg | 40 Kg/Plant |
| മാവ് | 3000 എണ്ണം | 200000 | 300 Kg/Plant |
| റബ്ബർ | 50 ഹെക്ടർ | - | - |
| കവുങ്ങ് | 10 ഹെക്ടർ | 7500000 Nuts | 450 Nuts/Plant |
| മഞ്ഞൾ, ഇഞ്ചി | 25 ഹെക്ടർ | 30000 Kg | 2500 Kg/Hr |



# മത്സ്യബന്ധനം

ചേളന്നൂർ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറുഭാഗം ഏകദേശം 4 കി.മീ. നീളത്തിൽ അകലാപ്പുഴയാണ്. നിരവധി ചാലിപ്രദേശങ്ങളും നൂറിലധികം കുളങ്ങളും ചെറുതും വലുതുമായ അനവധി തോടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. വടക്കുപടിഞ്ഞാറ് ഭാഗത്ത് ഒരു വലിയ തോടുമുണ്ട്.

പുഴയോരമത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 150-ഓളം പേരും സംസ്കരണവുമായി ബന്ധപ്പെട്ട് ചുരുക്കം പേരും വിപണനവുമായി ബന്ധപ്പെട്ട് 25-ഓളം ആളുകളും പ്രവർത്തിച്ചുവരുന്നു.

പുഴയിൽനിന്ന് പ്രധാനമായും മാലാൻ, പൂശാൻ, ഏട്ട, ചെമ്പല്ലി, ഇരുമീൻ, ചെമ്മീൻ (കൊഞ്ച്), ഞണ്ട് എന്നിവയാണ് ലഭിക്കുന്നത്. അകാലപ്പുഴയിൽനിന്ന് (കാച്ചിറ ബണ്ടിനുസമീപം) എരുന്ത് ലഭിക്കുന്നുണ്ട്. കക്കത്തോട് ഒരു നല്ല വ്യവസായഅസംസ്കൃതപദാർത്ഥം കൂടിയാണ്. ഇപ്പോൾ കുറഞ്ഞ അളവിലേ ഇത് ലഭിക്കുന്നുള്ളു. കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽനിന്ന് വരാൽ, മുഴു, വാലാത്തൻ എന്നിവയും ലഭിക്കുന്നുണ്ട്.

കണ്ണങ്കര ആസ്ഥാനമായി ഒരു മത്സ്യത്തൊഴിലാളിക്ഷേമസഹകരണസംഘം രജിസ്റ്റർചെയ്ത് പ്രവർത്തനം നടത്താൻവേണ്ട നടപടി പൂർത്തിയായി വരുന്നുണ്ട.

ചേളന്നൂർ പഞ്ചായത്തിൽ പത്തോളം വില്പനകേന്ദ്രങ്ങളാണുള്ളത്. അമ്പലത്തുകുളങ്ങരയിൽ ഗ്രാമപഞ്ചായത്തുവക ഒരു പൊതുവില്പനകേന്ദ്രമുണ്ട്. മറ്റു കേന്ദ്രങ്ങൾ സ്വകാര്യസ്ഥലങ്ങളിലോ റോഡിന്റെ പാർശ്വങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്.

വളരെയേറെ സാധ്യതകളുള്ള ശുദ്ധജലമത്സ്യകൃഷി, ഒരു ജലചെമ്മീൻ കൃഷി എന്നിവയിൽ കാര്യമായ ഒരു ചലനവും ഇക്കാലമത്രയും ഉണ്ടായിട്ടില്ല.

## പ്രധാനപ്രശ്നങ്ങൾ

1. മത്സ്യബന്ധനോപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കാൻ സംവിധാനമില്ല.
2. അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻകൃഷിയും മത്സ്യകൃഷിയും നടത്തുന്നില്ല.
3. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതകളുണ്ടെങ്കിലും യാതൊരുവിധ പ്രോത്സാഹനവുമില്ല.
4. മത്സ്യവിപണനത്തിന് ആധുനികസംവിധാനങ്ങളോ പൊതുസംവിധാനങ്ങളോ ഇല്ല.
5. പുഴയിലും മറ്റു ഉൾനാടൻ ജലാശയങ്ങളിലും വർഷക്കാലത്ത് കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടിവേണം.

## സാധ്യതകൾ

ചെലപ്രം, ഒളോപ്പാറ, ഒറ്റടിപ്പാറ, മുക്കംകടവ് എന്നീ പുഴയോരപ്രദേശങ്ങൾ, കാച്ചിറബണ്ട്, അകലാപ്പുഴയിൽ ചിറക്കുഴി ചിറ, വിവിധപ്രദേശങ്ങളിലുള്ള ചാലികൾ, കുളങ്ങൾ എന്നിവിടങ്ങളിൽ ചെമ്മീൻകൃഷിയും മത്സ്യകൃഷിയും നടപ്പിലാക്കുക. ഈയാവശ്യത്തിന് സഹകരണ സംഘം ഉണ്ടാക്കാവുന്നതാണ്.

# മൃഗസംരക്ഷണം

ചേളന്നൂർ പഞ്ചായത്തിൽ മൊത്തം 7,500-ഓളം വീടുകളുള്ളതിൽ 1,678 വീടുകളിൽ 861 വീടുകളിൽ ആടുകളേയും 4,223 വീടുകളിൽ കോഴികളേയും വളർത്തുന്നുണ്ട്. വളർത്തുമൃഗങ്ങളുടെ ഏകദേശ എണ്ണം (നാടൻ കാളകൾ 66, സങ്കരയിനത്തിൽപ്പെട്ട കാളകൾ

37, നാടൻ പശുക്കൾ 18, സങ്കരവർഗപശുക്കൾ, കിടാരികൾ, കിടാവ് എന്നിവ 2,418, ആട് 1,879, നായ്ക്കൾ 1,634, കോഴികൾ 4,510.)

1270 വീടുകളിൽ യാതൊരുവിധ വളർത്തുമൃഗങ്ങളുമില്ല.

സ്ത്രീകൾക്ക് ഏർപ്പെടാവുന്ന നല്ല ഒരു തൊഴിൽ എന്ന നിലയ്ക്ക് കൂടുതൽ പേർ കന്നുകാലിവളർത്തൽരംഗത്തേക്ക് മുന്നോട്ട് വന്നിട്ടുണ്ട്. ബാങ്ക് വായ്പകളും കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിച്ചിട്ടുണ്ട്.

കോഴിവസന്തക്കെതിരെ വ്യാപകമായി കുത്തിവെപ്പ് നടത്തുന്നതുകൊണ്ട് കോഴിവസന്ത ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ സാധിച്ചിട്ടുള്ളതുകൊണ്ടും വീട്ടുമുറ്റത്തെ കോഴിവളർത്തൽപദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിയിട്ടുള്ളതുകൊണ്ടും കോഴികളുടെ എണ്ണം പണ്ടത്തേതിനേക്കാൾ കൂടുതലാണ്.

കൃഷിക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും കർഷകൻ അത് മുഴുവനായും ഉപയോഗപ്പെടുത്തുന്നില്ല. പതിനഞ്ചോ ഇരുപതോ സെന്റ് സ്ഥലമുള്ള ഒരു കർഷകന് ഉള്ള സ്ഥലത്ത് വളരെ ഭംഗിയായി പച്ചക്കറികൃഷി ചെയ്യാമെങ്കിലും മണ്ണിനോടും അധ്വാനത്തോടുമുള്ള ജനങ്ങളുടെ അകൽച്ച, മെയ്മറന്ന് അധ്വാനിക്കാനുള്ള ജനങ്ങളുടെ കഴിവ് ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. ഉള്ള സൗകര്യം പലരും ഉപയോഗപ്പെടുത്തുന്നില്ല.

1996 സെപ്റ്റംബർ മാസത്തിൽ ചേളന്നൂർ പഞ്ചായത്തിൽ നടത്തിയ ഒരു സർവേപ്രകാരം പഞ്ചായത്തിലെ വിവിധകടകളിൽനിന്നുമായി ഏകദേശം ഒന്നര ലക്ഷത്തോളം മുട്ടയും 3,250 കി.ഗ്രാമോളം കോഴിയിറച്ചിയും വില്പനയാകുന്നുണ്ടെന്നാണ് മനസ്സിലായത്. അതായത് ഏകദേശം 2 ,10,000 രൂപയുടെ മുട്ടയും 2,27,500 മുട്ടയുടെ കോഴിയിറച്ചിയും. ഇത്രയും നാം അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്ന് ഇറക്കുമതി ചെയ്യുകയാണ്.

ചേളന്നൂർ പഞ്ചായത്തിലെ ജനങ്ങൾ ആട്ടിറച്ചിയും മാട്ടിറച്ചിയും വാങ്ങുന്നത് പ്രധാനമായും കക്കോടി അങ്ങാടിയിൽനിന്നാണ്. ഇവിടുത്തെ വിവിധ അറവുശാലകളിലെ കണക്കെടുത്തപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് മാസശരാശരി 27,000 കി.ഗ്രാം മാട്ടിറച്ചിയും 1,600 കി.ഗ്രാം ആട്ടിറച്ചിയും വില്പനയാകുന്നുണ്ടെന്നാണ്. അതായത് ഏകദേശം പത്തുലക്ഷം രൂപയുടെ മാട്ടിറച്ചിയും 1,10,000 രൂപയുടെ ആട്ടിറച്ചിയും. മാംസത്തിനുവേണ്ടി ഉപയോഗിക്കുന്ന കന്നുകാലികളിൽ 90%ത്തോളവും അയൽസംസ്ഥാനങ്ങളിൽനിന്ന് വരുന്നവയാണ്.

ചേളന്നൂർ പഞ്ചായത്തിലെ പാലുല്പാദനത്തെക്കുറിച്ച് അടുത്തകാലത്തൊന്നും ഒരുസർവേ നടത്തിയിട്ടില്ല.

മുട്ടയുടേയും മാംസത്തിന്റേയും ഉപഭോഗം വളരെ വർദ്ധിച്ചിട്ടുണ്ടെങ്കിലും ഉല്പാദനം തുലോം തുച്ഛമാണ്. ഇതിന്റെ ഫലമായി ഇതിനു ചെലവഴിക്കുന്ന പണം അയൽസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു.

പഞ്ചായത്തിലുല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കർഷകർക്ക് പാലിന് നല്ല വില നൽകുന്നതിനും നിലവിലുള്ള രണ്ടു പാൽസൊസൈറ്റികളുടേയും (1. പാലത്ത് ക്ഷീര വ്യവസായ സഹകരണസംഘം, 2. അമ്പലപ്പാട് ക്ഷീര വ്യവസായ സഹകരണസംഘം) പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

കണ്ണങ്കര പ്രദേശത്ത് മുതുവാട്ട് താഴത്തും കല്ലുമ്പുറത്ത് താഴത്തും സ്വകാര്യമേഖലയിൽ പാൽ സംഭരിച്ച് വിതരണം ചെയ്യുന്ന രണ്ട് ഏജൻസികൾ നിലവിലുണ്ട്.

തലക്കുളത്തൂർ പഞ്ചായത്തിലെ എടക്കരയിലുള്ള പാൽ സൊസൈറ്റിയിൽ പാൽ നൽകിവരുന്ന കുറേ ക്ഷീരകർഷകരും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പിന്റെ രണ്ടു സ്ഥാപനങ്ങളാണുള്ളത്. 1. പെരുമ്പൊയിലുള്ള കൃത്രിമബീജദാനകേന്ദ്രം. 2. പുളിബസാറിലെ (5- ാംവാർഡ്) മൃഗാശുപത്രിയും. ഈ രണ്ട് സ്ഥാപനങ്ങളും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല. 1, 7, 8, 9, 10, 11, 12 വാർഡുകളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ നാല് കി.മീ. ദൂരെയുള്ള മൃഗാശുപത്രിയിൽ എത്തിക്കാൻ പ്രയാസപ്പെടുന്നു. സമയത്തിന് ചികിത്സകിട്ടാത്ത സാഹചര്യം ഇതുമൂലമുണ്ടാകാറുണ്ട്. ചേളന്നൂർ പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഇവയിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും കർഷകരുടെ ഇതു സംബന്ധിച്ച അജ്ഞത വിലങ്ങുതടിയാകുന്നു. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാന്റുണ്ടെങ്കിൽ കണ്ടെത്താൻ സാധിക്കും. കൃഷിഭവൻ മുഖേന ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബസിഡിയുണ്ടെങ്കിലും ഇവയൊന്നും ജനങ്ങളിലെത്തിയിട്ടില്ല. സബ്സിഡിത്തുക തീരെ അപര്യാപത മാണെന്നും ജനങ്ങൾക്കഭിപ്രായമുണ്ട്.

കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ വിരശല്യം, ഉദരരോഗം, ത്വക് രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, ഉപാപചയ സംബന്ധമായ രോഗങ്ങൾ, അകിടുവീക്കം, പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയാണ്. രോഗം ബാധിച്ചതിനുശേഷം ചികിത്സിക്കുക എന്നതിലുപരി രോഗം വരാതെ നോക്കുകയെന്ന ലക്ഷ്യത്തിലൂന്നിയുള്ള ബോധവൽക്കരണത്തിന് ഈ പഞ്ചവത്സരപദ്ധതിയിൽ പ്രത്യേകമൂന്നൽ കൊടുക്കേണ്ടിയിരിക്കുന്നു. രോഗപ്രതിരോധനടപടികൾ വ്യാപകമായി നടപ്പിലാക്കേണ്ടതാണ്.

## മൃഗസംരക്ഷണം മേന്മകൾ

1. തൊഴിലവസരങ്ങൾ: തൊഴിലുള്ളവർക്ക് ഉപതൊഴിലായും തൊഴിലില്ലാത്തവർക്ക് മുഖ്യതൊഴിലായും ഈ മേഖലയിലെ വിവിധപ്രവർത്തനങ്ങളിലേർപ്പെടാം. പ്രത്യേകിച്ച് വനിതകൾക്ക് ഈ മേഖലയിലെ ഏതുപ്രവർത്തനവും വളരെ കാര്യക്ഷമമായി കൈകാര്യം ചെയ്യാം.

2. ദൈനംദിനവരുമാനവർദ്ധന: ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനനിക്ഷേപംകൊണ്ട് ദൈനംദിനവരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നു.

3. മുട്ട, മാംസം, പാൽ മുതലായ പോഷകസമ്പുഷ്ടമായ ആഹാരവസ്തുക്കളുടെ ലഭ്യത: തദ്വാരാ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം.

4. ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ആവിർഭാവം

5. ജൈവവളങ്ങളുടെ ലഭ്യത, ഉപയോഗം.

6. ശുചിയായ മാംസോല്പാദവും വിപണനവും.

## പ്രധാനപ്രശ്നങ്ങൾ

1. ഒട്ടേറെ സാധ്യതകളുള്ള മൃഗസംരക്ഷണ മേഖലയെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത. ആസൂത്രിതമായ ഒരു വികസനതന്ത്രത്തിന്റെ അഭാവം.

2. ശാസ്ത്രീയമായ രീതികൾ അവലംബിക്കാത്തതുകൊണ്ടുണ്ടാകുന്ന നഷ്ടം - ബോധവൽക്കരണത്തിന്റെ അഭാവം.

3. അധ്വാനിക്കുന്നതിനുള്ള ജനങ്ങളുടെ വൈമുഖ്യം - പുതിയ തലമുറയുടെ ഒരുതരം 'വൈറ്റ്കോളർ' സംസ്കാരത്തിലേക്കുള്ള ചുവടുവെപ്പ്, ഉദാസീനത 'എല്ലുമുറിയെ പണിചെയ്ത് പല്ലുമുറിയെ തിന്നാ'നുള്ള ഉത്സാഹക്കുറവ്, കാർഷികവൃത്തിയുടെ മാഹാത്മ്യം മനസ്സിലാക്കായ്ക.

4. കാലിത്തീറ്റയുടെ വിലക്കൂടുതൽ, ഗുണമേന്മയില്ലായ്മ

5. പുല്ലിന്റെയും വൈക്കോലിന്റെയും ലഭ്യതക്കുറവ്, വിലക്കൂടുതൽ.

6. മറ്റുല്പന്നങ്ങളുടേതുപോലെ പാലിന്റേയും മുട്ടയുടേയും വില ആനുപാതികമായി ഉയർന്നിട്ടില്ല.

7. കർഷകർക്ക് അവരവരുടെ അഭിരുചിക്കനുസൃതമായി വിവിധപ്രവൃത്തികളിൽ ഏർപ്പെടാനുള്ള സാമ്പത്തികസഹായം ലഭിക്കുന്നില്ല.

8. പേപ്പട്ടിശല്യം - 1996 വർഷത്തിൽ പഞ്ചായത്തിൽ 20-ഓളം വളർത്തുമൃഗങ്ങൾ പേപ്പട്ടികളുടെ ആക്രമണത്തിനിരയായി.

9. കുത്തഴിഞ്ഞ മാംസവിപണനം - ശുചിത്വത്തിനും ഗുണമേന്മയ്ക്കും യാതൊരു നിയന്ത്രണവുമില്ല.

10. കന്നുകാലികൾക്കാവശ്യമായ മേച്ചിൽസ്ഥലങ്ങളുടെ അഭാവം

## സാധ്യതകൾ

ഉല്പാദനം ലക്ഷ്യമാക്കി വിവിധപദ്ധതികൾ ആവഷ്കരിച്ച് നടപ്പിലാക്കുക

1. മുട്ടയുല്പാദനം: വീട്ടുമുറ്റത്തെ കോഴിവളർത്തൽ വ്യാപകമായി നടപ്പിലാക്കുക. ആവശ്യമുള്ള എല്ലാ വീടുകളിലും അഞ്ചുവീതം മികച്ചയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. ഇതിനാവശ്യമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കേണ്ടതുണ്ട്. ഇതിനായി ബ്ലോക്കുതലത്തിലൊരു ഹാച്ചറി സ്ഥാപിക്കുക. മാസത്തിൽ ഏകദേശം 3,500 കോഴിക്കുഞ്ഞുങ്ങളെ വിരിയിക്കാൻ കപ്പാസിറ്റിയുള്ളത്. വിരിഞ്ഞിറങ്ങുന്ന ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾക്ക് പ്രത്യേകപരിചരണം ആവശ്യമുള്ളതിനാൽ പ്രത്യേകം നഴ്സറികളിൽ വേണം വളർത്തിയെടുക്കാൻ. ഇതിനായി ഓരോ വാർഡിലും താല്പര്യമുള്ള രണ്ടു കർഷകർക്കു വീതം 500 വീതം കുഞ്ഞുങ്ങളെ വളർത്താവുന്ന നഴ്സറികൾ നടത്താൻ സാമ്പത്തികസഹായം നൽകേണ്ടതാണ്. കോഴിക്കുഞ്ഞുങ്ങളെ 45- 50ദിവസം പ്രായമാകുന്നതുവരെ നഴ്സറികളിൽ വളർത്തി അതാതു വാർഡുകളിൽ വിതരണം ചെയ്യാവുന്നതാണ്.

2. ബ്രോയ്‌ലർ: ബ്ലോക്കുതലത്തിലെ ഹാച്ചറിയിൽനിന്ന് ബ്രോയ്‌ലർ കുഞ്ഞുങ്ങളെ വിരിയിച്ചിറക്കി വിതരണം ചെയ്യാം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഏർപ്പെടാവുന്ന നല്ല ലാഭമുള്ള ഒരു തൊഴിലാണ് ബ്രോയ്‌ലർ കോഴിവളർത്തൽ. ഒരു വാർഡിൽ താല്പര്യമുള്ള രണ്ടോ മൂന്നോ പേർക്ക് ധനസഹായം നൽകി 500 വീതമുള്ള യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഓരോ വർഷവും 6 ബാച്ചുകൾ വീതം വളർത്തി വിപണിയിലിറക്കാം.

ഹാച്ചറിയിലേക്കാവശ്യമായ മുട്ടയുല്പാദിപ്പിക്കുന്നതിന് 600 വീതം കപ്പാസിറ്റിയുള്ള മുട്ടക്കോഴികളുടേയും ബ്രോയ്‌ലർ കോഴികളുടേയും പാരന്റ് സ്റ്റോക്ക് നിലനിർത്തണം.

## മുട്ട, ബ്രോയ്‌ലർ സഹകരണസംഘങ്ങൾ

ഇന്ന് പാലുല്പാദകർ സംഘടിച്ച് സഹകരണ സംഘങ്ങളുണ്ടാക്കിയിട്ടുള്ളതുപോലെ മുട്ടയുടേയും ഇറച്ചിക്കോഴിയുടേയും ഉല്പാദകർ സംഘടിച്ച് സഹകരണ സംഘങ്ങൾ ഉണ്ടാക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഉല്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനും കോഴികൾക്കാവശ്യമായ തീറ്റകൾ ലഭ്യമാക്കുന്നതിനും വിവിധങ്ങളായ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും സംഘടിതമായ ശ്രമത്തിന് ഏറെ ചെയ്യാൻ സാധിക്കും.

ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി

മുട്ട, കോഴിയിറച്ചി വ്യവസായരംഗത്ത് (Paultry Industry) വളരെ വിപുലീകരമായ തോതിൽ വിവിധപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ കോഴിക

ളിലെ രോഗങ്ങൾ വളരെ കൃത്യമായി തിരിച്ചറിഞ്ഞ് (Diagnose) ഉടനടി വേണ്ടത് ചെയ്യാൻ ഒരു പ്രത്യേക ലബോറട്ടറി-ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി-ജില്ലയിൽ ഒന്ന് വളരെ അത്യാവശ്യമാണ്.

**3. മാംസോല്പാദനം:** പ്രധാനമായും പശു, എരുമ, ആട്, പന്നി എന്നിവയുടെ മാംസം.

i. മൂരികിടാങ്ങളുടെ പരിപാലനം: പഞ്ചായത്തിൽ ശരാശരി ഒരു മാസം 50 മുതൽ 60 വരെ പശുക്കൾ പ്രസവിക്കുന്നുണ്ട്. കിടാങ്ങളുടെ ആൺ പെൺ റേഷ്യോ 1:1 ആണ്.അതായത് മാസത്തിൽ 25 മുതൽ 30 വരെ മൂരിക്കിടാങ്ങൾ. സാധാരണയായി മൂരിക്കിടാങ്ങൾ ശരിയായ സംരക്ഷണം കിട്ടാതെ രോഗങ്ങൾക്കടിമപ്പെട്ട് ചത്തുപോവുകയോ വളർച്ച മുരടിച്ച് തുച്ഛമായ വിലയ്ക്ക് വില്ക്കപ്പെടുകയോ ആണ് പതിവ്. എന്നാൽ ഇവയെ പ്രസവിച്ച് ഒരു മാസത്തിനകം പേർ രജിസ്റ്റർ ചെയ്ത് സബ്സിഡി നിരക്കിൽ മരുന്നുകളും കാലിത്തീറ്റയും ലഭ്യമാക്കിയാൽ കറവവറ്റുമ്പോഴേക്കും (പത്തുമാസം പ്രായം) നല്ല തൂക്കം വെക്കുന്നു. ഇവയെ മാംസത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്. ഇവയ്ക്ക് നല്ല വിലയും കിട്ടുന്നു.

ii. പ്രത്യുല്പാദനശേഷി നശിച്ച കറവവറ്റിയ പശുക്കളേയും മാംസത്തിനുവേണ്ടി ഉപയോഗിക്കാം.

## ആടുപരിപാലനം പ്രോത്സാഹിപ്പിക്കുക

മേന്മകൾ: ചെലവുകുറഞ്ഞ പാർപ്പിടം, ആട്ടിറച്ചിക്കുള്ള വർദ്ധിച്ച ആവശ്യം, ഉയർന്ന വില (കി.ഗ്രാമിന് 100 രൂപ) പ്രായപൂർത്തിയാകാനുള്ള കുറഞ്ഞ കാലയളവ്, 11/4 - 11/2 വയസ്സിൽ ആദ്യപ്രസവം, രണ്ടുവർഷത്തിൽ മൂന്നു പ്രസവം, ഒരു പ്രസവത്തിൽ ഒന്നുമുതൽ മൂന്നുവരെ കുട്ടികൾ, കൊച്ചുകുട്ടികൾക്കും കൈകാര്യം ചെയ്യാവുന്ന സൗമ്യപ്രകൃതി, ആട്ടിൻപാലിന്റെ വില (ലിറ്ററിന് 10 രൂപ) ആട്ടിൻകാഷ്ഠം - നല്ല ജൈവവളം എന്നീ മേന്മകളുള്ളതുകൊണ്ട് നല്ല ലാഭം കിട്ടുന്ന ഒരു തൊഴിലാണ് ആടുവളർത്തൽ. ചുരുങ്ങിയ കാലംകൊണ്ട് പ്രതിഫലം ലഭിക്കുന്നു. ചെറിയ കുടുംബങ്ങൾക്ക് ഏറ്റവും യോജിച്ച ഒന്നാണ് ആടുപരിപാലനം. ആടുകൾക്കാവശ്യമായ പ്ലാവ്, മുരിക്ക് തുടങ്ങിയവ പുരയിടത്തിൽതന്നെ വച്ചുപിടിപ്പിക്കാവുന്നതാണ്. 8-10മാസം പ്രായമുള്ള ആടിന് വിപണിയിൽ 800-1,000 രൂപ വിലയുണ്ട്. 'പാവപ്പെട്ടവന്റെ പശു' എന്നാണല്ലോ ആടിനെ പറയുന്നത്.

ഓരോ വാർഡിലും താല്പര്യമുള്ള പത്തുപേർക്കു വീതം സൗജന്യനിരക്കിൽ മൂന്ന് പെണ്ണാടിനെ വീതം നൽകാവുന്നതാണ്. ആൺ പെൺ റേഷ്യോ വേണ്ടത് 1:10 ആണ്. അതുകൊണ്ട് ഈ പത്തുപേരിൽ ഏതെങ്കിലും മൂന്നുപേർക്ക് ഓരോ ആണാടിനെക്കൂടി കൊടുക്കണം.

**പന്നിവളർത്തൽ:** മുതൽമുടക്ക്, കുറഞ്ഞ സ്ഥലം, വൈദഗ്ധ്യം, അധ്വാനം എന്നിവ മതി ഈ സംരംഭത്തിന്. ചുരുങ്ങിയ കാലംകൊണ്ട് പ്രതിഫലം ലഭിക്കുന്നു. വളരെ വേഗത്തിൽ വളരുന്ന നല്ല തീറ്റപരിവർത്തനശേഷിയുള്ള മൃഗമാണ് പന്നി. ഹോട്ടൽ, അറവുശാലകൾ, ബേക്കറികൾ എന്നിവിടങ്ങളിലെ ഉച്ഛിഷ്ടം ഇവയുടെ തീറ്റയിൽ ഉൾപ്പെടുത്തി വളരെ ഫലപ്രദമായി ഉപയോഗിക്കാം. ഈ സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുന്ന പഞ്ചായത്തിലെ താല്പര്യമുള്ള പത്തോ പന്ത്രണ്ടോ പേർക്ക് ധനസഹായം നല്കി ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഒരു പ്രസവത്തിൽത്തന്നെ എട്ടുമുതൽ പതിനഞ്ചുവരെ കുഞ്ഞുങ്ങളുണ്ടാകും. ഇവരെ നല്ലവണ്ണം സംരക്ഷിച്ച് എട്ടുമാസം പ്രായമാകുമ്പോഴേക്ക് വില്ക്കാവുന്നതാണ്. അപ്പോഴേക്ക് അവയ്ക്ക് 70-80 കി.ഗ്രാം തൂക്കമുണ്ടാകും. ഈ സമയത്ത് അവയുടെ മാംസത്തിന് കൊഴുപ്പ് കുറവും രുചി കൂടുതലുമാണ്. പ്രായംകൂടുംതോറും ശരീരത്തിൽ കൊഴുപ്പിന്റെ അംശം കൂടുന്നു. 70-80 കി.ഗ്രാം തൂക്കമുള്ള പന്നിക്ക് വിപണിയിൽ 1,800-2,000 രൂപ വിലയുണ്ട്.

കൂടിയ തീറ്റപരിവർത്തനശേഷി, ഓരോ പ്രസവത്തിലുമുള്ള കുഞ്ഞുങ്ങളുടെ എണ്ണം, രോഗപ്രതിരോധശേഷി, രുചിയേറിയ നല്ല ഡിമാന്റുള്ള മാംസം ഇവയാണ് പന്നിവളർത്തലിന്റെ ആകർഷണീയവശങ്ങൾ.

ശാസ്ത്രീയമായ അറവുശാല: ശാസ്ത്രീയമായ, ശുചിയായ മാംസോല്പാദനത്തിനും വിപണനത്തിനുമുള്ള യാതൊരുവിധ സംവിധാനവും ഇന്ന് പഞ്ചായത്തിലില്ല. അറവുശാലകളിൽനിന്നും പറയുന്ന വിലകൊടുത്ത് കിട്ടുന്ന മാംസം വാങ്ങുന്നു എന്നല്ലാതെ, അതിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഉപഭോക്താവിന് യാതൊന്നുമറിയില്ല എന്നതാണ് സത്യം. ആട്ടിറച്ചി എന്നുപറഞ്ഞ് വില്ക്കുന്നത് മാട്ടിറച്ചിയാണോ വാങ്ങുന്ന മാംസം പഴകിയതാണോ എന്നൊന്നും ഉപഭോക്താവിന് മനസ്സിലാക്കാൻ കഴിയുന്നില്ല. തന്നെയുമല്ല യാതൊരു ശുചിത്വവുമില്ലാത്ത ചുറ്റുപാടിലാണ് മൃഗങ്ങളെ അറുക്കുന്നതും മാംസം വില്ക്കുന്നതുമെല്ലാം. അതുകൊണ്ട് ശാസ്ത്രീയമായ ഒരറവുശാലയും മാംസസംസ്കരണയൂണിറ്റും പഞ്ചായത്തിൽ വളരെ ആവശ്യമാണ്. മേൽപ്പറഞ്ഞ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ അറവുശാലയിലേക്ക് ആവശ്യമായ മൃഗങ്ങളെ പഞ്ചായത്തിൽനിന്ന് ലഭിക്കും.

**4. പാലുല്പാദനം**

i. പ്രത്യേകകന്നുകുട്ടിപരിപാലനപദ്ധതി: സങ്കരവർഗ്ഗം പശുക്കളുടെ സംരക്ഷണരീതിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്ന് ഉദ്ദേശ്യത്തോടുകൂടി മൃഗസംരക്ഷണവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. 4 മുതൽ 9 മാസംവരെ പ്രായമുള്ള നല്ല ആരോഗ്യമുള്ള സങ്കരയിനം പശുക്കിടാങ്ങൾക്ക് സബ്സിഡി നിരക്കിൽ മരുന്നുകളും തീറ്റയും ഇൻഷു

റൻസ് കവറേജും മൃഗസംരക്ഷണവകുപ്പിലെ വിദഗ്ധരുടെ സാങ്കേതികപരിജ്ഞാനവും നൽകി പരമാവധി 32 മാസംവരെ സംരക്ഷിക്കാനുള്ള ഒരു പദ്ധതിയാണിത്. കഴിഞ്ഞവർഷം ഈ പദ്ധതിപ്രകാരം 2,500 കന്നുകുട്ടികളെയാണ് കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുത്തത്. പരീക്ഷിച്ച് വളരെ വിജയപ്രദമെന്ന് തെളിഞ്ഞ കർഷകർ ആവശ്യപ്പെടുന്ന ഒരു പദ്ധതിയാണിത്. ചേളന്നൂർ പഞ്ചായത്തിൽ ഇപ്പോൾ 'അമ്പലപ്പാട് ആപ്കോസി'ൽ ഈ പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിപ്രകാരം ഒരാൾക്ക് പരമാവധി 4,500 രൂപവരെ സബ്സിഡിയായി ലഭിക്കും.

ഈ പദ്ധതി പഞ്ചായത്തിലെ അർഹതയുള്ള എല്ലാ കർഷകർക്കും ലഭിക്കത്തക്കവിധം വ്യാപകമായി നടപ്പിലാക്കുക.

കേരളത്തിലിന്നുള്ള സങ്കരവർഗം കന്നുകാലികളിൽ നല്ലൊരു പങ്കും ഈ പദ്ധതിയുടെ സംഭാവനയാണ്.

ii. ഗുണമേന്മകുറഞ്ഞവയെ (ഉല്പാദനക്ഷമത കുറഞ്ഞവയെ) പുറന്തള്ളുക, മെച്ചപ്പെട്ടവയെ നിലനിർത്തുക.

iii. ശാസ്ത്രീയമായ ബോധവൽക്കരണത്തിലൂടെ പശുക്കളിലെ ആദ്യപ്രസവം 27-28 മാസത്തിലാക്കുക. ഇന്ന് ആദ്യപ്രസവം ശരാശരി 36- 38 മാസങ്ങളിലാണ് നടക്കുന്നത്.

iv രണ്ടു പ്രസവങ്ങൾക്കിടയിലെ ഇടവേള ഒരു വർഷമാക്കി കുറയ്ക്കുക. ഇന്നത്തെ ശരാശരി inter calving period ഒന്നര വർഷമാണ്.

v. പഞ്ചായത്തിലെ ഇന്നുള്ള പശുക്കളുടെ 98 ശതമാനും സങ്കരവർഗത്തിൽ പെട്ടവയാണ്. ഇവയുടെ തുടർന്നുള്ള ഉല്പാദനക്ഷമത സാവധാനത്തിലായിരിക്കുമെന്നതിനാൽ ഗുണമേന്മ കൂടിയ പ്രീമിയം ബുൾ സെമന്റെ ഉപയോഗം കൂടുതൽ വ്യാപകമാക്കുക.

vi. നൂതനസാങ്കേതികവിദ്യയായ Embyo Transfer Technology (ETT) പ്രാവർത്തികമാക്കുക.

vii. ഒന്നിലധികം പശുക്കളെ വളർത്തുമ്പോൾ ഉല്പാദനച്ചെലവ് കുറയുന്നു. മൂന്നോ അതിൽക്കൂടുതലോ പശുക്കളെ വളർത്തിയാൽ പാലുല്പാദനം കൂടുതൽ ലാഭകരമാണ്. അതിനാൽ ആവശ്യമുള്ളവർക്ക് ധനസഹായം നല്കി രണ്ടോ മൂന്നോ അതിൽക്കൂടുതലോ പശുക്കളെ വളർത്താൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അതുപോലെ സാഹചര്യമുള്ള ഈ രംഗത്ത് താല്പര്യമുള്ളവർക്ക് ധനസഹായം നല്കി ഒരു പശുവിനെയെങ്കിലും വളർത്താൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എങ്കിൽ അതാത് വീട്ടിലേക്കുള്ള പാലിന്റെയും ജൈവവളത്തിന്റെയും ആവശ്യം നിറവേറും. മാത്രവുമല്ല അധികമുള്ള പാലിൽനിന്ന് വീട്ടമ്മയ്ക്കൊരു ചെറിയ വരുമാനവുമായി. സ്ത്രീകൾക്ക് വീട്ടുജോലികൾക്കൊപ്പം തന്നെ വളരെ കാര്യക്ഷമമായി നടത്താവുന്ന ഒന്നാണ് കന്നുകാലിസംരക്ഷണം.

**കന്നുകാലികളുടെ ഇൻഷൂറൻസ്:** 8-10 ലിറ്റർ പാൽ കറക്കുന്ന ഒരു പശുവിന് ഇന്ന് 8,000-10,000 രൂപവരെ വിലയുണ്ട്. ബാങ്കിൽനിന്ന് ലോണെടുക്കുന്ന ചുരുക്കം ചിലരൊഴിച്ചാൽ മറ്റാരുംതന്നെ കന്നുകാലികളെ ഇൻഷൂർ ചെയ്യുന്നില്ല. പാലുല്പാദനം ഒരുമുഖ്യതൊഴിലോ ഉപതൊഴിലോ ആയിട്ടുള്ള ഒരു കർഷകന് അവിചാരിതമായ തന്റേതല്ലാത്ത കാരണങ്ങളാൽ പശു മരണപ്പെട്ടാൽ അത് തീർച്ചയായും താങ്ങാനാകാത്ത ഒരു പ്രഹരമായിരിക്കും. അതുകൊണ്ട് മൊത്തം സങ്കരവർഗം പശുക്കളേയും ഇൻഷൂർ ചെയ്യാനുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്. മരണത്തിൽ മാത്രമല്ല, മറ്റു കാരണങ്ങളാൽ പാലുല്പാദനക്ഷമത നശിച്ച പശുക്കൾക്കും കോമ്പൻസേഷൻ കിട്ടാനുള്ള സംവിധാനവും വേണം.

**തീറ്റമിശ്രണയൂനിറ്റ്/കാലിത്തീറ്റ നിർമ്മാണ ഫാക്ടറി:** കന്നുകാലി പരിപാലനത്തിൽ ഏറ്റവും ചെലവേറിയ ഘടകം തീറ്റച്ചെലവ് തന്നെയാണ്. കന്നുകാലിത്തീറ്റയുടെ വിലയും പച്ചപ്പുല്ലിന്റെ വിലയും പ്രതിദിനം വർദ്ധിക്കുന്നു. കന്നുകാലികൾക്ക് രോഗം വരാനുള്ള പ്രധാനകാരണം തീറ്റയിലെ പോഷകക്കുറവും ഗുണമേന്മയില്ലായ്മയുമാണ്.

ശാസ്ത്രീയമായ കാലിത്തീറ്റ നിർമ്മാണത്തിന് അടുത്തടുത്ത് ഒന്നോ രണ്ടോ പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ തീറ്റമിശ്രിതയൂനിറ്റ് ആരംഭിക്കാവുന്നതാണ്. നമ്മുടെ നാട്ടിൽ സുലഭമായ കപ്പ, തേങ്ങാപ്പിണ്ണാക്ക് എന്നിവ ഉപയോഗിക്കുകയും ചെയ്യാം. ഇപ്രകാരം കാലിത്തീറ്റയുടെ വില ഒരു പരിധിവരെ കുറയ്ക്കുകയും ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യാം. ഇതേ ഫാക്ടറിയിൽത്തന്നെ പഞ്ചായത്തിലേക്ക് ആവശ്യമുള്ള കോഴിത്തീറ്റയും ആടിന്റെ തീറ്റയും പന്നികൾക്കുള്ള തീറ്റയും ഉല്പാദിപ്പിക്കാവുന്നതാണ്.

**പച്ചപ്പുൽകൃഷി:** നല്ല ഒന്നാംതരം പച്ചപ്പുല്ലും കൃഷിവകുപ്പിന്റെ സഹായത്തോടെ നമുക്കുതന്നെ ഉണ്ടാക്കാം. ഇക്കാര്യം സന്നദ്ധസംഘടനകളെ ഏൽപിക്കാവുന്നതാണ്. ജലസേചനസൗകര്യമുള്ള പഞ്ചായത്തിലെ മുഴുവൻ തരിശുഭൂമിയും ഇതിനുവേണ്ടി ഉപയോഗിക്കാം. സമ്മതമുള്ള കർഷകരുടെ തെങ്ങിൻതോപ്പുകളിൽ ഇടവിളയായും വ്യാപകമായി പുൽകൃഷി ചെയ്യാവുന്നതാണ്. പുല്ലിന് വെള്ളവും വളവും സമയാസമയങ്ങളിൽ ചെയ്യുമ്പോൾ സ്വാഭാവികമായും തെങ്ങും നന്നാകും എന്നുള്ളതുകൊണ്ട് കർഷകർക്കും ഇക്കാര്യത്തിൽ തീർച്ചയായും താലപര്യം കാണും.

**നായവളർത്തൽ:** നല്ലയിനം നായകൾക്ക് ഇന്ന് നല്ല ഡിമാന്റ് ആണ്. ആൾസേഷ്യൻ, ഗ്രേറ്റ്ഡെയ്ൻ, ലാബ്രഡോർ, ഡോബർമാൻ, പോമറേനിയൻ എന്നീ വിവിധ ജനുസ്സുകളിൽപ്പെട്ട നായ്ക്കളുടെ കുഞ്ഞുങ്ങൾക്ക് മാർക്കറ്റിൽ 1,500 രൂപ മുതൽ 3,500 രൂപവരെ വിലയുണ്ട്. ഒരു പ്രസവത്തിൽത്തന്നെ 3-8 കുഞ്ഞുങ്ങളുണ്ടാകും. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഏർപ്പെടാവുന്ന നല്ല ലാഭമുള്ള ഒരു പദ്ധതിയാണിത്.

**കാട-താറാവ്-മുയൽ വളർത്തൽ:** ഈ രംഗങ്ങളിലെല്ലാം അവരവരുടെ താല്പര്യമനുസരിച്ച് ഏർപ്പെടാവുന്നതാണ്. ശാസ്ത്രീയമായ പരിപാലനമുണ്ടെങ്കിൽ ഈ രംഗങ്ങളിലെല്ലാം വിജയം വരിക്കാൻ സാധിക്കും.

**കറവക്കാർ:** പശുവിനെ കറക്കാൻ ആളെ കിട്ടാനില്ലെന്ന് പല കർഷകരും അഭിപ്രായപ്പെടാറുണ്ട്. ഈ രംഗത്ത് താല്പര്യമുള്ളവരെ പരിശീലിപ്പിച്ചാൽ ആവശ്യമുള്ള പത്തോ പന്ത്രണ്ടോ വീടുകളിലേക്ക് ഒരാൾ എന്ന തോതിൽ വെക്കാവുന്നതാണ്. ഇതും കുറേ പേർക്ക് തൊഴിൽ നൽകാവുന്ന ഒരു പരിപാടിയാണ്.

**ക്ഷീരവ്യവസായസഹകരണസംഘങ്ങൾ:** സംഘങ്ങളുടെ പ്രവർത്തനമേഖല മുഴുവൻ പഞ്ചായത്തിലേക്കും വ്യാപിപ്പിക്കുക. ഓരോ വാർഡിലും രണ്ട് പാൽസംഭരണകേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക. ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുക. വിതരണത്തിനുശേഷം മിച്ചംവരുന്ന പാൽകൊണ്ട് മിഠായികൾ, ഹൽവാ, പനീർ ഐസ്ക്രീം എന്നീ വിഭവങ്ങളുണ്ടാക്കുക.

**പഞ്ചായത്തിനെ പേവിഷവിമുക്തമേഖലയാക്കുക:**

i. നായ്ക്കളിലും പൂച്ചകളിലും പേ വിഷബാധയ്ക്കുള്ള പ്രതിരോധകുത്തിവെപ്പ് നിർബന്ധമാക്കുക.

ii. കുത്തിവെച്ചവർക്ക് ലൈസൻസ് നൽകുക

iii. അലഞ്ഞുനടക്കുന്ന നായ്ക്കളേയും പൂച്ചകളേയും നശിപ്പിക്കുക.

iv. വ്യാപകമായ ബോധവൽക്കരണം

പകർച്ചവ്യാധികൾ, സാംക്രമികരോഗങ്ങൾ എന്നിവയ്ക്കെതിരെ പ്രതിരോധകുത്തിവെപ്പ്: വ്യാപകമായ തോതിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് കന്നുകാലികളിൽ കണ്ടുവരുന്ന കുളമ്പുദീനം, കുരുളടപ്പൻ, അടപ്പൻ, കാലിവസന്ത എന്നിവയ്ക്കെതിരെ പ്രതിരോധകുത്തിവെപ്പിന് പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും വിധേയമാക്കുക. അങ്ങനെ പഞ്ചായത്തിനെ ഈ രോഗങ്ങളിൽനിന്നെല്ലാമുള്ള വിമുക്തമേഖലയാക്കുക. വാക്സിൻ ക്യാമ്പുകളിലുംമറ്റും കൈകാര്യം ചെയ്യുന്നതിന് നല്ല വാക്സിൻ ക്യാരിയറുകൾ വളരെ അത്യാവശ്യമാണ്.

## സേവനമേഖല

1. മൃഗാശുപത്രിക്ക് ഒരാശുപത്രിക്ക് വേണ്ടുന്ന എല്ലാ സൗകര്യവുമുള്ള സ്വന്തമായ കെട്ടിടം വളരെ അത്യാവശ്യമാണ്. ജനങ്ങളുടെ സൗകര്യാർത്ഥം പറ്റിയ ഒരു സ്ഥാനത്തായിരിക്കണം ആശുപത്രി സ്ഥാപിക്കേണ്ടത്.

2. കൃത്രിമബീജാദാനകേന്ദ്രവും സൗകര്യമുള്ള ഒരു ബിൽഡിംഗിലേക്ക് മാറ്റേണ്ടതാണ്.

3. ആശുപത്രിയിലേക്ക് ആവശ്യമായ ഫർണീച്ചർ, ഉപകരണങ്ങൾ, എക്സ്റേ യൂണിറ്റ്, മൈക്രോസ്കോപ്പ് പോലുള്ള ഉപകരണങ്ങൾ.

4. ചികിത്സക്കാവശ്യമായ മുഴുവൻ മരുന്നും ആശുപത്രികളിൽത്തന്നെ ലഭ്യമാക്കുക.

5. കനത്ത സാമ്പത്തികനഷ്ടം വരുത്തിവെക്കുന്ന അകിടുവീക്കം, ആംഫിസ്റ്റോമിയാസിസ്, ഷിസ്റ്റോസോമിയാസിസ്, ബബീസിയോസിസ് എന്നിവയ്ക്കെതിരെയുള്ള പ്രതിരോധനടപടികൾ.

6. ആശുപത്രികളിൽ ടെലിഫോൺ സൗകര്യം, ഇൻപേഷ്യന്റ് സൗകര്യം ഏർപ്പെടുത്തുക.

7.ബ്ലോക്കുതലത്തിൽ വെറ്റിനറി ലാബ്

8. ജില്ലയിൽത്തന്നെ പേവിഷനിർണ്ണയസൗകര്യം

9. ചെറിയ മൃഗങ്ങളെ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള വാഹനം

10. ആശുപത്രികളിൽ കൊണ്ടുവരാൻ സാധിക്കാത്ത വലിയ മൃഗങ്ങളെ വീടുകളിൽ പോയി ചികിത്സിക്കാൻ എല്ലാവിധ സൗകര്യങ്ങളുമുള്ള മൊബൈൽ യൂനിറ്റ്.

വിജ്ഞാനവ്യാപനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക

നേരത്തെ പറഞ്ഞിട്ടുള്ള വിവിധപദ്ധതികൾ വിജയപ്രദമാകണമെങ്കിൽ എല്ലാ രംഗങ്ങളിലും വളരെ ഫലപ്രദമായ ബോധവൽക്കരണം കൂടിയേ തീരൂ. ഇതിനായി കോഴിക്കോട് ജില്ലയിൽ ഒരു മൃഗസംരക്ഷണപരിശീലനകേന്ദ്രം (Live stock Management Training Centre) ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ട്രെയിനിംഗിന് അയക്കുന്ന കർഷകർക്ക് നിശ്ചിത തുക പ്രതിദിനം അലവൻസായി നൽകുകുകയും ട്രെയിനിംഗ്സെന്ററിൽ തന്നെ ഭക്ഷണസൗകര്യംകൂടി ഏർപ്പെടുത്തുകയും വേണം.

വിജ്ഞാനവ്യാപനത്തിന് വിവിധമാധ്യമങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തുക.

## സംഗ്രഹം

മൃഗസംരക്ഷണരംഗത്തെ പ്രവർത്തനമേഖലകൾ പരിശോധിച്ച് അതിനെ പഞ്ചായത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷണലഭ്യത, അധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായമാക്കുക. ഈ മേഖലയിലെ ഉല്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്നിവയാണ് ഈ ജനകീയസൂത്രണത്തിന്റ ലക്ഷ്യം. ബഹുജനപങ്കാളിത്തവും സന്നദ്ധസേവനവും ബ്യൂറോ

ക്രസിയുടെ അഴിച്ചുപണിയുംകൊണ്ട് ക്രിയാത്മകമായ ഒരു നവീകരണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. 73-74 ഭരണഘടനാഭേദഗതികളുടെ ഫലമായി നിലവിൽ വന്ന ജനാധിപത്യസ്ഥാപനങ്ങളെ പദ്ധതിയാസൂത്രണത്തിലും നടത്തിപ്പിലും പരിപൂർണ്ണ പങ്കാളികളാക്കുകയാണ് പരമപ്രധാനം.



*'ഒരു ഭാരതീയ ഗ്രാമം നിർമ്മിക്കുന്നത് പൂർണ്ണമായ ശുചീകരണ സൗകര്യത്തോടു കൂടിയായിരിക്കണം.'*

–ഗാന്ധിജി

ചേളന്നൂർ ഗ്രാമപഞ്ചായത്ത്

# രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 364 | – | 126 | – | 2 | 29 | | | | |
| 2 | ശ്വാസകോശസംബന്ധം | 75 | – | 27 | – | 2 | 518 | | | | |
| 3 | ഉപാപചയസംബന്ധം | 156 | – | 19 | – | – | – | | | | |
| 4 | ത്വക്‌രോഗങ്ങൾ | 68 | – | 3 | – | 12 | – | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 98 | – | 56 | – | – | 36 | | | | |
| 6 | പരാദരോഗങ്ങൾ | 562 | – | 243 | – | 15 | 206 | | | | |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായിബന്ധപ്പെട്ടവ | 212 | – | 36 | – | – | – | | | | |
| 8 | വന്ധ്യത | 12 | – | 1 | – | – | – | | | | |
| 9 | അകിടുവീക്കം | 39 | – | 11 | – | – | – | | | | |
| 10 | മുടന്തൻപനി | 172 | – | – | – | – | – | | | | |
| 11 | പകർച്ചവ്യാധികൾ | – | – | – | – | – | – | | | | |

ചേളന്നൂർ ഗ്രാമപഞ്ചായത്ത്

# പേ വിഷബാധ–പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം | – | – | – | 74 | – | – |
| കടിയേറ്റതിനുശേഷം കുത്തിവെപ്പ് നൽകിയവയുടെ എണ്ണം | 11 | – | 5 | 3 | – | – |

## ചേളന്നൂർ ഗ്രാമപഞ്ചായത്ത്

# വളർത്തുപക്ഷിസംഖ്യ

| വാർഡ് | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 98 | 160 | 335 | 3 | 5 | 6 |
| 2 | 79 | 110 | 182 | – | – | 8 |
| 3 | 102 | 148 | 187 | 2 | 6 | 12 |
| 4 | 96 | 84 | 152 | – | – | 7 |
| 5 | 79 | 70 | 191 | – | – | 2 |
| 6 | 59 | 132 | 182 | – | – | 9 |
| 7 | 102 | 89 | 155 | – | – | 4 |
| 8 | 76 | 68 | 124 | 2 | 4 | 13 |
| 9 | 104 | 99 | 184 | – | – | 7 |
| 10 | 71 | 115 | 132 | 2 | 4 | 9 |
| 11 | 83 | 98 | 168 | 5 | 13 | 17 |
| 12 | 91 | 115 | 190 | – | – | 14 |
| | 1040 | 1288 | 2182 | 14 | 32 | |

## ചേളന്നൂർ ഗ്രാമപഞ്ചായത്ത്

# കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തുമൃഗയിനം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1710 | 806 | 148 |
| കിടാരി | 825 | 438 | 129 |
| എരുമ | – | – | – |



# വ്യവസായം

വ്യാവസായികവികസനത്തിന് സാധ്യതകളേറെയുണ്ടായിട്ടും പ്രസ്തുതമേഖലയിൽ പറയത്തക്കനേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. മുൻകാലത്ത് നിലവിലിരുന്ന പരമ്പരാഗത കുടിൽവ്യവസായങ്ങളും പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് പ്രവർത്തിച്ചിരുന്ന ചെറുകിട ചകിരിവ്യവസായവും ഇന്ന് ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. പ്രമുഖ വ്യവസായിയായ എം എ ഉണ്ണീരിക്കുട്ടി തന്റെ വ്യവസായ ശൃഗലക്ക് തുടക്കം കുറിച്ചത് സ്വദേശമായ ചേളന്നൂരിൽനിന്നാണ്.വ്യാവസായികരംഗത്തെ മുരടിപ്പ് തൊഴിലില്ലായ്മക്കും ഉല്പാദനമാന്ദ്യതയ്ക്കും ദാരിദ്ര്യത്തിനും കാരണമായിരിക്കുന്നു.

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഗ്രാമീണമൺപാത്രവ്യവസായയൂണിറ്റ്, ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന അമ്പലത്തുകുളങ്ങരയിലെ നെയ്ത്ത് കേന്ദ്രം, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഡോ: പ്രകാശം ഹോമിയോപതിക് ഫാർമസ്യൂട്ടിക്കൽസ്, പനാമ പ്ലാസ്റ്റിക്, ഡയമണ്ട് സിലിക്കേറ്റ് എന്നിവയാണ് ശ്രദ്ധേയമായ വ്യവസായങ്ങൾ. കൂടാതെ രണ്ട് സിനിമാശാലകളും, കയർ, തടി, തുണി, ധാന്യംപൊടിക്കൽ, എഞ്ചിനീയറിംഗ്, ഓട്ടോമോബൈൽ എന്നീ മേഖലകളിൽ 25-ഓളം ചെറുകിടസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തികപരാധീനത, തൊഴിൽപ്രശ്നങ്ങൾ, അസംസ്കൃതപദാർഥങ്ങളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ മുഖ്യ കാർഷികോല്പന്നമായ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളൊന്നും പഞ്ചായത്തിലില്ല.
- ഖാദിമേഖലയിലെ വേതനക്കുറവ്
- സഹകരണമേഖലയിൽ വ്യവസായങ്ങളുടെ അഭാവം
- ചെറുകിട കുടിൽവ്യവസായങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
- പരമ്പരാഗതവ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ്
- ഊർജ്ജപ്രതിസന്ധി
- സാങ്കേതികവൈദഗ്ധ്യത്തിന്റെ കുറവ്

## സാധ്യതകൾ

- കാർഷികോല്പന്നങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഴസംസ്കരണ ഫാക്ടറി, അച്ചാർനിർമ്മാണം തുടങ്ങിയവ്യവസായങ്ങൾ
- സോപ്പ്, തീപ്പട്ടി, പപ്പടം, സൂപ്പർവൈറ്റ്, ബുക്ക്ബൈന്റിംഗ്, ഗാർമെന്റ് മേക്കിംഗ്, ബാഗ്, ചെരുപ്പ്, കുട എന്നീ വ്യവസായങ്ങളുടെ യൂണിറ്റ്.
- പരമ്പരാഗതകുടിൽ വ്യവസായമേഖലയിൽ കുട്ട, പായ, തുടങ്ങിയവയുടെ നിർമ്മാണം
- നൂൽനൂൽപ് കേന്ദ്രങ്ങൾ, പട്ടുനൂൽവ്യവസായം എന്നിവയ്ക്ക് സൗകര്യപ്രദമായ സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്.
- പഞ്ചായത്തിൽ നാമാവശേഷമായ ചകിരിവ്യവസായം പുനരുദ്ധരിക്കുക.
- കരകൗശലവസ്തുക്കൾ, കളിപ്പാട്ടങ്ങൾ എന്നിവയുടെ നിർമ്മാണം.
- വെളിച്ചെണ്ണ, എള്ളെണ്ണ തുടങ്ങിയവ ഉല്പാദിപ്പിക്കു

നതിനുള്ള യുണിറ്റുകൾ

- കറിപൗഡറുകൾ, അവിൽ എന്നിവയുടെ നിർമ്മാണം
- റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ക്ഷീരോല്പാദനനിർമ്മാണയൂനിറ്റ്, ആയുർവേദമരുന്നു നിർമ്മാണം, അടയ്ക്കാസംസ്കരണയൂനിറ്റ്, ഓട്ടോമോബൈൽ, ഇലക്ട്രിക് വർക്ക്ഷോപ്പുകൾ, ക്രഷർ യൂനിറ്റുകൾ.
- 6, 7, 8 വാർഡുകളിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട വ്യവസായസ്ഥാപനങ്ങൾ.
- പഞ്ചായത്തിൽ ഒരു മിനിവ്യവസായ എസ്റ്റേറ്റിന് സാധ്യതയുണ്ട്.

ചേളന്നൂരിൽ വ്യവസായമേഖലയിൽ പറയത്തക്ക നേട്ടങ്ങളൊന്നും ഇതുവരെ കൈവരിക്കാൻ സാധിച്ചിട്ടില്ല. എടുത്തുപറയത്തക്ക 4 വ്യവസായങ്ങളിൽ മൂന്നെണ്ണം സ്വകാര്യമേഖലയിലും ഒന്നു സഹകരണമേഖലയിലുമാണ്.

## സഹകരണമേഖല

1. ചേളന്നൂർ ഗ്രാമീണമൺപാത്രവ്യവസായയൂനിറ്റ്

## സ്വകാര്യമേഖല

1. ഡോ: പ്രകാശം ഹോമിയോപതിക് ഫാർമസ്യൂട്ടിക്കൽസ്
2. പനാമ പ്ലാസ്റ്റിക്സ്, കണ്ണങ്കര
3. ഡയമണ്ട് സിലിക്കേറ്റ്സ്

ശേഷിക്കുന്ന മററ് അഞ്ചുവ്യവസായങ്ങളിൽ 47 പുരുഷന്മാരും രണ്ട് സത്രീകളും ജോലി ചെയ്യുന്നു. പരമ്പരാഗത വ്യവസായത്തിൽ പ്രധാനമായ തഴപ്പായ നിർമ്മിക്കലും ചകിരിതൂപ്പ് വ്യവസായവുമാണ്.

വ്യവസായമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

വ്യവസായരംഗത്ത് സ്ത്രീകളുടം പ്രാതിനിധ്യം ഇല്ല എന്നുതന്നെ പറയാം. എങ്കിലും പായനിർമ്മാണത്തിലും ചകിരി ഉപയോഗിച്ചുള്ള കയർനിർമാണത്തിലും ഒരുകാലത്ത് സ്ത്രീകൾ ആധിപത്യം പുലർത്തിയിരുന്നു. എന്നാൽ ഇന്ന് ഈ രണ്ട് മേഖലയിൽനിന്ന് സ്ത്രീ തൊഴിലാളികൾ പിന്നോക്കം പോയിരിക്കുന്നു.

## വിനോദവ്യവസായം

1. അശ്വതി ടാക്കീസ്
2. സജ്ന ടാക്കീസ്

എന്നീ സിനിമാശാലകൾ ഈ പഞ്ചായത്തിലുണ്ട്. ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുയാണ്. 6, 7, 8 വാർഡുകളിൽ വിനോദസഞ്ചാരകേന്ദ്രങ്ങളാക്കി മാറ്റാൻ സാധ്യതയുണ്ട്. ചെലപ്രം മുതൽ മുക്കത്തുതാഴം വരെ കളപ്പൊയ്ക മോഡൽ ബോട്ടുസർവീസ് ആരംഭിക്കുക. ചെമ്മീൻ വളർത്തൽ മത്സ്യം വളർത്തൽ എന്നിവയ്ക്ക് 6-7 വാർഡുകളിലെ ചില ഭാഗങ്ങൾ ഉപയുക്തമാണ്.

ഫർണീച്ചർ നിർമ്മാണം ഈർച്ചമിൽ, ധാന്യം പൊടിക്കൽ എന്നീ രംഗങ്ങളിൽ 25-ഓളം ചെറുകിട വ്യവസായങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും സോപ്പ്, എണ്ണ, വെളിച്ചെണ്ണ തുടങ്ങിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യവസായശാലകൾ ഇല്ല എന്നുള്ള കാര്യം എടുത്തുപറയേണ്ടതായിട്ടുണ്ട്. വളരെയധികം തൊഴിൽ സാധ്യതകളും സാങ്കേതികവിദ്യകളും ഗതാഗതസൗകര്യങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും സാക്ഷരതയും ഉണ്ടെങ്കിലും വേണ്ടവിധത്തിൽ വ്യവസായവളർച്ച പ്രാപിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോയത് താഴെ പറയുന്ന പ്രത്യേകകാരണങ്ങൾകൊണ്ടാണ്.

1. മുഖ്യകാർഷികോത്പന്നമായ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല.
2. കയർ, ഖാദി, നീറ്റ് കക്ക എന്നീ വ്യവസായങ്ങളിലെ വേതനക്കുറവ്.
3. സഹകരണ മേഖലയിലുള്ള കയർ വ്യവസായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.
4. സാങ്കേതികപരിജ്ഞാനക്കുറവ്
5. ധനസഹായം ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്
6. വിപണനസാധ്യത കുറവ്
7. പരമ്പരാഗത വ്യവസായത്തിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്
8. വനിതകൾക്ക് തൊഴിലവസരക്കുറവ്
9. തൊഴിലാളിസംഘടനകളുടെ അനാവശ്യസമരങ്ങൾ
10. സഹകരണമേഖലയിൽ വ്യവസായങ്ങളുടെ അഭാവം

## സാധ്യതകൾ

ചേളന്നൂർ പഞ്ചായത്തിൽ വിദ്യാസമ്പന്നരായ യുവതീയുവാക്കൾ ധാരാളമുണ്ട്. പരമ്പരാഗതവ്യവസായങ്ങളിൽ സാംസ്കാരികമൂല്യങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. കയർ, പായ വ്യവസായങ്ങളിൽ ശാസ്ത്രീയാവബോധം വളർത്തിയെടുത്ത് ഈ വ്യവസായങ്ങളെ പരിപോഷിപ്പിക്കേണ്ടതാണ്.

## ഖാദിമേഖല

ചേളന്നൂർ പഞ്ചായത്തിൽ ഖാദിമേഖലയിൽ ധാരാളം വ്യവസായങ്ങൾ നടപ്പാക്കൻ കഴിയുന്നതാണ്. പഴവർഗങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷ്യസംസ്കരണയൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ ധാരാളം വനിതകൾക്ക്

തൊഴിൽസാധ്യതയും കൃഷിക്കാർക്ക് വിപണനമേഖല കണ്ടെത്താനും സാധിക്കും. സോപ്പ്, തീപ്പെട്ടി നിർമ്മാണയൂനിറ്റുകൾ, നീറ്റുകക്ക സംസ്കരണയൂനിറ്റ്, മുള ഉപയോഗിച്ചുള്ള കൊട്ട, വട്ടി, തുടങ്ങിയ യൂനിറ്റുകൾ സ്ഥാപിക്കുകയാണെങ്കിൽ തൊഴിലില്ലായ്മാ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

ചേളന്നൂർ പഞ്ചായത്തിലെ 5-ാം വാർഡിൽ ഒഴികെ ഒരു വാർഡിലും നൂൽ നൂല്പ് കേന്ദ്രം പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുരുങ്ങിയത് 2 വാർഡുകൾക്ക് ഒരു നൂൽനൂല്പുകേന്ദ്രം എന്ന നിലയിൽ 6 കേന്ദ്രങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ ഖാദി മേഖലയിൽ പുതിയ ഉണർവ് ഉണ്ടാക്കാനും ധാരാളം സ്ത്രീകൾക്ക് തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കാനും കഴിയും. അതോടൊപ്പംതന്നെ നെയ്ത്ത് പരിശീലനം ആരംഭിക്കുകയും, വിപണനമേഖല കണ്ടെത്തുകയും ചെയ്താൽ നൂൽനൂൽപുരംഗത്ത് വൻമാറ്റം ഉണ്ടാക്കാൻ സാധിക്കും.

ചകിരി ഉപയോഗിച്ചുള്ള കയർ, ചൂടി, ചൂടിപ്പടം, ചവിട്ടി എന്നിവയുടെ നിർമ്മാണത്തിന് 6, 7, 8 വാർഡുകൾ ചേർത്തുകൊണ്ട് ആരംഭിക്കാൻ സാധിക്കും. എണ്ണ, വെളിച്ചെണ്ണ മില്ലുകൾ സ്ഥാപിച്ചാൽ വിപണിയോടൊപ്പം തന്നെ ഈ ഗ്രാമത്തിൽ നല്ലൊരു ശതമാനം വിപണനത്തിലൂടെ നിത്യോപയോഗസാധനങ്ങളും വ്യവസായങ്ങളായ കറിപ്പൊടികൾ, എണ്ണ, സോപ്പ് തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കാൻ മുന്നോട്ട് വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായവികസനബോധം വളർത്തിയെടുക്കാനുള്ള ഉപദേശകസമിതി രൂപീകരിച്ച് വ്യാവസായികസംരംഭങ്ങളിൽ പ്രചോദനം നൽകി ആവശ്യമായ സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

**ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻസാധ്യതയുള്ള വ്യവസായങ്ങൾ**

1. റെഡിമെയ്ഡ് വസ്ത്രവ്യവസായം
2. മെഴുകുതിരി നിർമ്മാണം
3. പാലിൽനിന്ന് ചോക്ക്ലേറ്റ്, ഹലുവ, ബിസ്കറ്റ്, മിഠായി എന്നിവയുടെ നിർമ്മാണയൂണിറ്റ്.
4. പട്ടുനൂൽ വ്യവസായം
5. ആയുർവേദമരുന്ന്വ്യവസായം
6. ഇനാമൽപെയ്ന്റ് നിർമ്മാണം
7. പ്ലാസ്റ്റിക്ബാഗ് നിർമ്മാണം
8. ചെരുപ്പ് നിർമ്മാണം
9. ക്ലീനിംഗ്പൗഡർ നിർമ്മാണം
10. അലക്ക്സോപ്പ്, സോപ്പുപൊടി നിർമ്മാണയൂനിറ്റ്
11. അടക്ക, പയങ്ങ സംസ്കരണയൂനിറ്റ്
12. ഹോളോബ്രിക്സ് നിർമ്മാണം
13. ഓട്ടോ, ഇലക്ട്രിക് വർക്ക്ഷോപ്പ്
14. കുട, നോട്ട്, കിടക്ക നിർമ്മാണയൂനിറ്റ്
15. ഇലക്ട്രോണിക്സ്-ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണയൂനിറ്റ്
16. ചന്ദനത്തിരി നിർമ്മാണയൂനിറ്റ്
17. കോഴിവളർത്തൽ കേന്ദ്രം

## വൻകിട വ്യവസായങ്ങൾ

1. നാളികേരസംസ്കരണയൂനിറ്റ്
2. വെളിച്ചെണ്ണനിർമ്മാണം, ചകിരിനാരുപയോഗിച്ചുള്ള കയർ ഉല്പന്നങ്ങൾ, ചിരട്ടകൊണ്ടുള്ള കരകൗശലവസ്തുക്കൾ
3. കരിങ്കല്ല് വ്യവസായയൂനിറ്റ്

## മിനിവ്യവസായഎസ്റ്റേറ്റ്

ചേളന്നൂർ പഞ്ചായത്തിൽ 8-ാംവാർഡിൽ പൊതുജനങ്ങൾ വിട്ടുകൊടുക്കാമെന്നേറ്റ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാടകയ്ക്ക് കൊടുക്കാനുള്ള പദ്ധതി നടപ്പാക്കണം.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കരിങ്കൽ, മെറ്റൽ നിർമ്മാണയൂനിറ്റ് സ്ഥാപിക്കുക
2. തഴപായ, നെയ്ത്ത്യൂനിറ്റ് സ്ഥാപിക്കുക
3. ഐസ്നിർമ്മാണഫാക്ടറി സ്ഥാപിക്കുക
4. പനാമാ പ്ലാസ്റ്റിക്സിൽ ട്രയ്നികളായി കുറച്ചുപേരെ നിയമിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക
5. യന്ത്രവൽകൃതകയർസൊസൈറ്റി
6. ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ്
7. ആഴ്ചച്ചന്തകൾ നടത്തുക
8. കളിമൺ വ്യവസായം പരിപോഷിപ്പിക്കുക

## നിർദേശങ്ങൾ

1. ചേളന്നൂർ പഞ്ചായത്തിൽ കയർസഹകരണ സംഘം രൂപീകരിക്കുക.
2. വ്യസസായസംരംഭകർക്ക് ആവശ്യമായ രീതിയിൽ മോണിറ്ററിസെന്റർ ആരംഭിക്കുക.
3. വ്യവസായികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. റെഡിമെയ്ഡ് വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പുതിയ സാധ്യതകളെപ്പറ്റി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ധപരിശീലനം നൽകുക.
5. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് കേരവികസനബോർഡ്, കേരഫെഡ്, കയർവികസനഡയരക്ടർ, റീജിനൽ റിസർച്ച് ലബോറട്ടറി തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുക.
6. വ്യവസായപ്രതിസന്ധിക്ക് കാരണമായ വൈദ്യുതി പ്രശ്നം, സാമ്പത്തികബുദ്ധിമുട്ട് ഇവ പരിഹരിക്കുന്നതിന് ഒരു നിർദ്ദേശകസമിതി രൂപീകരിക്കുക
7. വ്യവസായസംരംഭകർക്ക് ഒരു രജിസ്ട്രേഷൻസെൽ രൂപീകരിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ പുതിയൊരു രാഷ്ട്രീയാവബോധം സൃഷ്ടിച്ച് വ്യവസായരംഗത്ത് പുരോഗതിയുണ്ടാക്കാൻ സാധിക്കും. നമുക്കാവശ്യമായ നിത്യോപയോഗവസ്തുക്കൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ നമുക്ക് തന്നെ സാധ്യത വർദ്ധിപ്പിക്കാനും പഞ്ചായത്തിന് നല്ലൊരു സാമ്പത്തികാസ്തിയുണ്ടാക്കാനും സാധിക്കും.

○○



'ഇന്ത്യ അക്രമരഹിത മാർഗത്തിലൂടെ മുന്നേറണമെങ്കിൽ വികേന്ദ്രീകരണം നടപ്പാക്കേണ്ടിവരുമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. കേന്ദ്രീകരണം വേണ്ടത്ര ശക്തി ഉപയോഗിക്കാതെ നിലനിർത്തുവാനോ സംരക്ഷിക്കുവാനോ കഴിയുകയില്ല.'

–ഗാന്ധിജി



# വിദ്യാഭ്യാസം

സ്വാതന്ത്ര്യലബ്ധക്കും വളരെമുമ്പുതന്നെ ചേളന്നൂർ പഞ്ചായത്തിൽ ഔപചാരികവിദ്യാഭ്യാസപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. കണ്ണങ്കര, ഇച്ചന്നൂർ, മുതുവാട്, ഇരുവള്ളൂർ എന്നിവിടങ്ങളിൽ എഴുത്തുപള്ളികൾ ഉണ്ടായിരുന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ അമ്പലത്തുകുളങ്ങരയ്ക്കടുത്ത് പ്രവർത്തിച്ചിരുന്ന 'മഠത്തിൽ സ്കൂൾ' ആയിരുന്നു പഞ്ചായത്തിലെ ആദ്യത്തെ ഔപചാരികവിദ്യാഭ്യാസകേന്ദ്രം. ഇതാണ് പിന്നീട് ചേളന്നൂർ താമരശ്ശേരി ഗവ: എൽ.പി. സ്കൂളായത്. ചേളന്നൂർ എ.എൽ.പി. സ്കൂൾ, ശ്രീനാരായണവിലാസം യു.പി. സ്കൂൾ, ഇരുവള്ളൂർ ജി.യു.പി.എസ്., ഇച്ചന്നൂർ യു.പി.എസ്., യൂണിയൻ എൽ.പി.എസ്. എന്നിവ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ആദ്യകാലവിദ്യാലയങ്ങളാണ്.

സാമുദായിക-സാമ്പത്തിക ഉച്ചനീചത്വങ്ങൾ വിദ്യാഭ്യാസരംഗത്തേയും ബാധിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് സവർണ്ണരുടേയും ഭൂവുടമകളുടേയും മക്കൾക്ക് മാത്രമേ സ്കൂൾ പ്രവേശനം ലഭിച്ചിരുന്നുള്ളൂ. ദേശീയ പ്രസ്ഥാനവും അതുമായി ബന്ധപ്പെട്ട സാമൂഹ്യനവോത്ഥാനശ്രമങ്ങളും പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിൽ ഗുണകരമായി മാറ്റം വരുത്തിയിട്ടുണ്ട്. ഹരിജനങ്ങളുടെ കുട്ടികൾക്കായി പഞ്ചായത്തിൽ മുതുവാട്ട് (പാലത്ത്) ഒരു 'ലേബർസ്കൂൾ' ആരംഭിച്ചത് ആദ്യകാല ഹരിജനോദ്ധാരണ പ്രവർത്തകനായ ശ്രീ തനീരമാസ്റ്ററാണ്. ചേളന്നൂർ പഞ്ചായത്തിനുപുറമേ നന്മണ്ടയിലും അദ്ദേഹം അത്തരത്തിലുള്ള ഒരു സ്കൂൾ സ്ഥാപിച്ചിരുന്നു. അന്നത്തെ 'ലേബർ സ്കൂളാ'ണ് ഇപ്പോഴത്തെ ഗവൺമെന്റ് വെൽഫേർ എൽ.പി.സ്കൂൾ. അധഃസ്ഥിതരുടെ വിദ്യാഭ്യാസത്തിലും സാമൂഹ്യോന്നമനത്തിലും അതീവതല്പരരായിരുന്ന മറ്റുരണ്ട് മഹത്വ്യക്തികളായിരുന്നു ശ്രീ മൂത്തോറൻ മാസ്റ്ററും ശ്രീ കൃഷ്ണൻമാസ്റ്ററും. ഇരുവരും ചേളന്നൂർ പഞ്ചായത്ത് പ്രസിഡണ്ടുമാരായിരുന്നിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ ഹൈസ്കൂൾ, യു.പി., എൽ.പി. വിഭാഗങ്ങളിലായി പതിനാറ് സ്കൂളുകളും ഒരു കോളേജും രണ്ട് ജനവിദ്യാകേന്ദ്രങ്ങളും പതിനഞ്ചോളം ശിശുവിദ്യാഭ്യാസകേന്ദ്രങ്ങളും സ്വകാര്യ മേഖലയിൽ രണ്ട് ഇംഗ്ലീഷ്മീഡിയം നഴ്സറി സ്കൂളുകളും ഒരു പാരലൽകോളേജും അരഡസൻ ട്യൂഷൻസെന്ററുകളും മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു നൃത്തവിദ്യാലയവും ഒരു സംഗീതവിദ്യാലയവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ മുതുവാട്ട് ഒരു പ്രീപ്രൈമറി വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്.

ആധുനിക ഇംഗ്ലീഷ്മീഡിയാഭ്രമം പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട് എന്നു പറയാം. ഉദ്യോഗസ്ഥരുടേയും സമ്പന്നരുടേയും കുട്ടികളിൽ നല്ലൊരു വിഭാഗം നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കാണ് പോകുന്നത്. എന്നിരുന്നാലും മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ കുട്ടികൾ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത് പഞ്ചായത്തിൽതന്നെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെയാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പഠനനിലവാരത്തിലുള്ള കുറവും സമരവും കാരണം അധ്യയനദിനങ്ങൾ നഷ്ടമാകുന്ന സ്ഥിതിയുമാണ് പലരും നഗരങ്ങളിലെ വിദ്യാലയങ്ങളിലേക്ക് പോകുന്നതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നത്.

ചേളന്നൂർ ശ്രീനാരായണഗുരുകോളേജ്, രണ്ട് ഹൈസ്കൂളുകൾ എന്നിവിടങ്ങളിൽ പഞ്ചായത്തിൽ നിന്നുള്ളവർക്കു പുറമേ സമീപപഞ്ചായത്തുകളിലും

കോഴിക്കോട് നഗരസഭയിൽനിന്നുമുള്ള കുട്ടികൾ പഠിക്കുന്നുണ്ട്.

1957-ന് മുമ്പ്പഞ്ചായത്തിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി എലത്തൂർ, നന്മണ്ട, പയിമ്പ്ര എന്നിവിടങ്ങളിലേക്കായിരുന്നു കുട്ടികൾ പോയിരുന്നത്. 1957-ൽ പഞ്ചായത്തിൽ ആദ്യത്തെ ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു. അന്ന് ഇതിന്റെ പേര് 'കക്കോടി ഹൈസ്കൂൾ - ചേളന്നൂർ' എന്നായിരുന്നു. പിന്നീട് ഇത് എ.കെ.കെ.ആർ ഹൈസ്കൂൾ എന്നറിയപ്പെട്ടു. 1981-ൽ ഇത് ബോയ്സ്-ഗേൾസ് സ്കൂളുകളായി വിഭജിക്കപ്പെട്ടു. ഇപ്പോൾ പഞ്ചായത്തിൽ 8 എൽ.പി.സ്കൂളുകളും 6 യു.പി. സ്കൂളുകളും 2 ഹൈസ്കൂളുകളും പ്രവർത്തിക്കുന്നു. കണ്ണങ്കര പ്രഭാകരവിലാസം യു.പി. സ്കൂളിൽ യു.പി. വിഭാഗത്തിൽ അഞ്ചാംക്ലാസ്സ് മാത്രമേയുള്ളൂ. രണ്ട് ഹൈസ്കൂളുകളിലും യു.പി. വിഭാഗങ്ങൾകൂടി പ്രവർത്തിക്കുന്നുണ്ട്. ആകെ വിദ്യാലയങ്ങളുടേയും കുട്ടികളുടേയും അധ്യാപകരുടേയും എണ്ണം പട്ടിക 1(എ) യിൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിൽ സർക്കാർ പങ്കാളിത്തം വളരെ കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക 1 (ബി)) ആകെ വിദ്യാർത്ഥികളിൽ 13.93% മാത്രമാണ് ഗവൺമെന്റ് വിദ്യാലയങ്ങളിൽ പഠിക്കുന്നത്. അധ്യാപകരിൽ 12.09% ആണ് ഗവൺമെന്റ് സ്കൂളുകളിലുള്ളത്.

ഹൈസ്കൂൾ വിഭാഗത്തിൽ ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളും യു.പി., എൽ.പി. വിഭാഗങ്ങളിൽ പെൺകുട്ടികളേക്കാൾ ആൺകുട്ടികളും പഠിക്കുന്നു. ആകെ വിദ്യാർത്ഥികളുടെ 12.76% പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്. പെൺകുട്ടികളെയും പട്ടികജാതി/വർഗ വിദ്യാർത്ഥികളേയും സംബന്ധിച്ച കണക്കുകൾ പട്ടിക 1(സി), 1(ഡി) എന്നിവയിൽ ചേർത്തിരിക്കുന്നു.--

കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ തദ്ദേശവാസികൾ അതീവതല്പരരാണ് എന്നുകാണാം. ഇടയ്ക്കുവച്ച് വിദ്യാഭ്യാസം നിർത്തുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. വിവിധകാരണങ്ങളാൽ ചുരുക്കം ചിലർക്കെങ്കിലും വിദ്യാഭ്യാസം നിർത്തേണ്ടിവരുന്നുണ്ട് എന്ന് പട്ടിക 1(ഇ) യിലെ കണക്കുകൾ സൂചിപ്പിക്കുന്നു.

സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ വളരെയൊന്നും തൃപ്തികരമല്ല എന്ന് പഠനങ്ങൾ തെളിയിക്കുന്നു. മൂത്രപ്പുരകൾ കുടിവെള്ളം എന്നിവ മിക്ക സ്കൂളുകളിലും ലഭ്യമാണെങ്കിലും അവ അപര്യാപ്തമാണ് എന്നുകാണാം. ശരാശരി 337.61 കുട്ടികൾക്ക് ഒരു മൂത്രപ്പുര മാത്രമേയുള്ളൂ. ചുറ്റുമതിൽ പൂർണ്ണമായും ഉള്ള വിദ്യാലയങ്ങൾ ഇല്ല എന്നുതന്നെ പറയാം. പകുതി വിദ്യാലയങ്ങളിലേ വൈദ്യുതി ലഭ്യമായിട്ടുള്ളൂ. സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങളും തൃപ്തികരമല്ല. പകുതി വിദ്യാലയങ്ങളിൽ മാത്രമേ ലബോറട്ടറികളുള്ളൂ. ഉള്ളവയിൽത്തന്നെ പലതും ശരിയായ പ്രവർത്തിക്കാത്തവയാണ്. ബ്ലാക്ക് ബോർഡുകൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയിലൊക്കെ ദൗർലഭ്യം നേരിടുന്നു. പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടേയും അക്കാദമിക് സൗകര്യങ്ങളുടേയും സ്ഥിതിവിവരക്കണക്കുകൾ പട്ടിക II, പട്ടിക III എന്നിവയിൽ കാണിച്ചിരിക്കുന്നു.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമാണെന്ന് പറഞ്ഞുകൂടാ. പല സ്കൂളുകളിലും നിലവാരം പ്രതീക്ഷിതമിനിമം നിലവാരത്തിലും താഴെയാണ്. എ.കെ.കെ.ആർ ബോയ്സ് ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനത്തിന്റെ കണക്കുകൾ ഒട്ടും ആശാവഹമായ ചിത്രമല്ല വരച്ചുകാട്ടുന്നത്. സ്കൂളുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പഠനനിലവാരം സംബന്ധിച്ച കണക്കുകൾ പട്ടിക IV ലും എസ്.എസ്.എൽ.സി. വിജയശതമാനത്തിന്റെ കണക്കുകൾ പട്ടിക V ലും ചേർത്തിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസരംഗത്ത് പുത്തൻ ഉണർവും ആവേശവും നൽകിക്കൊണ്ട് 1968-ൽ ശ്രീനാരായണ ഗുരു കോളേജ് സ്ഥാപിച്ചു. മുൻമുഖ്യമന്ത്രി ആർ. ശങ്കർ ആണ് ഉദ്ഘാടനകർമ്മം നിർവഹിച്ചത്. പ്രീഡിഗ്രി കോഴ്സുകൾ മാത്രമുള്ള ഒരു ജൂനിയർ കോളേജായി ആരംഭിച്ച സ്ഥാപനം പിന്നീട് അപ്ഗ്രേഡ് ചെയ്യപ്പെടുകയും, ഇപ്പോൾ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുകയും ചെയ്യുന്നു. പഠനനിലവാരത്തിൽ കോഴിക്കോട് ജില്ലയിലെ മുൻനിരയിലുള്ള സ്ഥാപനങ്ങളിൽ ഒന്നാണ് ഇത്. എസ്.എൻ.ജി. കോളേജിലെ വിദ്യാർത്ഥികളുടെ കണക്ക് പട്ടിക VI ൽ ചേർത്തിരിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടേയും വിദ്യാലയങ്ങളിൽനിന്ന് ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന പ്രധാനപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- പല സ്കൂളുകളിലേയും പഠനനിലവാരം പ്രതീക്ഷിത മിനിമംനിലവാരത്തിലും താഴെയാണ്. പ്രത്യേകിച്ചും ഹൈസ്കൂളിലെ.
- എ.കെ.കെ.ആർ ബോയ്സ് ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം വളരെ ശോചനീയമാണ്.
- പല സ്കൂളുകളിലും അക്കാദമിക് സൗകര്യങ്ങൾ പരിമിതമാണ്. പഠനോപകരണങ്ങൾ, ലാബുകൾ, ബ്ലാക്ക്ബോർഡുകൾ എന്നിവയുടെ അപര്യാപ്തത മിക്ക സ്കൂളുകളിലുമുണ്ട്.
- സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. ആവശ്യമായ മൂത്രപ്പുരകൾ, ഫർണീച്ചറുകൾ, കളിസ്ഥലം എന്നിവ സ്കൂളുകളിലില്ല.
- പഞ്ചായത്തിലെ ഏക ഗവ: യു.പി.സ്കൂളിന് സ്വന്തം കെട്ടിടമോ സ്ഥലമോ ഇല്ല. സ്കൂൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.
- സ്കൂളുകളിൽ പഠ്യേതരപ്രവർത്തനങ്ങൾ കാര്യക്ഷ

മമായി നടക്കുന്നില്ല. രണ്ട് ഹൈസ്കൂളുകളിലും പാഠ്യേതരപ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല എന്നു പറയാം. ഇതുകൊണ്ട് കുട്ടികളുടെ നൈസർഗ്ഗികകഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. വ്യക്തിതവവികസനത്തിനുള്ള സാധ്യതകളുമില്ല. പഠനത്തിൽ അത്രഉല് സുകരല്ലാത്ത വിദ്യാർത്ഥികൾ അവരുടെ അഭിരുചിക്കനുസരിച്ച മറ്റു മേഖലകളില്ലാത്തതുകൊണ്ട് ആശാസ്യമല്ലാത്ത മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ഥിതിവിശേഷമുണ്ട്.

- ഹൈസ്കൂളിൽ ലൈബ്രറി, ലബോറട്ടറി എന്നിവയുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല.
- കലാകായികരംഗത്തും അക്കാദമിക്‌മേഖലയിലും ജില്ലാസംസ്ഥാനതലങ്ങളിൽ സമ്മാനം നേടുന്നവരുടെ എണ്ണം വിരളമാണ്.
- സ്കൂളുകളിൽ കളിസ്ഥലത്തിന്റെ അഭാവം കൊണ്ടോ ഉള്ളവ ഉപയോഗപ്പെടുത്താത്തതുകൊണ്ടോ കായികവിദ്യാഭ്യാസം കാര്യക്ഷമമായി നടക്കുന്നില്ല.
- ഹൈസ്കൂൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള സ്കൂൾ കോംപ്ലക്സ്പ്രവർത്തനം നടക്കുന്നില്ല.
- സാങ്കേതികവിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും യാതൊരു സൗകര്യവും പഞ്ചായത്തിലില്ല.
- ശിശുവിദ്യാഭ്യാസകേന്ദ്രങ്ങൾ പഞ്ചായത്തിലെ പലഭാഗത്തുമുണ്ടെങ്കിലും അവയുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. 5-ാം വാർഡിൽ മാക്കാടത്ത് താഴത്ത് പ്രവർത്തിക്കുന്ന ബാലവാടി കെട്ടിടത്തിന്റെ മേൽക്കൂര ഏതു നിമിഷവും തകർന്നു വീഴാവുന്ന നിലയിലാണ്.
- ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനവും തുടർസാക്ഷരതാപ്രവർത്തനങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്.
- പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എസ്.എൻ.ജി. കോളേജിൽ ഉന്നതവിദ്യാഭ്യാസത്തിന് ആഗ്രഹിക്കുന്ന തദ്ദേശീയരല്ലാത്ത എല്ലാവർക്കും പ്രവേശനം ലഭിക്കാത്ത സ്ഥിതിയുണ്ട്.
- എല്ലാ സ്കൂളുകളിലും മാതൃസംഗമം സജീവമാണെങ്കിലും പി.ടി.എ.കളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.
- രണ്ട് ഹൈസ്കൂളുകളിലും വിദ്യാർത്ഥിസമരങ്ങൾ കാരണം ഓരോ വർഷവും പതിനഞ്ച്-ഇരുപത് അധ്യയനദിവസങ്ങൾ നഷ്ടമാകുന്നുണ്ട്.
- ടെലിവിഷന്റെ സാർവത്രികവൽക്കരണം വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

## പരിഹാരനിർദേശങ്ങൾ

- പി.ടി.എ, സന്നദ്ധസംഘടനകൾ, മാനേജ്മെന്റ് എന്നിവയുടെ സഹകരണത്തോടെ സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും മെച്ചപ്പെടുത്തണം. കളിസ്ഥലം,ഫർണീച്ചറുകൾ ബ്ലാക്ക്ബോർഡുകൾ, പഠനോപകരണങ്ങൾ, മൂത്രപ്പുരകൾ, കക്കൂസുകൾ, കുടിവെള്ളം, വൈദ്യുതി, എന്നിവ എല്ലാ സ്കൂളുകളിലും പര്യാപ്തമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.
- രണ്ട് ഹൈസ്കൂളുകളിലേയും മറ്റ് വിദ്യാലയങ്ങളിലേയും പഠനനിലവാരം മെച്ചപ്പെടുത്താൻ അടിയന്തരനടപടികൾ കൈക്കൊള്ളണം.
- സ്കൂളുകളിൽ കായികവിദ്യാഭ്യാസത്തിനുവേണ്ട ഏർപ്പാടുകൾ എത്രയും പെട്ടെന്നുണ്ടാകണം.
- ഹൈസ്കൂൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള സ്കൂൾ കോപ്ലക്സ് പ്രവർത്തനം കാര്യക്ഷമമായി പുനഃസംഘടിപ്പിക്കണം.
- എല്ലാ സ്കൂളുകളിലും പാഠ്യേതരപ്രവർത്തനങ്ങൾ ഫലപ്രദമായിത്തന്നെ നടപ്പിലാക്കണം. ഇപ്പോൾ നിലവിലിരിക്കുന്ന ലിറ്ററസിക്ലബ്ബ്, സയിൻസ് ക്ലബ്ബ്, കാർഷിക ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.
- പഠനനിലവാരം ഉയർത്തുന്നതിന് നിലവാരം അനുസരിച്ച് കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിക്കുകയും ഓരോ ഗ്രൂപ്പിനേയും പ്രതീക്ഷിതമിനിമം നിലവാരത്തിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും വേണം. ഹൈസ്കൂളുകളിലെ സബ്ജക്ട് കൗൺസിലുകളുടെ പ്രവർത്തനം ഇതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.
- പഞ്ചായത്തിലെ ഉന്നതവിദ്യാഭ്യാസകേന്ദ്രമായ എസ്.എൻ.കോളേജിൽ ഉന്നതപഠനത്തിനാഗ്രഹിക്കുന്ന തദ്ദേശവാസികളായ എല്ലാവർക്കും പ്രവേശനം നൽകുന്നതിനുള്ള സംവിധാനം വേണം.
- എസ്.എൻ കോളേജിൽ കമ്പ്യൂട്ടർ സയിൻസ്, ബിസിനസ് മാനേജ്മെന്റ് എന്നിവയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുകയും ബിരുദാനന്തരപഠനത്തിനുള്ള കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.
- പഞ്ചായത്തിൽ സാങ്കേതികവിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനുംവേണ്ടി ഒരു സ്ഥാപനം ആരംഭിക്കണം.
- മാതൃഭാഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ശിശുവിദ്യാഭ്യാസം കാര്യക്ഷമമാക്കണം. സന്നദ്ധസംഘടനകളുടേയും സാമൂഹ്യക്ഷേമവകുപ്പിന്റെയും മറ്റും സഹകരണത്തോടെ ശിശുവിദ്യാഭ്യാസകേന്ദ്രങ്ങളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
- ഗവൺമെന്റ് ഉടമയിൽ പഞ്ചായത്തിലുള്ള ഏക

യു.പി.സ്കൂളായ ഇരുവള്ളൂർ ജി.യു.പി. സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണം. ഈ സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്ന നിർദ്ദേശവും ഗ്രാമസഭയിൽ ഉയർന്നുവരികയുണ്ടായി. കണ്ടന്നൂർ എ.എം. എൽ.പി. സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തണമെന്നും ജനങ്ങൾ ആവശ്യപ്പെടുന്നു.

- അഞ്ചാംവാർഡിൽ മാക്കാടത്ത്താഴത്തുള്ള നഴ്സറികെട്ടിടം അടിയന്തരമായും അറ്റകുറ്റപ്പണി നടത്തണം.
- ജി.എൽ.പി. സ്കൂൾ ചേളന്നൂർ, അഞ്ചാംക്ലാസ്സ് മാത്രമുള്ള യു.പി.സ്കൂളായ പ്രഭാകരവിലാസം എന്നിവ യു.പി.സ്കൂളുകളായും കണ്ണങ്കര ശ്രീനാരായണവിലാസം യു.പി.സ്കൂൾ ഹൈസ്കൂളായും ഉയർത്തണമെന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉന്നയിക്കുകയുണ്ടായി. സ്കൂളുകളൊന്നുമില്ലാത്ത എട്ടാംവാർഡിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കണമെന്നും നിർദ്ദേശമുണ്ട്.
- ഏഴാംക്ലാസ്സിൽ ഒരു പൊതുപരീക്ഷ നടത്തണമെന്നും നിർദ്ധനരായ കുട്ടികൾക്കുവേണ്ടി സൗജന്യട്യൂഷൻ നടത്താനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.
- തിരക്കേറിയ കോഴിക്കോട്-ബാലുശ്ശേരി റൂട്ടിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം, യാത്രാസൗകര്യം എന്നിവ കണക്കിലെടുത്ത് ട്രാഫിക് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
- സ്കൂളുകളുടെ അന്തരീക്ഷം വൃത്തിയുള്ളതും ആകർഷകവുമാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.
- സ്കൂളുകളിൽ കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കുന്നതിനുവേണ്ടി പൊതുപ്രവർത്തകർ സംഘടനകൾ എന്നിവ സഹകരിച്ച് പ്രവർത്തിക്കണം.
- ഇപ്പോൾ സ്കൂളുകളിൽ നിലവിലിരിക്കുന്ന ഉച്ചഭക്ഷണവിതരണപരിപാടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പിലാക്കണം.
- സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ, അക്കാദമിക് സൗകര്യങ്ങൾ, പാഠ്യേതരപ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്താനും വിലയിരുത്താനും വിദ്യാഭ്യാസവിദഗ്ധർ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ, പി.ടി.എ., മാനേജ്മെന്റ് പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു സമിതി പഞ്ചായത്ത്തലത്തിൽ രൂപീകരിക്കണം.
- ജനവിദ്യാകേന്ദ്രങ്ങൾ, തുടർസാക്ഷരതാപ്രവർത്തനങ്ങൾ എന്നിവ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ കാര്യക്ഷമമാക്കണം.
- എസ്.എൻ.കോളേജിലെ കളിസ്ഥലം പഞ്ചായത്തിന്റെ സഹായത്തോടെ ഒരു മിനിസ്റ്റേഡിയമായി വികസിപ്പിക്കാൻ കോളേജ് അധികാരികളുമായി ആലോചിച്ച് വേണ്ടത് ചെയ്യേണ്ടതാണ്.
- പുളിയോളി താഴത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പ്രൈമറി വിദ്യാലയം സ്ഥാപിക്കണം.

○○



*'പ്രസംഗത്തിന്റെ കാലം കഴിഞ്ഞു, ഇനി പ്രയത്നത്തിന്റെയും വിയർപ്പിന്റെയും കാലമാണ്.'*

–ഗാന്ധിജി

# വിദ്യാലയവിവരങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | | മാനേജ്മെന്റ് / സർക്കാർ | കുട്ടികളുടെ എണ്ണം | | ആകെ | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | | |
| 1 | എ.കെ.കെ.ആർ ബോയ്സ് | UP/HS | എയ്ഡഡ് | 1239 | – | 1239 | 51 |
| 2 | എ.കെ.കെ.ആർ ഗേൾസ് | UP/HS | എയ്ഡഡ് | – | 1402 | 1402 | 58 |
| 3 | ഇച്ചന്നൂർ യു.പി.എസ്, കണ്ണങ്കര | LP/UP | എയ്ഡഡ് | 326 | 240 | 566 | 24 |
| 4 | ജി.യു.പി.എസ്, ഇരുവള്ളൂർ | LP/UP | ഗവ: | 216 | 211 | 427 | 16 |
| 5 | ജനതാ എ.യുയപി. പാലത്ത് | UP | എയ്ഡഡ് | 229 | 165 | 394 | 18 |
| 6 | ശ്രീനാരായണവിലാസം യു.പി.,കണ്ണങ്കര | LP/UP | എയ്ഡഡ് | 182 | 158 | 340 | 13 |
| 7 | ജി.എൽ.പി.എസ്., ചേളന്നൂർ | LP | ഗവ: | 167 | 144 | 311 | 9 |
| 8 | എ.എൽ.പി.എസ്.,മുതുവാട് | LP | എയ്ഡഡ് | 122 | 122 | 244 | 9 |
| 9 | എ.എൽ.പി. എസ്., ചേളന്നൂർ | LP | എയ്ഡഡ് | 127 | 108 | 235 | 9 |
| 10 | യൂണിയൻ എൽ.പി.എസ്., പാലത്ത് | LP | എയ്ഡഡ് | 109 | 91 | 200 | 7 |
| 11 | ചേളന്നൂർ യു.പി.എസ്., | UP | എയ്ഡഡ് | 84 | 91 | 175 | 10 |
| 12 | എ.എൽ.പി.എസ്. പാലത്ത് | LP | എയ്ഡഡ് | 79 | 84 | 163 | 5 |
| 13 | ഗവ: വെൽഫേർ എൽ.പി., മുതുവാട് | LP | ഗവ: | 58 | 51 | 109 | 5 |
| 14 | പ്രഭാകരവിലാസം യു.പി., കണ്ണങ്കര | LP/UP | എയ്ഡഡ് | 80 | 78 | 158 | 6 |
| 15 | ശ്രീ വിദ്യാമന്ദിരം എൽ.പി., കണ്ണങ്കര | LP | എയ്ഡഡ് | 38 | 27 | 65 | 3 |
| 16 | എ.എം.എൽ.പി. എസ്., കങ്ങന്നൂർ | LP | എയ്ഡഡ് | 33 | 16 | 49 | 5 |
| ആകെ | | | 3087 | 2988 | 6077 | 248 | |

## ഗവ: സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| പഞ്ചായത്തിലെ ആകെ അധ്യാപകർ | ഗവ: സ്കൂളിലെ അധ്യാപകരുടെ എണ്ണം | ഗവ: സ്കൂളിലെ അധ്യാപകരുടെ ശതമാനം | പഞ്ചായത്തിലെ ആകെ വിദ്യാർഥികൾ | ഗവ: സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ: സ്കൂളിലെ വിദ്യാർത്ഥികളുടെ ശതമാനം |
|---|---|---|---|---|---|
| 248 | 30 | 12.09 | 6077 | 847 | 13.94 |

## വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ വിവരം

| എൽ.പി. വിഭാഗം | | | യു.പി. വിഭാഗം | | | ഹൈസ്കൂൾ വിഭാഗം | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം |
| 1155 | 1013 | 46.73 | 959 | 811 | 45.82 | 975 | 1164 | 54.42 |

## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | ലാബോറട്ടറി | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക്ബോർഡ് ആവശ്യത്തിന് | മാതൃസംഗമം സജീവം | പി.ടി.എ |
|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 14 | 8 | 3 | 11 | 9 | – | – | 1 | 9 | 16 | 15 |
| ഇല്ലാത്തത് | 2 | 8 | 13 | 5 | 7 | 16 | 16 | 15 | 7 | – | 1 |

## അക്കാദമിക് നിലവാരം

| | 30%താഴെ മാർക്ക് നേടുന്നവർ | 30–40 ശതമാനം മാർക്ക് നേടുന്നവർ | 40–50 ശതമാനം മാർക്ക് നേടുന്നവർ | 50–60 ശതമാനം മാർക്ക് നേടുന്നവർ | 60 ശതമാനത്തിൽ മാർക്ക് നേടുന്നവർ |
|---|---|---|---|---|---|
| എൽ.പി. വിഭാഗം | 19.62% | 20.05% | 23.48% | 14.20% | 22.48% |
| യു.പി. വിഭാഗം | 23.27% | 21.44% | 23.01% | 17.86% | 14.40% |
| ഹൈസ്കൂൾ വിഭാഗം | 73.24% | 14.64% | 7.20% | 3.21% | 1.42% |

## എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂൾ | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| എ.കെ.കെ.ആർ. ഗേൾസ് | ലഭ്യമല്ല | 52.5% | 48% | 58.2% | 58% |
| എ.കെ.കെ.ആർ. ബോയ്സ് | ലഭ്യമല്ല | 31.35% | 16.94% | 27.05% | 25% |

## എസ്.എൻ.ജി. കോളേജിലെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും കണക്ക്

| ആകെ വിദ്യാർഥികൾ | SC/ST | | മറ്റുള്ളവർ | | ആകെ അധ്യാപകർ |
|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | |
| 1312 | 98 | 126 | 356 | 732 | 50 |

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| എൽ.പി. വിഭാഗം | | | യു.പി. വിഭാഗം | | | ഹൈസ്കൂൾ വിഭാഗം | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം |
| 2168 | 279 | 12.87 | 1770 | 232 | 13.11 | 2139 | 263 | 12.3 |

## പഠനം നിർത്തിയവരുടെ കണക്ക്

| SC/ST വിഭാഗത്തിൽ പെട്ടവർ | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 4 | 4 | 8 | 50 | 29 | 79 |
| ആകെ പഠനം നിർത്തിയവർ 87 | | | | | |

## സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | എ.കെ.കെ.ആർ ബോയ്സ് | 1239 | 51 | 1 | 3 | ഉണ്ട് | ഉണ്ട് |
| 2 | എ.കെ.കെ.ആർ ഗേൾസ് | 1402 | 58 | 1 | 5 | ഉണ്ട് | ഉണ്ട് |
| 3 | ഇച്ചന്നൂർ യു.പി.എസ്, കണ്ണങ്കര | 566 | 24 | 1 | 1 | ഉണ്ട് | ഉണ്ട് |
| 4 | ജി.യു.പി.എസ്, ഇരുവള്ളൂർ | 427 | 16 | 2 | 1 | ഉണ്ട് | ഉണ്ട് |
| 5 | ജനതാ എ.യുയപി. പാലത്ത് | 394 | 18 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6 | ശ്രീനാരായണവിലാസം യു.പി.,കണ്ണങ്കര | 340 | 13 | 1 | 1 | ഉണ്ട് | ഉണ്ട് |
| 7 | ജി.എൽ.പി.എസ്., ചേളന്നൂർ | 311 | 9 | 1 | 1 | ഉണ്ട് | ഉണ്ട് |
| 8 | എ.എൽ.പി.എസ്.,മുതുവാട് | 244 | 9 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 9 | എ.എൽ.പി. എസ്., ചേളന്നൂർ | 239 | 9 | 1 | 1 | ഉണ്ട് | ഇല്ല |
| 10 | യൂണിയൻ എൽ.പി.എസ്., പാലത്ത് | 200 | 7 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 11 | ചേളന്നൂർ യു.പി.എസ്., | 175 | 10 | 2 | 1 | ഉണ്ട് | ഉണ്ട് |
| 12 | എ.എൽ.പി.എസ്. പാലത്ത് | 163 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 13 | ഗവ: വെൽഫേർ എൽ.പി., മുതുവാട് | 109 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 14 | പ്രഭാകരവിലാസം യു.പി., കണ്ണങ്കര | 158 | 6 | 2 | 1 | ഉണ്ട് | ഇല്ല |
| 15 | ശ്രീ വിദ്യാമന്ദിരം എൽ.പി., കണ്ണങ്കര | 65 | 3 | 1 | ഇല്ല | ഇല്ല | ഇല്ല |
| 16 | എ.എം.എൽ.പി. എസ്., കങ്ങന്നൂർ | 49 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |



# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

'ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം, ശുചിത്വമുള്ള ചുറ്റുപാടുകൾ' ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 95% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ വിസ്തൃതിയിൽ 24.2% ഭാഗങ്ങളിൽ ജലക്ഷാമം അനുഭവിക്കുന്നുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതി പ്രകാരം പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ജലം ലഭിക്കുന്നതിനാൽ കുടിവെള്ള ക്ഷാമം ഒരളവുവരെ പരിഹരിക്കപ്പെടുന്നു. എന്നാലും ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളത്തിന് വേണ്ടി രണ്ടു മൂന്നു കിലോമീററർ നടക്കേണ്ട അവസ്ഥയുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 3 കുഴൽകിണറുകളുണ്ട്. അതിൽ ഒന്ന് പ്രവർത്തനയോഗ്യമല്ല. കേരള വാട്ടർ അതോറിറ്റിയുടെ ജല വിതരണം ഈ പഞ്ചായത്തിൽ തീരെ നടക്കുന്നില്ല.

1995-96 വർഷത്തിൽ പഞ്ചായത്തിൽ 22 പേർക്ക് ജലജന്യ രോഗങ്ങൾ അനുഭവപ്പെടുകയുണ്ടായി. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നു വന്നതായ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്തുതലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി താഴെ ചേർത്തിരിക്കുന്നു.

## ചെറുകിട ശുദ്ധജല പദ്ധതികൾ:

12-ാം വാർഡിൽ അരീക്കുഴിയിൽ ഭാഗത്തുള്ള പ്രകൃതിദത്ത നീരുറവയിൽ നിന്നും കിട്ടുന്ന ജലം അവിടെ ടാങ്കുകെട്ടി പൈപ്പുവഴി താഴെ വിതരണം ചെയ്യാവുന്നതാണ്.

## പഞ്ചായത്ത് തല പദ്ധതി:

ചേളന്നൂർ പഞ്ചായത്തിൽ 8-ാം വാർഡിൽ ചിറക്കുഴിയിലുള്ള തടാകത്തിൽ സുലഭമായി ലഭിക്കുന്ന ശുദ്ധജലം പോഴിക്കാവ് കുന്നിൽ ടാങ്കുകെട്ടി സംഭരിച്ച് പൈപ്പ് ലൈൻ വഴി വിതരണം ചെയ്താൽ പഞ്ചായത്തിലുള്ള മുഴുവൻ ഭാഗങ്ങളിലേയും ശുദ്ധജലക്ഷാമം ഈ ഒരോറ്റ പദ്ധതി കൊണ്ടുതന്നെ പരിഹരിക്കാവുന്നതാണ്.

## പൊതുജനാരോഗ്യം

ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ മാത്രമല്ല ശാരീരികവും മാനസികവും സാമൂഹികവുമായ സമ്പൂർണ്ണ സുസ്ഥിതിയാണ്. 'രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ പഞ്ചായത്ത് ഇനിയും വളരെയധികം മുന്നോട്ടു പോവേണ്ടിയിരുന്നു. എന്നിരുന്നാലും ഭീകരമായ ആരോഗ്യ പ്രശ്നങ്ങളോ, പകർച്ചവ്യാധികളുടെ അതിപ്രസരമോ ഈ പഞ്ചായത്തിനെ അലട്ടിയിട്ടില്ല. വീടുകൾ കൂടുതലുള്ള ചതുപ്പു പ്രദേശങ്ങളും ജനസംഖ്യ കൂടുതലുള്ള കുന്നിൻ പ്രദേശങ്ങളും ജനങ്ങളുടെ ആരോഗ്യത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം പ്രദേശങ്ങളിൽ കക്കൂസിന്റെ ആവശ്യകതയെപ്പറ്റി ശരിയായ ബോധമില്ലായ്മ പരിസരമലിനീകരണത്തിന് പ്രധാന പങ്കുവഹിക്കുന്നു.

പഞ്ചായത്തിൽ ഒരു അലോപ്പതി പ്രാഥമികാരോഗ്യ കേന്ദ്രവും 2 ഉപകേന്ദ്രവും ഒരു സർക്കാർ ഹോമിയോ

ഡിസ്പെൻസറിയുമാണ് ഇന്നുള്ളത്. പഞ്ചായത്തിലെ 32,000 ത്തോളം വരുന്ന ജനങ്ങളുടെ ആരോഗ്യപ്രശ്ങ്ങൾക്ക് ഈ കേന്ദ്രങ്ങൾ ഒരു തലത്തിലും പരിഹാരമാവുന്നില്ല. ഏക അലോപ്പതി ഡിസ്പെൻസറി പഞ്ചായത്തിന്റെ ഒരതിർത്തിയിലുള്ള വാടകകെട്ടിടത്തിലാണ് 1987 ൽ പ്രവർത്തിച്ചു തുടങ്ങിയത്. ഇത് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രഥമാകുമാറ് പഞ്ചയത്തിന്റെ ഏകദേശം മദ്ധ്യഭാഗത്ത് 10 കിടക്കകളെങ്കിലുമുള്ള ഒരാശുപത്രിയായി വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനു പുറമേ ഫാമിലി പ്ലാനിങ്ങ് പാറ്റേൺ അനുസരിച്ച് 5,000 ജനങ്ങൾക്ക് ഒരു ഉപകേന്ദ്രം വേണ്ടതിനാൽ 3 ഉപകേന്ദ്രങ്ങളും വേണ്ട ജീവനക്കാരേയും ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. ഇതിൽ പഞ്ചായത്തിൽ 8-ാം വാർഡിൽ ബ്ലോക്ക് ഓഫീസിനായി നാട്ടുകാർ വാങ്ങിക്കൊടുത്ത അക്വയർ ചെയ്ത സ്ഥലം ഹെൽത്ത് സെന്റർ നിർമ്മിക്കാൻ ഉപയോഗിക്കേണ്ടതാണ്. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസമ്പർക്ക പരിപാടി ഫലപ്രദമായി നടപ്പാക്കേണ്ടതാണ്.

എന്നാൽ ചില സാങ്കേതികത്വത്തിന്റെ പേരിൽ ആശുപത്രി കെട്ടിടം പണി ഇന്നും അനിശ്ചിതത്വത്തിലാണ്. ആശുപത്രിക്കായി 1-ാം വാർഡിൽ അനുവദിച്ച് കിട്ടിയ സ്ഥലത്ത് തന്നെ ആശുപത്രി കെട്ടിടം പണിയണമെന്ന് ഗ്രാമസഭയിൽ നിന്ന് ആവശ്യം ഉയർന്നിട്ടുണ്ട്.

ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടവും സൗകര്യവുമുണ്ടെങ്കിലും പരാധീനതകൾ ഏറെയാണ്. നിത്യവും വളരെയധികം രോഗികൾ വന്നുപോകുന്ന ഈ ആശുപത്രിയിൽ മരുന്നുകളുടെ ദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്നുണ്ട്. നിർദ്ദേശിക്കുന്ന മരുന്നുകൾ പുറമേനിന്നുവാങ്ങുന്നത് രോഗികൾക്ക് വളരെയധികം വിഷമം സൃഷ്ടിക്കുന്നു. പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോൾ അത്യാവശ്യ മരുന്നു വാങ്ങാനുള്ള ഫണ്ടും അവിടെയെത്തിപ്പെടാൻ വാഹനസൗകര്യവും ഒരുക്കേണ്ടിയിരിക്കുന്നു. ഈ ഡിസ്പെൻസറി വേണ്ടത്ര ഫർണീച്ചറുകൾ, ഡിസ്റ്റിൽഡ് വാട്ടറിന്റെ ലഭ്യത, ഡിസ്പെൻസറിയിലെത്തിപ്പെടാനുള്ള റോഡ് സൗകര്യം എന്നിവ എർപ്പെടുത്തി കൂടുതൽ വിപുലീകരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങൾ വളരെ പണ്ടുമുതൽക്കേ പാരമ്പര്യവൈദ്യൻമാരെയാണ് ആശ്രയിച്ചിരുന്നത്. ശ്രീ അപ്പുക്കുട്ടിവൈദ്യർ, ശ്രീ ചെറുണ്ണിവൈദ്യർ, ശ്രീ കേളുവൈദ്യർ, ശ്രീ ചാത്തുണ്ണിവൈദ്യർ, ശ്രീ ചെറുകുഞ്ഞൻ വൈദ്യർ, ശ്രീ സി.കെ.പി. ശ്രീധരൻവൈദ്യർ എന്നിവരൊക്കെ ഈ രംഗത്തെ പ്രഗത്ഭരായിരുന്നു. എന്നാൽ ഇന്ന് ഒരായുർവേദചികിത്സാകേന്ദ്രത്തിന്റെ അഭാവം ജനങ്ങളെ അലട്ടുന്നുണ്ട്. അതിനാൽ ഈ പഞ്ചായത്തിന്റെ മർമ്മപ്രധാനമായ സ്ഥലത്ത് ഒരായുർവേദാശുപത്രി ഉണ്ടാകേണ്ടിയിരിക്കുന്നു.

വിഷവൈദ്യരംഗത്ത് ഈ പഞ്ചായത്തിൽ പലരുമുണ്ടെങ്കിലും ശ്രീ തായാട്ടുകണ്ടിയിൽ രാഘവൻവൈദ്യർ ഇവരിലെല്ലാം മുന്നിട്ടുനിൽക്കുന്നു.

ആയോധനകലയിലും കളരിചികിത്സയിലും പുരാതനപാരമ്പര്യമുള്ള ശ്രീ കോളോത്ത് കുട്ടക്കുറുപ്പ്, ശ്രീ കൊളത്തോറത്ത് ചാത്തുക്കുട്ടിക്കുറുപ്പ് ശ്ലാഘനീയരായിരുന്നു.

**കക്കൂസ്:** പരിസരശുചിത്വം പാലിക്കാൻ പ്രധാനമായും വേണ്ടതാണ് കക്കൂസ്. പഞ്ചായത്തിലെ ഏകദേശം 20% വീടുകളിൽ കക്കൂസിന്റെ അഭാവമുണ്ട്. വിരശല്യം, വയറിളക്കരോഗങ്ങൾ, വിളർച്ച എന്നിവ ഉണ്ടാകുന്നത് കക്കൂസിന്റെ ഉപയോഗമില്ലാത്തതുകൊണ്ടാണ്. ഈ പ്രശ്നം പരിഹരിക്കാൻ പിന്നോക്കക്കാർക്ക് പഞ്ചായത്ത് സഹായത്തോടെ 'ഡാനിഷ് ടൈപ്പ്' കക്കൂസുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

**പരിസരശുചിത്വം:** റോഡരികിലുള്ള വയലുകളും താഴ്ന്ന പ്രദേശങ്ങളും മണ്ണിട്ട് നികത്തി വീടുകൾ വച്ചതിനാൽ മഴക്കാലത്ത് അഴുക്കുജലം കെട്ടിനിന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരം സ്ഥലത്ത് അഴുക്കുചാൽ പദ്ധതി ഏർപ്പെടുത്തി ജലനിർഗമനത്തിന് പരിഹാരം കണ്ടെത്തേണ്ടതാണ്. ഇതുവഴി കൊതുക് പെരുകുന്നത് തടയുകയും മലമ്പനി, കോളറ, മഞ്ഞപ്പിത്തം, ഡെങ്കിപ്പനി, വീൽസ് എന്നിവ ഉണ്ടാകുന്നത് തടയുകയും ചെയ്യാം.

പൊതുസ്ഥലങ്ങളിലുണ്ടാകുന്ന ചപ്പുചവറുകൾ സൃഷ്ടിക്കുന്ന പരിസരമലിനീകരണപ്രശ്നം പരിഹരിക്കാൻ അത്തരം സ്ഥലങ്ങളിൽ ഡസ്റ്റ് ബിൻ സ്ഥാപിക്കുകയും അവ കമ്പോസ്റ്റ് നിർമ്മാണത്തിനുപയോഗിക്കുകയും ചെയ്യേണ്ടതാണ്. ഇതുവഴി കൊതുക്, ഈച്ച, എലി എന്നിവയുടെ പെരുക്കം തടയാവുന്നതാണ്.

മാംസത്തിനുപയോഗിക്കുന്ന മൃഗങ്ങളെ വകതിരിവില്ലാതെ അറുക്കുന്നത് നിർത്തുകയും അവ മൃഗഡോക്ടറുടെ പരിശോധനയ്ക്കുശേഷം അറവുശാലകളിൽ വെച്ച് അറുത്ത് മാലിന്യങ്ങൾ സംസ്കരിക്കുകയും വേണം.

വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ പിടിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

പഞ്ചായത്തിനെ ഐ.സി.ഡി.എസ് സ്കീമിലുൾപ്പെടുത്തേണ്ടതാണ്. പൊതുസ്ഥലങ്ങളിൽ കമ്പോസ്റ്റ് ഇറക്കുന്നത് നിരോധിക്കുകയും മറ്റ് സ്ഥലങ്ങളിൽ ഇറക്കുന്നത് ഉടനടി നീക്കം ചെയ്യാൻ പഞ്ചായത്ത് നിർദ്ദേശിക്കേണ്ടതാണ്.

**പൊതുശ്മശാനം:** പഞ്ചായത്തിലെ ഒന്നാംവാർഡിലുള്ള പൊതുശ്മശാനത്തിലേക്ക് റോഡ് നിർമിച്ച് ചുറ്റുമതിൽ കെട്ടി വൈദ്യുതിയും ശുദ്ധജലവും ഏർപ്പെടുത്തി കൂടുതൽ നവീകരിക്കേണ്ടതായിരിക്കുന്നു. കൂടാതെ

സൗകര്യങ്ങളോടുകൂടിയ ഒരു ഷെഡ്ഡും നിർമ്മിക്കേണ്ട താണ്. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിൽനിന്നും എത്തിപ്പെടാൻ പറ്റിയതും ജനവാസമില്ലാത്തതുമായ ഒരു സ്ഥലത്ത് ഒരു പൊതുശ്മശാനംകൂടി സ്ഥാപിക്കേണ്ട താണ്.

**മൂത്രപ്പുര:** പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കേണ്ടതാണ്.

**പൊതുകളിസ്ഥലം:** വളരുന്ന തലമുറക്ക് കായി കവും മാനസികവുമായ വളർച്ചക്ക് പഞ്ചായത്തിന്റെ മർമ്മപ്രധാനമായ സ്ഥലത്ത് ഒരു പഞ്ചായത്ത് സ്റ്റേഡി യവും ജിംനേഷ്യവും നിർമ്മിക്കേണ്ടതാണ്.

**ഓപ്പൺ എയർ തിയേറ്റർ:** പഞ്ചായത്ത് നിവാസി കൾക്ക് ഒഴിവുസമയങ്ങളിൽ സമ്മേളിക്കാനും അതിലു പരി ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ബോധ വൽക്കരണത്തിലൂടെ ജനങ്ങളെ പ്രാപ്തരാക്കാനും നമു ക്കൊരു കേന്ദ്രം ആവശ്യമായി വന്നിരിക്കുന്നു. ഒരു ഓപ്പൺ എയർ തിയേറ്റർ പഞ്ചായത്തിന്റെ മർമ്മഭാഗത്ത് സ്ഥാപിച്ച് ഇതിന് പരിഹാരം കാണേണ്ടതാണ്. ഇത്തര മൊരു കേന്ദ്രത്തിലൂടെ ആരോഗ്യത്തെ ബാധിക്കുന്ന പ്രധാന ദുശ്ശീലങ്ങളായ പുകവലി പുകയില കൂട്ടിമുറു ക്കൽ മദ്യപാനം മയക്കുമരുന്നുകളുടെ ഉപയോഗം എന്നി വയിലൂടെ ജനങ്ങളെ ബോധവൽക്കരിക്കാവുന്നതാണ്. ഇത്തരം ബോധവൽക്കരണങ്ങൾക്ക് മേൽപ്പറഞ്ഞ കേന്ദ്രം ഉപകരിക്കും.

**മത്സ്യമാർക്കറ്റ് :** ഇപ്പോൾ അമ്പലത്തുകുളങ്ങര യിൽ പ്രവർത്തിക്കുന്ന മത്സ്യമാർക്കറ്റിന്റെ മാതൃകയിൽ പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ മത്സ്യവില്പന കേന്ദ്രം സ്ഥാപിച്ച് പരിസരമലിനീകരണം തടയേണ്ട താണ്.

രോഗംവന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുകയാണ് (പ്രതിവിധിയേക്കാൾ നല്ലത് പ്രതിരോധം) എന്ന ആപ്തവാക്യത്തെ നമുക്ക് സഫലീകരിക്കാൻ ജനങ്ങളും പഞ്ചായത്തധികൃതരും വിവിധസാംസ്കാരിക-സന്നദ്ധസംഘടനകളും ഒത്തൊ രുമിച്ച് പ്രവർത്തിക്കുകയും വേണം.

○○



*'നിരക്ഷരത ഇന്ത്യയുടെ ശാപമാണ്. അത് നിർമ്മാജ്ജനം ചെയ്യണം.'*

–ഗാന്ധിജി

## കുടിവെള്ളപ്രശ്നപ്രദേശങ്ങളും പരിഹാരനിർദേശങ്ങളും (വാർഡനുസരിച്ച്)

| പ്രശ്നമേഖല | നിർദേശിക്കുന്ന പരിഹാരമാർഗം |
|---|---|
| 1. കാക്കൂർ പാലംമുതൽ 9/5 വരെയുള്ള പ്രദേശം, കാക്കൂർ ആലയാട്ടുമല കോളനി, പുത്തലത്ത് ലക്ഷം വീട് കോളനി, കാക്കൂർമല ഹരിജൻ കോളനി, പാവട്ട് മല, വരിക്കാട്ട് മല, ചൂരക്കാട്ട് മല, ആശാരികമ്ടി മീത്തൽ. | 1. കട്ടലേരി ഭാഗത്തുള്ള നീരൊഴുക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തൽ, കണ്ടന്നൂർ സ്കൂളിൽ നിലവിലുള്ള കിണറിൽ നിന്നും പൈപ്പുവഴി വെള്ളമെത്തിക്കൽ, താഴെ കിണർ കുഴിച്ച് മുകളിൽ ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് പൈപ്പ് വഴി വെള്ളം എത്തിക്കുക. |
| 2. പുല്ലപ്ര മല, മാലേരി മല, കൊല്ലരുകണ്ടിക്കുന്ന്, അരീപ്ര മല. | 2. താഴ്വരയിൽ കിണർകുഴിക്കാൻ അനുയോജ്യമായ സ്ഥലം ലഭ്യമാണ്. ആ സ്ഥലത്ത് കിണർകുഴിച്ച് ലിഫ്റ്റ് ഇറിഗേഷനിലൂടെ ജലം മുകളിലെത്തിക്കണം. |
| 3. വരിക്കാടിമ്മൽ, പാലോറക്കുന്ന്, പാലത്ത് ബസാർ. | 3. പാലത്ത് ബസാറിനടുത്ത് കനാൽ സ്ഥലത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പുവഴി ഈ സ്ഥലങ്ങളിലേക്ക് ജലമെത്തിക്കാൻ സൗകര്യപ്പെടുത്താം |
| ആശും കുന്നത്ത് മീത്തൽ,കുന്നുമ്മൽ കോളനി. | ആശും കുന്നത്ത് മീത്തൽ ഒരു കിണർ കുഴിച്ച് ജലക്ഷാമം പരിഹരിക്കാം. കുന്നുമ്മൽ കോളനിയിൽ നിലവിലുള്ള പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക. |
| 4. മുതുവാട് കുന്ന് അംബേദ്കർകോളനി, എടവലത്ത് കുന്ന്, ചേലാടി, മാക്കോയിൽ ഭാഗങ്ങൾ | 4. മുതുവാട് കുന്നിൽ നിലവിലുള്ള കുടിവെള്ള പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക. കട്ടലേരി ഭാഗത്തുള്ള നീരൊഴുക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തൽ. |
| 5. തച്ചൻ കുന്ന്, നടുവിലകുന്നത്ത്, എടേപ്പുറത്ത് മീത്തൽ എന്നീ ഭാഗങ്ങൾ | 5. തച്ചൻ കുന്നിൽ താഴെകിണർ കുഴിച്ച് മുകളിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പുവഴി ജലമെത്തിക്കാം. |
| 6. തെയ്യത്താം കുഴി കോളനി. | 6. കോളനിയിൽ ഒരു പൊതുകിണർ കുഴിക്കൽ |
| 7,8,9. പോഴിക്കാവ് കുന്ന്, ഞാറക്കാട്ട് കുന്ന്, തട്ടുകുന്ന്, കല്ലരിക്കോടു മല, പുഴിയ കുന്ന്, ചെട്ട്യാട പറമ്പ് ഭാഗങ്ങൾ, 9ാം വാർഡിലെ പറയരുകുന്ന് ഭാഗം | 7,8,9. തലക്കുളത്തൂരിലെ ജലവിതരണ പദ്ധതി പ്രകാരം 7ാം വാർഡിലെ ചില സ്ഥലങ്ങളിൽ എത്തിച്ചിട്ടുള്ള പൈപ്പ്ലൈൻ വിപുലീകരിച്ച് ഈ വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാം. |
| 10. വരിയാരു പറമ്പത്ത് കോളനി, വളയനാം കണ്ടി, ചക്കൂർ, തട്ടാരക്കണ്ടി, മുഴോങ്ങിൽ മീത്തൽ, കണ്ണങ്കാവ് മീത്തൽ, എടത്തിൻ മുകളിൽ, തിരുവോത്തുകണ്ടി ഭാഗങ്ങൽ. | 10. വരിയാരുപറമ്പത്ത് കോളനിയിലുള്ള കിണർ നന്നാക്കി പമ്പ് സെറ്റ് വെച്ച് ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. കരുവാക്കൽ താഴത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതി പ്രയോജനപ്പെടുത്താം. |
| 11. ഉരുളുമല, വെങ്ങളംചാൽ ഭാഗങ്ങൾ, പൂക്കോട്ടു മല | 11. ഉരുളു മലക്ക് താഴെ കിണർ കുഴിച്ച് മുകളിൽ ടാങ്ക് കെട്ടി പൈപ്പുവഴി ജലമെത്തിക്കാം. പൂക്കോട്ടു മലയിൽ നിലവിലുള്ള പദ്ധതി പൂർത്തിയാക്കി മണ്ണാരക്കൽകുന്ന്, കല്ലുമ്മൽ, പൂക്കോട് എന്നീ ഭാഗങ്ങളിൽ ജലമെത്തിക്കാം. |
| 12. കച്ച്ലേരി മീത്തൽ, പുനത്തിൽ താഴം പ്രദേശങ്ങൾ. | 12. ഈ സ്ഥലങ്ങളിൽ നിലവിലുള്ള കുഴൽകിണറുകൾ ഉപയോഗയോഗ്യമാക്കുക. കൂടാതെ അരീക്കുഴി ഭാഗത്തുള്ള പ്രകൃതി ദത്ത നീരുറവയിലെ ജലം ടാങ്ക് കെട്ടി സംഭരിച്ച് പൈപ്പു വഴി ഉപയോഗപ്പെടുത്താവുന്നതാണ്. |

# നിലവിലുള്ള റോഡുകളുടെ വിവരം പട്ടിക ഒന്ന് (I)

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | ഉടമസ്ഥത പഞ്ചായത്ത്, PWD, PVT | നീളം | | | ഓട വേണ്ടത് | കലുങ്ക് വേണ്ടത് | ബസ്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ചെമ്മണ്ണ് | | | |
| 1 | പൂച്ചോളിത്താഴം-കാക്കൂർമല ഹരിജൻകോളനി | 1.500 | 6 | P | | | ✓ | | | ഇല്ല |
| 1 | അമ്പലപ്പാട്-ചീപ്പാച്ചിക്കുഴി | 1.150 | 8 | P | | 0.300 | ✓ | | | ഇല്ല |
| 1 | ചിറ്റടിമുക്ക്-പൂവ്രങ്ങാട്ട് | 1.200 | 4 | P | | | ✓ | | | ഇല്ല |
| 1 | മൂന്നാംമുണ്ട-പൂവ്രങ്ങാട്ട് | 0.160 | 8 | P | | | ✓ | | | ഇല്ല |
| 1 | കോറോത്ത്പൊയിൽ-ആലയാട് | 2.000 | 4 | P | | | ✓ | | | ഇല്ല |
| 1 | ചുണ്ടിക്കാട്ടിൽ-കിവ്വചാലിൽ | 1.500 | 4 | P | | | ✓ | | | ഇല്ല |
| 1 | ചുണ്ടിക്കാട്ട്-വരിക്കാട്മല | 1.400 | 4 | P | | | ✓ | | | ഇല്ല |
| 1 | 9/5-എസ്റ്റേറ്റ് റോഡ് | 0.300 | 4 | Pvt | | | ✓ | | | ഇല്ല |
| 1 | കോറോത്ത് പൊയിൽ-അങ്കത്തായ് | 2.000 | 4 | P | | | ✓ | | | ഇല്ല |
| 1 | പെരുമ്പൊയിൽ-നരിക്കുനി | 2.000 | 8 | PWD | ✓ | | – | | | ഉണ്ട് |
| 1 | കോറോത്തുപൊയിൽ-വരിക്കാവ് | 2.000 | 4 | P | | | ✓ | | | ഇല്ല |
| 2 | തെരുവത്ത്താഴം-പൊട്ടംമുറി | 0.330 | 6 | P | | | ✓ | | | ഇല്ല |
| 2 | നെല്ലിയേതാഴം-അടുവാറക്കൽതാഴം | 0.600 | 6 | P | | | ✓ | | | ഇല്ല |
| 2 | പാലത്ത്ബസാർ-തെക്കേടത്ത്താഴം | 1.500 | 6 | PWD | ✓ | | – | | | ഉണ്ട് |
| 2 | മാലേരിമല കോളനി | 1.000 | 4 | P | | | ✓ | | | ഇല്ല |
| 2 | മണ്ണാംകണ്ടിത്താഴം-ചാടിക്കുഴി | 2.300 | 6 | P | | | ✓ | | | ഇല്ല |
| 2 | മമ്മിളിത്താഴം-പുലപ്രാമല ഹരിജൻ കോളനി | 1.500 | 4 | P | | | ✓ | | | ഇല്ല |
| 3 | കുമാരസ്വാമി-നരിക്കുനി | 3.000 | 8 | PWD | ✓ | | – | | | ഉണ്ട് |
| 3 | പണ്ടാരത്താഴം-വാളോറപ്പൊയിൽ | 3.000 | 8 | P | | 1.800 | ✓ | | | ഇല്ല |
| 3 | ഊട്ടുകുളം-കണ്ണാടിച്ചാലിൽ | 1.800 | 6 | P | | | ✓ | | | ഇല്ല |
| 3 | അമ്പലത്ത്കുളങ്ങര-കുന്നുമ്മൽ | 1.300 | 5 | P | | | ✓ | | | ഇല്ല |
| 4 | അമ്പലത്തുകുളങ്ങര-കട്ടിലേരി | 1.200 | 6 | P | 0.600 | ✓ | – | ✓ | ✓ | ഇല്ല |
| 4 | 7/6-ഊട്ടുകുളം | 2.350 | 6 | P | 0.400 | | ✓ | | ✓ | ഇല്ല |
| 4 | മണ്ണാംകണ്ടിത്താഴം-തെക്കേടത്ത്താഴം | 3.000 | 6 | P | | | ✓ | | ✓ | ഇല്ല |
| 4 | മണ്ണാംകണ്ടിത്താഴം-പാലത്തുകുറ്റിത്താഴം | 1.000 | 4 | P | | | ✓ | | | ഇല്ല |
| 5 | അമ്പലത്ത്കുളങ്ങര-പുളിക്കൽത്താഴം-കുല്ലുപുറത്തുതാഴം | 2.000 | 5 | P | | | ✓ | | | ഇല്ല |
| 5 | അമ്പലത്തുകുളങ്ങര -പുളിബസാർ | 1.200 | 5 | P | | | ✓ | | | ഇല്ല |
| 5 | അമ്പലത്തുകുളങ്ങര-കുന്നുമ്മൽതാഴം | 1.100 | 4 | P | | | ✓ | | | ഇല്ല |
| 5 | അമ്പലത്തുകുളങ്ങര-കോരായി ജി.എൽ.പി.-കോരായിക്കുന്ന് കോളനി | 1.200 | 4 | P | | | ✓ | | | ഇല്ല |
| 5 | കച്ചേരി-നടുവിലക്കുന്നത്ത് ലക്ഷംവീട് കോളനി-കണ്ണാടിച്ചാലിൽ | 1.500 | 4 | P | | | ✓ | | | ഇല്ല |
| 5 | കോഴിക്കോട്-ബാലുശ്ശേരി | 6.400 | 8 | PWD | ✓ | | – | | | ഉണ്ട് |
| 6 | കുമാരസ്വാമി-ചെലപ്രം | 1.600 | 8 | P | 1.000 | | ✓ | | | ഇല്ല |
| 6 | ചെലപ്രം-കല്ലുംപുറത്ത്താഴം-7/6 | 2.300 | 6 | P | 0.950 | 0.150 | ✓ | | | ഇല്ല |
| 6 | അതിയാനത്തിൽതാഴം-അമ്പലത്തുകുളങ്ങര | 0.800 | 4 | P | | | ✓ | | | ഇല്ല |

# നിലവിലുള്ള റോഡുകളുടെ വിവരം

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | ഉടമസ്ഥത പഞ്ചായത്ത്,PWD,PVT | നീളം: ടാർ ചെയ്തത് | നീളം: മെറ്റൽ ചെയ്തത് | നീളം: ചെമ്മണ്ണ് | ഓട വേണ്ടത് | കലുങ്ക് വേണ്ടത് | ബസ്സ് |
|---|---|---|---|---|---|---|---|---|---|---|
| 6 | മണ്ണാലത്ത്താഴം-മുല്ലോളിത്താഴം | | 3 | P | | | ✓ | | | ഇല്ല |
| 6 | കടുവത്ത്താഴം-കടുത്തലപ്പുറത്ത് താഴം | 0.700 | 3 | P | | | ✓ | | | ഇല്ല |
| 6 | ചാലപ്പുറത്ത്താഴം-വാളപ്പുറത്ത്താഴം | | | P | | | ✓ | | | ഇല്ല |
| 6 | അമ്പലത്തുകുളങ്ങര-കല്ലുംപുറത്ത്താഴം | | | P | | | ✓ | | | ഇല്ല |
| 6 | മുല്ലോളിത്താഴം-ഞാറക്കാട്ട്മീത്തൽ കോളനി | | | P | | | ✓ | | | ഇല്ല |
| 6 | മടത്തുംപൊയിൽ-കൊടോളിപ്പറമ്പത്ത് | | | P | | | ✓ | | | ഇല്ല |
| 7 | മുത്തോനത്താഴം-കാച്ചിറമ്പണ്ട്-മറിയിൽത്താഴം-പുളിയക്കുന്നുമ്മൽതാഴം | 2.000 | 3 | P | | | ✓ | | | ഇല്ല |
| 7 | കരുവൊളത്തിൽത്താഴം-മുക്കത്ത് ബണ്ട് | 0.800 | 3 | P | | | ✓ | | | ഇല്ല |
| 7 | വടക്കേകണ്ടിത്താഴം-മുക്കത്ത് താഴം | 0.750 | 3 | P | | | ✓ | | | ഇല്ല |
| 7 | കല്ലുംപുറത്ത്താഴം-ഒള്ളോപ്പാറ-പൊറോത്ത്താഴം | 2.500 | 6 | P | 0.600 | 0.800 | ✓ | | | ഇല്ല |
| 7 | കല്ലിട്ടപാലം-കല്ലുകുടുംബിൽതാഴം-മുണ്ടക്കാട്ട്താഴം | 1.000 | 6 | P | | | ✓ | | | ഇല്ല |
| 8 | പുതിയടത്ത്താഴം-ചിറക്കുഴി റോഡ് | 2.650 | 8 | P | 1.250 | 0.400 | ✓ | | | ഇല്ല |
| 8 | പുതിയടത്ത്താഴം-എളാട്ട്മീത്തൽ | 1.000 | 5 | P | | | ✓ | | | ഇല്ല |
| 8 | പുതിയടത്ത്താഴം-മേയനമീത്തൽ-അമ്മാമല | 1.300 | 6 | P | 0.600 | | ✓ | | | ഇല്ല |
| 8 | പുനത്തിൽതാഴം-ചിറക്കുഴി | 2.750 | 6 | P | | 0.600 | ✓ | | | ഇല്ല |
| 9 | പുനത്തിൽതാഴം-കൃഷിഭവൻ-പുത്തലത്ത്താഴം | 1.200 | 4 | P | | | ✓ | | | ഇല്ല |
| 9 | പയ്യടത്താഴം-പയ്യന്നൂർത്താഴം-മൂത്താട്ട്താഴം | 1.500 | 3 | P | | | ✓ | | | ഇല്ല |
| 9 | കിഴക്കുവീട്ടിൽതാഴം-ശ്രീവിദ്യാമന്ദിരം സ്കൂൾ | 1.000 | 3 | P | | | ✓ | | | ഇല്ല |
| 9 | ഇച്ചന്നൂർ-ശ്രീവിദ്യാമന്ദിരം സ്കൂൾ | 0.700 | 3 | – | | 0.700 | – | | | ഇല്ല |
| 9 | പാറക്കോട്ട്മീത്തൽ-പറയരുകുന്നത്ത്-പുത്തേടത്ത്താഴം | 1.000 | 3 | – | | | ✓ | | | ഇല്ല |
| 10 | ചേളന്നൂർ-പട്ടർപാലം | 3.000 | 6 | PWD | ✓ | | – | | | ഉണ്ട് |
| 10 | ശ്രീനാരായണമന്ദിരം-തിരുവോത്ത്താഴം-തിയ്യക്കണ്ടിയിൽ താഴം | 1.500 | 3 | P | | | ✓ | | | ഇല്ല |
| 10 | 8/4-വെങ്ങളം ചാലിൽ | 0.700 | 3 | P | | | ✓ | | | ഇല്ല |
| 10 | 8/4-പുറായിൽ | 1.000 | 4 | P | | | ✓ | | | ഇല്ല |
| 10 | മാവിളിത്താഴം-പുളിയോളിക്കാവിൽ | 0.900 | 3 | P | | | ✓ | | | ഇല്ല |
| 10 | 8/2-അയ്യപ്പാകണ്ടി കനാൽ | 1.000 | 4 | KYIP | | | ✓ | | | ഇല്ല |
| 10 | 7/6-അമ്മംമലയിൽത്താഴം | 1.200 | 6 | P | | | ✓ | | | ഇല്ല |
| 11 | തച്ചാട്ട്താഴം-മക്കാട്ട്പാലം | 2.100 | 6 | P | ✓ | | – | | | ഇല്ല |
| 11 | 9/1-മാണിക്യംപാറ | 0.350 | 3 | P | | | ✓ | | | ഇല്ല |
| 11 | നടുവിലയിൽത്താഴം-തച്ചോറമല | 0.500 | 3 | Pvt | | | ✓ | | | ഇല്ല |
| 12 | അമ്പലപ്പാട്-കട്ടിലേരി | 1.200 | 6 | P | ✓ | | – | | | ഇല്ല |
| 12 | എസ്.എൻ.കോളേജ്-കളരിമല | 2.000 | 6 | Pvt | 0.200 | | ✓ | | | ഇല്ല |
| 12 | അമ്പലപ്പാട്-കല്ലങ്ങാട്ട്-പാമ്പൂരിയൻപാറ | 0.500 | 4 | P | | | ✓ | | | ഇല്ല |
| 12 | പുനത്തിൽതാഴം-കോട്ടാംചാലിൽ | – | – | – | | | | | | |

പട്ടിക ഒന്ന് (II)

# പുതുതായി നിർമിക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം (കി.മീ) |
|---|---|---|
| 1 | 9/1-ഗവൺമെന്റ് യു.പി.സ്കൂൾ | 1.000 |
| 1 | 10-ാംമൈൽ-തെക്കുംകരമീത്തൽ | 1.000 |
| 2 | പുല്ലുപ്രാമല കോളനി-വലിയവീട്ടിൽതാഴം-മമ്മിളിത്താഴം | |
| 2 | അടുവാറക്കൽ-ജനതാതാഴം | |
| 2 | അടുവാറക്കൽതാഴം-മാവേലിക്കുന്ന്താഴം | |
| 3 | ചീക്കിനിവീട്ടിൽതാഴം-ചേളന്നൂർ പഞ്ചായത്ത് കിണർ | |
| 3 | പുളിബസാർ-കുന്നുമ്മൽ ഹരിജൻകോളനി | |
| 4 | അംബേഡ്കർ കോളനി-മുതുവാട്കുന്ന് | |
| 4 | പാലോളിമീത്തൽ ഹരിജൻകോളനി-അമ്പലത്തുകുളങ്ങര-കുന്നുമ്മൽതാഴം | |
| 4 | 7/6 അരിപ്പുറത്ത്താഴം-കുരുന്നാളിമീത്തൽ-കോരപ്പച്ചൻകുഴി | |
| 5 | 7/4-പാലോളിത്താഴം | |
| 5 | പുളിബസാർ-പുതിയോത്ത്താഴം | |
| 6 | തെയ്യത്താംകുഴി കോളനി | |
| 6 | കോഴിപ്പുറത്ത്താഴം-കടവത്ത്താഴം | |
| 6 | കോരായിക്കുന്ന് മദ്രസ്സ-അതിയാനത്തിൽതാഴം | |
| 7 | നമ്പുകുന്നത്തറതാഴം-കൊയോളി | |
| 7 | അരീപ്പുറത്ത്താഴം-നൂഞ്ഞിയിൽത്താഴം-എളാട്ടിൽതാഴം | |
| 8 | എമ്മണക്കാവിൽ-കുളങ്ങരത്താഴം | 1.000 |
| 8 | എമ്മണക്കാവിൽ-നഞ്ചേരിത്താഴം കനാൽ | 0.700 |
| 9 | പുനത്തിൽത്താഴം-കണിയാത്ത്താഴം | 0.600 |
| 9 | പുനത്തിൽത്താഴം-പാറക്കാപ്പുതുക്കുടി-പറയരുകുന്ന് | 0.500 |
| 10 | 7/4-കണ്ണങ്കാവിൽതാഴം | 1.900 |
| 10 | കണ്ണങ്കാവിൽതാഴം-വെങ്ങോറത്ത് താഴം | |
| 10 | ചേലക്കുളങ്ങര-ഹരിജൻ കോളനി. | |
| 10 | നഞ്ചനാത്ത്താഴം | |
| 10 | ചേളന്നൂർ എ.എൽ.പി. സ്കൂൾ | |
| 11 | കുട്ടോത്ത്താഴം-മാണിക്യംപാറ | 0.400 |
| 11 | മുതുവാട്ട്താഴം-പാവണ്ടൂർ | 0.100 |
| 11 | മുതുവാട്ട്താഴം-മൂളംപാറ | 1.000 |
| 11 | 9/1-മൂളംപാറ | 0.400 |
| 11 | വെങ്ങളാംചാലിൽ-കുട്ടോത്ത്മീത്തൽ-തെക്കെ പിലാത്തോട്ടത്തിൽ | 0.700 |
| 11 | പൂക്കോട്ടുമല ഹരിജൻകോളനി | 0.700 |
| 12 | കോയാലിപറമ്പ് കോളനി | |
| 12 | കുനിയാടിമല ഹരിജൻകോളനി | |
| 12 | മാട്ടുമ്മൽ ഹരിജൻകോളനി | |
| 12 | തച്ചാട്ട്താഴം-കട്ടിലേരി | |
| 12 | 8/1 കളരിമല | |



# പാർപ്പിടം സാമൂഹ്യക്ഷേമം പൊതുവിതരണം

## പാർപ്പിടം

അന്തിയുറങ്ങാനൊരു കൂര ഏതൊരാളുടെയും സ്വപ്നമാണ്. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നായ പാർപ്പിട പ്രശ്നം ഇന്ന് ഏറെക്കുറെ പരിഹൃതമായിക്കൊണ്ടിരിക്കുന്നു. ദരിദ്രവിഭാഗങ്ങളെ ഭവന നിർമ്മാണരംഗത്ത് സഹായിക്കുന്നതിന് ധാരാളം സർക്കാർ സ്കീമുകൾ ഇന്ന് നിലവിലുണ്ട്. എന്നിരുന്നാലും ഒരു ഭാഗത്ത് സമ്പന്നവിഭാഗങ്ങൾ മണിമാളികകൾ ഉയർത്തുമ്പോഴും കൊച്ചുകുടിലുകൾ നിർമ്മിക്കാൻ ഏറെ പ്രയാസപ്പെടുന്ന ദരിദ്രജനവിഭാഗങ്ങളും മറ്റെവിടെയുമെന്ന പോലെ ഈ പഞ്ചായത്തിലും ദൃശ്യമാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ദരിദ്രജന വിഭാഗങ്ങളും ഇടത്തരം വിഭാഗങ്ങളും ഭൂരിപക്ഷം വരുന്ന പ്രദേശമെന്ന നിലയ്ക്ക് ഭവന നിർമ്മാണ രംഗത്ത് നിരവധി പ്രശ്നങ്ങൾ ഇന്ന് നിലനിൽക്കുന്നു. സർക്കാർ സ്കീമുകൾ വഴി നൽകുന്ന ധനസഹായയത്തിന്റെ അപര്യാപ്തത ഭവന നിർമ്മാണ വായ്പാ ഏജൻസികളുടെ കുറവ്, നിബന്ധനകളുടെ സങ്കീർണ്ണത എന്നിവ അവയിൽ ചിലതാണ്.

പഞ്ചായത്തിലെ ഭവന നിർമ്മാണ രംഗം പരിശോധിക്കുമ്പോൾ മൊത്തം ഭവനങ്ങളുടെ എണ്ണത്തിൽ ബഹുഭൂരിപക്ഷം ഓടുമേഞ്ഞതും ഓല മേഞ്ഞതുമാണെന്ന് കാണാം. ആകെ 8280 വീടുകളിൽ 6179 എണ്ണവും ഈ വിഭാഗത്തിൽ പെടുന്നവയാണ്. കോൺക്രീറ്റ് ഭവനങ്ങൾ 1602 എണ്ണം മാത്രമാണ്. പഞ്ചായത്തിലെ 12 വാർഡുകളും വീടുകളുടെ കാര്യത്തിൽ ഏറെക്കുറെ തുല്യത പുലർത്തുന്നു.

**പാർപ്പിട നിർമ്മാണരംഗ നേരിടുന്ന പ്രശ്നങ്ങൾ**

1. പാർപ്പിട നിർമ്മാണ രംഗത്ത് ചിലവ് ക്രമാതീതമായി വർദ്ധിച്ചികൊണ്ടിരുന്നു.
2. പാർപ്പിട നിർമ്മാണരംഗത്ത് ധനസഹായ സ്ഥാപനങ്ങൾ വളരെ പരിമിതമാണ് കാർഷിക വികസന ബാങ്ക് ചേളന്നൂർ ശാഖ, കോ-ഓപ്പറേറ്റീവ് ബാങ്ക് നൽകുന്ന വായ്പകളുടെ എണ്ണവും പരിമിതമാണ്.
3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ക്രമീതമായ വില വർദ്ധനവ്.
4. ദരിദ്ര വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ധനസഹായത്തിന്റെ തോത് വളരെ കുറവ്. IAY, JRY, MWS എന്നീ പദ്ധതികൾ വഴി നൽകുന്ന സംഖ്യ നിർമ്മാണ ചിലവിനെ അപേക്ഷിച്ച് വളരെ കുറവും, നിബന്ധനകൾ സങ്കീർണ്ണവുമാണ്.
5. ചെലവ് കുറഞ്ഞ വീട് നിർമ്മിക്കാനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങളുടെ അപര്യാപ്തത
6. ഇടത്തരം വിഭാഗങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിലുള്ള പ്രയാസം
7. ഭവനരഹിതർക്ക് സ്വന്തമായി സ്ഥലമില്ലാത്ത അവസ്ഥമൂലമുണ്ടാകുന്ന പ്രയാസം.

ദരിദ്ര വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട വീടുകൾ

സ്കീം അനുവദിച്ച വീടുകൾ പൂർത്തിയായ വീടുകൾ ഇനി പുർത്തീകരിക്കാനുള്ളത്

| | | | |
|---|---|---|---|
| IAY | 30 | 10 | 24 |
| MWS | 27 | 6 | 21 |
| JRY | 14 | 14 | -- |
| ആകെ | 75 | 30 | 45 |

## നിർദ്ദേശങ്ങൾ

1. ദരിദ്ര വിഭാഗങ്ങൾക്ക് നൽകുന്ന ഭവന നിർമ്മാണ ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുക.
2. പഞ്ചായത്തിലെ മൊത്തം കുടിലുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും ധനസഹായം ലഭ്യമാക്കേണ്ട വരുടെ വാർഡ് തലത്തിലുള്ള ലിസ്റ്റ് മുൻഗണനാ ടിസ്ഥാനത്തിൽ തയ്യാറാക്കുകയും വ്യത്യസ്ഥ പദ്ധതി ഉപയോഗിച്ച് സമയബന്ധിതമായി വീട് നിർമ്മിക്കാനാവശ്യമായ നടപടികൾ എടുക്കുകയും ചെയ്യുക.
3. പാർപ്പിട നിർമ്മാണ സാമഗ്രികൾ (സിമന്റ്, കമ്പി, ഇഷ്ടിക, ഓട് മുതലായവ) വിതരണം ചെയ്യുന്നതിന് പഞ്ചായത്ത്തലത്തിൽ ഏജൻസി രൂപീകരിക്കുക.
4. ഭവന നിർമ്മാണ ബോർഡ് നൽകുവാനുദ്ദേശി ക്കുന്ന മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാര മുള്ള ലോൺ 30,000 രൂപയിൽ നിന്നും 50,000 രൂപയാക്കിക ഉയർത്തുകയും, സബ്സിഡി തുക 1/3 ശതമാനമാക്കി വർദ്ധിപ്പിക്കുകയും ചെയ്യുക. (മുന്നിലൊന്നാക്കി).
5. ഇടത്തരം വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ വായ്പ കിട്ടാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ഭവന നിർമ്മാണ സഹകരണ സംഘം പഞ്ചായത്ത് തല ത്തിൽ രൂപീകരിക്കുക.
6. കാർഷിക വികസന ബാങ്കിന്റെ ഭവനവായ്പ ഉദാ രമാക്കുക.
7. 8-ാം വാർഡിൽ രാജീവ് ദശലക്ഷം പദ്ധതി പ്രദേ ശത്ത് നിർമ്മിത കേന്ദ്രം വക സ്ഥലത്ത് കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കാനുള്ള യൂണിറ്റ് തുടങ്ങുക.
8. ഭവന നിർമ്മാണ ബോർഡിന്റെ രാജീവ് ദശലക്ഷം പദ്ധതിയുടെ മാതൃകയിൽ പഞ്ചായത്ത് തലത്തിൽ വീട് നിർമ്മിച്ച് ഭൂരഹിത കുടുംബങ്ങൾക്ക് വിത രണം ചെയ്യുക.
9. സൗജന്യ ഭവന നിർമ്മാണ പദ്ധതികൾ (JRY, IRY, MWS) ഏകോപിപ്പിക്കുകയും നിർമ്മിത കേന്ദ്രം പോലുള്ള ഏജൻസികളുടെ സഹായം വീട് നിർമ്മാ ണത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുക.
10. പഞ്ചായത്ത് തലത്തിലോ, വാർഡ് തലത്തിലോ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ 'സംഘം' രൂപീകരിക്കുകയും അവർക്ക് കാലാനുസൃതമായ പരിശീലനം നൽകുകയും. നിർമ്മിതി കേന്ദ്രം വഴി പരിശീലനകാലത്ത് സ്റ്റൈപ്പന്റ് നൽകുകയും ചെയ്യുക.

## സാമൂഹ്യക്ഷേമം

അവശവിഭാഗങ്ങളുടെ ഉന്നമനത്തിനായി പുരോഗമനപരമായ പല ക്ഷേമപരിപാടികളും ഇന്ന് നിലവിലുണ്ട്. ദുർബലവിഭാഗങ്ങളെകൂടി സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് ആനയിച്ചാൽ മാത്രമേ നാടിന്റെ പുരോഗതി ഫലപ്രദവും യാഥാർത്ഥ്യവുമാകുകയുള്ളൂ. പുരോഗമനപരങ്ങളായ പല പരിപാടികളും ഇന്ന് നിലവിലുണ്ടെങ്കിലും അവയുടെ വിശദാംശങ്ങൾ ഗുണഭോക്താക്കളിലേയ്ക്ക് വേണ്ടരീതിയിൽ ഇന്നും എത്തി ചേർന്നിട്ടില്ല എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പോരായ്മ.

ചേളന്നൂർ ബ്ലോക്കിനു കീഴിലുള്ള ചേളന്നൂർ വില്ലേജിലെ ചേളന്നൂർ, കണ്ണങ്കര എന്നീ രണ്ടു വി.ഇ.ഒ. സർക്കിളുകൾ മുഖാന്തിരമാണ് ക്ഷേമപദ്ധതികൾ മിക്കവാറും നടപ്പിലാക്കുന്നത്. പഞ്ചായത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികളിൽ പ്രധാനപ്പെട്ടവ ദാരിദ്ര്യ നിർമ്മാർജ്ജനം (IRDP) ഗ്രാമീണ യുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനപരിപാടി (ട്രൈസം) DWCRA toolkit, CRSP,വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരമുള്ള പരിപാടികൾ, പട്ടികജാതി- പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ മുഖാന്തിരമുള്ളവ എന്നിവയാണ്.

നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ നിരവധിയാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടാതിരിക്കൽ, ബോധവൽക്കരണത്തിന്റ അഭാവം, ആവശ്യത്തിനും സമയത്തിനും കിട്ടാതിരിക്കൽ, സാങ്കേതികത്വത്തിന്റെ നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടതാണ്.

ഐ.ആർ.ഡി.പി. (ഗ്രാമീണ ദാരിദ്ര്യ നിർമ്മാജനം) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്ന ഈ പരിപാടിയനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുകയും, മുൻഗണനാ ക്രമത്തിൽ സഹായം നൽകുകയും ചെയ്യുന്നു. ഇതനുസരിച്ച് 92-93ലെ സർവ്വെയിൽ 2000 കുടുംബങ്ങളെയും 95-96ലെ അഡീഷണൽ സർവ്വേയിൽ 91 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ടു. അതനുസരിച്ച് 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 196 കുടുംബങ്ങൾക്കായി 10,55,583 രൂപ വായ്പയായും 5,59,097 രൂപ സബ്സിഡിയായും വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

**IRDP സർവ്വെ ലിസ്റ്റ്**

| വർഷം | SCST | others | Total |
|---|---|---|---|
| 1992-93 | 146 | --1854 | 2,000 |
| 1995-96 | 3 | -- | 88 91 |
| Total | 149 | --1854 | 10,891 |

*IRDP സഹായലഭ്യതാകണക്ക്*

## നിർദ്ദേശങ്ങൾ

സഹായധനം ലഭിക്കേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കുകയും സഹായധനത്തിന്റെ സംഖ്യ കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുമാണ്. ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം നടപ്പാക്കുന്നതിൽ കാണിക്കുന്ന ഉദാസീന

തയും സഹകരണ ബാങ്കിന്റെ സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും ഈ സ്കീം വിജയകരമായി നടപ്പാക്കുന്നതിൽ തടസ്സം തന്നെയാണ്. ഗുണഭോക്താക്കൾ ഈ സ്കീമിന്റെ വിശദാംശങ്ങളെക്കുറിച്ച് ബോധവാന്മാരല്ല എന്നതാണ് മറ്റൊരു പോരായ്മ. പലരും വായ്പ തിരിച്ചടയ്ക്കുന്നതിൽ വിമുഖത കാണിക്കുന്നു. ഗുണഭോക്താക്കളെ കണ്ടെത്താൻ ഉള്ള സർവ്വെ വർഷം തോറും നടത്തേണ്ടതാണ്.

### ട്രൈസം:

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും നൽകുന്ന പരിപാടിയാണ്. ഈ പദ്ധതിയിൻ പ്രകാരം 8ാം പദ്ധതിയിൽ മൊത്തം 22 പേർക്ക് പരിശീലന സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 15 പേർ സ്വന്തമായി ജോലി ചെയ്യുകയും 7 പേർ ദിവസകൂലിയിൽ ജോലിയിൽ ഏർപ്പെടുകയും ചെയ്തുവരുന്നു.

### നിർദ്ദേശങ്ങൾ

കൂടുതൽ പേർക്ക് പരിശീലനം കൊടുക്കുക, സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുക.

ട്രൈസം പരിശീലന ലഭ്യതാ കണക്ക്

| | SC/ST | Total | Women | P.H |
|---|---|---|---|---|
| 1992-93 | 1 | 8 | 9 | 8 -- |
| 1993-94 | 3 | - | 3 | 3 - |
| 1994-95 | 2 | 3 | 5 | 4 -- |
| 1995-96 | - | 5 | 5 | 5 -- |
| Total | 6 | 16 | 22 | 20 -- |

### DWCRA

ഐ.ആർ.ഡി.പി.യുടെ അനുബന്ധമായ സ്ത്രീകൾക്കു മാത്രമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. പത്തോ പതിനഞ്ചോ സ്തീകൾ ചേർന്ന ഗ്രൂപ്പുകൾ രൂപീകരിക്കുകയും തൊഴിൽ പരിശീലനം നൽകി ഉപജീവനമാർഗ്ഗം കണ്ടെത്താനുള്ള സഹായം നൽകുന്ന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം ചേളന്നൂർ പഞ്ചായത്തിൽ മൂന്ന് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

1. കയർ യൂണിറ്റ് - പാലത്ത്
2. പശു വളർത്തൽ- പാലത്ത്
3. പശു വളർത്തൽ - കണ്ടന്നൂർ

### നിർദ്ദേശങ്ങൾ

ഇത്തരം പദ്ധതി ഏറ്റെടുത്തു നടത്താൻ സ്ത്രീകൾ മുന്നോട്ടു വരുന്നില്ല. ബോധവൽക്കരണം ആവശ്യമാണ്.

### ടൂൾകിറ്റ് - RAP

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പരിപാടിയാണ് ഈ പദ്ധതിയനുസരിച്ച് 1992 മുതൽ 96 വരെയുള്ള കാലയളവിൽ 42 പേർക്കായി 84,000 രൂപയ്ക്കുള്ള പണിയായുധങ്ങൾ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

| | |
|---|---|
| 1992-93 | 3 |
| 1993-94 | 16 |
| 1994-95 | 14 |
| 1995-96 | 9 |
| Total | 42 |

### നിർദേശങ്ങൾ

തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള സഹായം 4000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

CRSP. ഗ്രാമപ്രദേശങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ മെച്ചപെടുത്തുവാൻ കേന്ദ്ര സംസ്ഥാന സഹായത്തോടെ ബ്ലോക്കുകൾ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയാണ്. ഇതുപ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ 2000 രൂപ ധനസഹായം അനുവദിക്കും 1992-96 കാലഘട്ടത്തിൽ ഈ സ്കീം അനുസരിച്ച് 54 പേർക്ക് ധനസഹായം അനുവദിച്ചു.

തീരദേശ നിർദ്ദേശങ്ങൾ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുക. ധനസഹായത്തിന്റെ തുക കാലോചിതമായി വർദ്ധിപ്പിക്കുകയും

| | SC | OC | |
|---|---|---|---|
| 1993-94 | 24 | 6 | 18 |
| 1994-95 | 9 | 3 | 6 |
| 1995-96 | 21 | 6 | 15 |
| Toal | 54 | 15 | 39 |

### ബാലവാടി

ചേളന്നൂർ പഞ്ചായത്തിൽ ICDS പ്രവർത്തിക്കുന്നില്ല. അതിനാൽ അംഗൻവാടികൾ നിലവിലില്ല. വികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ആറ് ബാലവാടികളാണ് ചേളന്നൂർ പഞ്ചായത്തിലുള്ളത്

### നിർദ്ദേശങ്ങൾ

കെട്ടിടങ്ങളുടെ അറ്റകുറ്റപണി വിവധ ഏജൻസികളുടെ സഹായത്തോടെ നടത്തുക. ടീച്ചർമാരുടെയും കൺവീനർമാരുടെയും വേതനം വർദ്ധിപ്പിക്കുക. കളിപ്പാട്ടങ്ങൾ വാങ്ങാൻ ധനസഹായം ലഭ്യമാക്കുക.

ഓരോ വാർഡിലും ഒരു ബാലവാടിയെങ്കിലും സ്ഥാപിക്കുക. നിലവിലുള്ള ബാലവാടികൾക്ക് ചുറ്റുമതിൽ കെട്ടുക.

## പെൻഷനുകൾ

സമൂഹത്തിലെ ദുർബലരും അവശരുമായ വിഭാഗത്തെ സഹായിക്കുന്നതിന് വിവിധ പെൻഷൻ പദ്ധതികൾ ഇന്ന് നിലവിലുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന വിധവകൾക്കും, വികലാംഗർക്കും, അഗതികൾക്കും ക്ഷയരോഗികൾക്കും കർഷകതൊഴിലാളികൾക്കും വിവിധ പദ്ധതികൾ അനുസരിച്ച് സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. കൂടാതെ രോഗം, അവശത, അനാഥത്വം എന്നിവകൊണ്ട് ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാനും വ്യത്യസ്ത പദ്ധതികൾ ഇന്ന് നിലവിലുണ്ട്.

പെൻഷനു വേണ്ടി അപേക്ഷ നൽകി ദീർഘകാലം കാത്തിരിക്കേണ്ടി വരുന്നു എന്നതാണ് എല്ലാത്തരം പെൻഷൻ പദ്ധതികളുടേയും പ്രധാനപ്പെട്ട പോരായ്മ. പ്രായപൂർത്തിയായ ആൺമക്കളുണ്ടങ്കിൽ പല പെൻഷനുകളും നിഷേധിക്കപ്പെടുന്നു. ഈ വ്യവസ്ഥ മാറേണ്ടിയിരിക്കുന്നു. വികലാംഗരെ സംബന്ധിച്ചിടത്തോളം അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കിട്ടുക എന്നതാണ് ഏറ്റവും പ്രയാസകരമായിട്ടുള്ളത്. ഈ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ കുറക്കാനുള്ള നടപടികൾ സ്വീകരിക്കണം. കൂടാത അന്ധ, ബധിര, മൂക വിദ്യാർത്ഥികൾക്കു വേണ്ടി ഒരു വിദ്യാഭ്യാസ സ്ഥാപനം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കേണ്ടതാണ്. കൂടാതെ വിവധതരം ക്ഷേമ പദ്ധതികൾ ഇന്ന് നിലവിലുണ്ട്.

കയർ തൊഴിലാളി, കർഷകതൊഴിലാളി, കെട്ടിട നിർമ്മാണതൊഴിലാളി, കൈതൊഴിലുകൾ, വിദഗ്ദ തൊഴിലാളികൾ എന്നീ സംഘടിതരും അസംഘടിതരുമായ തൊഴിലാളി വിഭാഗങ്ങൾക്ക് ക്ഷേമനിധി ബാധകമാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ നിരവധിപേർ വ്യത്യസ്ഥ ക്ഷേമ നിധികളിൽ അംഗങ്ങളാണ്.

നിർദ്ദേശം

പദ്ധതികളുടെ പ്രവർത്തനത്തെപ്പറ്റി വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്.

## പൊതു വിതരണം

ചേളന്നൂർ പഞ്ചായത്തിലാകെ 13 റേഷൻ ഷോപ്പുകളാണ് ഉള്ളത്. പല റേഷൻ ഷോപ്പിലും 500ലേറെ കാർഡുടമകൾ ഉള്ളതിനാൽ ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വളരെ ദൂരം നടന്ന റേഷൻഷോപ്പിലെത്താൻ ബുദ്ധിമുട്ടുന്ന ചില പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. ആറാം വാർഡ്– പതിനൊന്നാം വാർഡിലെ മുതുവാട്ടു താഴം എന്നിവിടങ്ങളിൽ പുതുതായി റേഷൻഷോപ്പുകൾ അനുവദിക്കേണ്ടതാണ്. പെരുമ്പൊയിൽ നിലവിലുള്ള രണ്ട് റേഷൻ കടകളിലൊന്ന് 9/1 ഭാഗത്തേക്ക് മാറ്റിയാൽ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. അതുപോലെ തന്നെ പുതുതായി റേഷൻകാർഡിൽ ഉൾപ്പെടുത്താനും റേഷൻകാർഡ് ഒരുസ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റാനും വേണ്ട നടപടിക്രമങ്ങളിലുള്ള ബുദ്ധിമുട്ട് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ചേളന്നൂർ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനാൽ അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് രണ്ട് ലിറ്ററിൽ നിന്നും മൂന്ന് ലിറ്ററായി വർദ്ധിപ്പിക്കേണ്ടതാണ്.

പൊതുവിതരണ സമ്പ്രദായം ശക്തമാക്കേണ്ടതിലേക്ക് മാവേലി സ്റ്റോറുകൾ രണ്ടെണ്ണമെങ്കിലും പഞ്ചായത്തിൽ സ്ഥാപിക്കണം കൂടാതെ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഉണ്ടാവുകയാണെങ്കിൽ രൂക്ഷമായ വിലക്കയറ്റത്തിൽ നിന്നും അല്പമെങ്കിലുംആശ്വാസം കിട്ടുമെന്നതിന് സംശയമില്ല.

ചേളന്നൂർ-താമരശ്ശേരി ബാങ്കിന്റെ കീഴിൽ പേരിന് ഒരു സഹകരണ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ടെങ്കിലും ജനങ്ങൾക്ക് വേണ്ടത്ര ഉപയോഗപ്രദമാകുന്നില്ല എന്നതാണ് സത്യം. വാർഡു തലത്തിൽ സഹകരണ പൊതുവിതരണകേന്ദ്രം സ്ഥാപിക്കാൻ കഴിഞ്ഞാൽ ഉപഭോക്താക്കൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

*'ഗ്രാമം നശിക്കുകയാണെങ്കിൽ ഇന്ത്യയും നശിക്കും. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്.'*

–ഗാന്ധിജി

# പൊതുവിതരണസംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

| നമ്പർ | ARD നമ്പർ | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | | മണ്ണെണ്ണ (ലിറ്റർ) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | NE | E | Total | മേജർ | മൈനർ | ആകെ | അരി | ഗോതമ്പ് | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റ് | വിതരണം ചെയ്യുന്നത് | ചെയ്യാത്തത് |
| 1 | 72 | 280 | 105 | 385 | 1560 | 340 | 1900 | 1950 | 650 | 36 | 82 | – | – | 31 | 3500 | 16000 |
| 2 | 71 | 415 | 415 | 830 | 3621 | 706 | 4327 | 2000 | 240 | 40 | 150 | – | – | 50 | 520 | 16800 |
| 3 | 297 | 200 | 184 | 384 | 1759 | 387 | 2146 | 2492 | 113 | 40 | 91 | – | – | 22 | 2580 | 12020 |
| 4 | 334 | 323 | 106 | 429 | 1942 | 347 | 2289 | 900 | 900 | 30 | 60 | – | – | 25 | 272 | |
| 5 | 305 | 170 | 211 | 381 | 1748 | 368 | 2116 | 1087 | 417 | 30 | 820 | – | – | 81 | – | 14000 |
| 6 | 66 | 177 | 153 | 333 | 1374 | 249 | 1623 | 934 | 350 | 27.90 | 57 | – | – | 27 | 280 | 9320 |
| 7 | 358 | 147 | 74 | 221 | 920 | 171 | 1091 | 496 | 214 | 1980 | 29 | – | – | 15 | 894 | 5744 |
| 8 | 68 | – | – | 718 | 3657 | 439 | 6553 | 6553 | 6549 | – | 1398 | – | – | 110 | 3481 | – |
| 9 | 69 | – | – | 618 | 2560 | 515 | 3081 | 5647 | 5647 | – | 12.324 | – | – | 82 | 818 | 2055 |
| 10 | 70 | 159 | 157 | 316 | 1422 | 231 | 1653 | 1128 | 327 | 359 | 73 | – | – | 9 | 95 | 1109 |
| 11 | 67 | 325 | 236 | 561 | 2391 | 425 | 2816 | 1420 | 29430 | 968 | 1052 | – | – | 45 | 4300 | 21000 |
| 12 | 65 | 200 | 210 | 411 | 1813 | 260 | 2073 | 1288 | 428 | 351 | 163 | – | – | 37 | 3680 | 14520 |
| 13 | 64 | 286 | 268 | 554 | 2359 | 349 | 2704 | 1315 | 784 | 43 | 131 | – | – | 42 | 5595 | 23590 |
| ആകെ | | 2682 | 2059 | 4741 | | | | | | | | | | | | |

## ആരോഗ്യ സ്ഥിതി വിവരങ്ങൾ

**വീടുകൾ**

| കോൺക്രീറ്റ് | ഓടിട്ടത് | ഓലമേഞ്ഞത് | കുടിൽ(മറ്റുള്ളവ) |
|---|---|---|---|
| 1603 | 3998 | 2171 | 28 |

**ജനസംഖ്യ**

| പുരുഷന്മാർ | സ്ത്രീകൾ |
|---|---|
| 14,984 | 15,092 |

**പ്രയാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീകളുടെ പ്രായം കണക്കാക്കി)**

| 16-19 | 20-24 | 25-29 | 30-34 | 35-39 | 40-44 |
|---|---|---|---|---|---|
| 256 | 861 | 928 | 920 | 759 | 404 |

**അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)**

| | | |
|---|---|---|
| a) | 1 കുട്ടി | 777 എണ്ണം |
| b) | 2 കുട്ടികൾ | 1485 " |
| c) | 2 ൽ കൂടുതൽ കുട്ടികൾ | 1569 " |
| | ആകെ | 3831 " |

**കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)**

| | | |
|---|---|---|
| a) | 1 കുട്ടി | 563 എണ്ണം |
| b) | 2 കുട്ടികൾ | 1432 " |
| c) | 2 ൽ കൂടുതൽ കുട്ടികൾ | 1472 " |
| | ആകെ | 2694 " |

a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം – 484
b) പ്രതിരോധകുത്തിവെപ്പ് നടത്തിയവർ – 242
ആകെ ഗർഭിണികൾ – 580

## ജനനമരണവിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 6 | 136 | ഇല്ല |
| 1994-95 | 3 | 101 | ഇല്ല |
| 1995-96 | 8 | 159 | ഇല്ല |

## പകർച്ചവ്യാധികൾ

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 45 | 2 | 2 | – |
| 1994-95 | 15 | 16 | 4 | 1 |
| 1995-96 | 22 | 25 | – | – |

# സ്ഥാപനവിവരങ്ങൾ

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥർ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ, ഇരുവള്ളൂർ | അലോപ്പതി | വാടക (പഞ്ചായത്ത് നൽകുന്നത്) | 13 | 1987 | സ്വന്തമായി ഭൂമിയും കെട്ടിവും ഇല്ല. സ്ഥലപരിമിതിമൂലം ഓഫീസ്, ഫാർമസി, ഡ്രസ്സിംഗ്റൂം കുത്തിവെപ്പിനുള്ള മുറി തുടങ്ങിയവ രണ്ടുചെറിയ മുരികളിലാണ് പ്രവർത്തിക്കുന്നത്. ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. |
| 2 | ഗവ: ഹോമിയോ ഡിസ്പെൻസറി, ചേളന്നൂർ | ഹോമിയോ | സ്വന്തം | 3 | 1973 | അത്യാവശ്യം മരുന്നുകളുടെ ദൗർലഭ്യം. ആവശ്യത്തിനുള്ള ഫർണിച്ചറുകളുടെ കുറവ്, ശുദ്ധ ജലത്തിന്റെ (ഡിസ്റ്റിൽഡ് വാട്ടർ) അഭാവം. ആശുപത്രിയിലേക്കുള്ള വഴി ഗതാഗതയോഗ്യമാക്കുക, ഫോൺ സൗകര്യം ലഭ്യമാക്കുക, ആവശ്യമായ സ്റ്റാഫ് |

## കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെപ്പ്

| കുട്ടികൾ | ബിസിജി | ഡിപിടി | പോളിയോ | ഡിടി | മീസിൽസ് |
|---|---|---|---|---|---|
| 1 വയസ്സിൽതാഴെ | 242 | 242 | 242 | 142 | 181 |
| 1–3 വയസ്സ് | – | 222 | 222 | – | 40 |
| 3–6 " | – | – | – | 142 | – |

## ടെറ്റനസ് ടോക് സോയിഡ് (ടി. ടി)

| | ഗർഭിണികൾ | 1 ഡി | 2ഡി | ബിഡി |
|---|---|---|---|---|
| | 1–4–96 മുതൽ | | | |
| | 290 | 290 | 290 | 93 |

| | |
|---|---|
| ഇരുമ്പ്/ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 280 |
| ഇരുമ്പ്/ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 1400 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 469 |



# ഗതാഗതം

നാടിന്റെ പുരോഗതിയിൽ ജനശക്തിയുടെ പങ്ക് നിർണായകമാണെന്നതിന്റെ ഉത്തമോദാഹരണങ്ങളാണ് ചേളന്നൂർ ഗ്രാമ പഞ്ചായത്തിലെ പല റോഡുകളും. നിലവിലുള്ള റോഡുകളിൽ മിക്കതും നാട്ടുകാരുടെ ശ്രമദാനഫലമായി നിർമ്മിക്കപ്പെട്ടവയാണ്. റോഡുകളുടെ സംരക്ഷണപ്രവർത്തനങ്ങളിലും ജനകീയസമിതികളുടെ പങ്ക് നിർണായകമാണ്. പഞ്ചായത്തിലെ പ്രഥമറോഡായ ബാലുശ്ശേരി-കോഴിക്കോട് റോഡും ചേളന്നൂർ-പട്ടർപാലം, കുമാരസ്വാമിരാജ-നരിക്കുനി, പെരുമ്പൊയിൽ-നരിക്കുനി എന്നിവയുമാണ് പ്രധാനറോഡുകൾ.

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

*(ഗ്രാമസഭാ റിപ്പോർട്ടുകൾ, വാർഡുമെമ്പർമാർ, പൊതുപ്രവർത്തകർ എന്നിവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ)*

## പ്രശ്നങ്ങൾ

നമ്മുടെ റോഡ്ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് കോഴിക്കോട്-ബാലുശ്ശേരി റോഡടക്കം മിക്കറോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നതിനാൽ റോഡുകൾ തകർന്ന് ഗതാഗതതടസ്സം അനുഭവപ്പെടുന്നു. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണിതിന് കാരണം. ആവശ്യത്തിന് ഫണ്ടില്ലായ്മ വികസനപ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാകുന്നു.

റോഡിന്റെ വീതിക്കുറവ്, പാർശ്വങ്ങളിൽ നടപ്പാതയില്ലായ്മ, റോഡുകളിൽത്തന്നെയുള്ള ഇലക്ട്രിക്-ടെലഫോൺ പോസ്റ്റുകൾ എന്നിവ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ചെറുതല്ല. റോഡുകളുടെ ശോചനീയവസ്ഥ കാരണം കോഴിക്കോടുനിന്ന് പൊഴിക്കാവ് ക്ഷേത്രം, പള്ളിപ്പൊയിൽ വഴി നരിക്കുനി എന്നിവിടങ്ങളിലേക്ക് ഉണ്ടായിരുന്ന ബസ്സുകൾ ഇപ്പോൾ സർവീസ് നടത്തുന്നില്ല.

## നിർദ്ദേശങ്ങൾ

വികസനപ്രവർത്തനത്തിൽ റോഡുകളുടെ പങ്ക് നിർണായകമാണെങ്കിലും പഞ്ചായത്തിലെ ചില റോഡുകൾക്ക് സാധാരണയിൽ കവിഞ്ഞ പ്രാധാന്യമുള്ളതായി കാണാം.

- ❑ നിലവിലുള്ള 7/6 - ഊട്ടുകുളം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ മെഡിക്കൽകോളേജിലേക്കുള്ള ദൂരം 11 കി.മീറ്ററോളം കുറയ്ക്കാവുന്നതാണ്.
- ❑ മുതുവാട്ടുതാഴം-ഈന്താട് റോഡും പാലവും നിർമ്മിച്ചാൽചീക്കിലോട് അത്തോളി ഭാഗങ്ങളിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാം.
- ❑ പുതിയേടത്തുതാഴം-ചിറക്കുഴി, പുനത്തിൽത്താഴം-ചിറക്കുഴി റോഡുകൾ വിസിപ്പിച്ച് ഗതാഗതയോഗ്യമാക്കിയാൽ നിർദ്ദിഷ്ടദേശീയപാതയിലേക്കുള്ള ഏറ്റവും എളുപ്പമാർഗ്ഗങ്ങളാണ്.
- ❑ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളും മെറ്റൽ റോഡുകളും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക എന്നുള്ളതാണ്.
- ❑ മിക്ക ഇടവഴികളും നടവഴികളും റോഡുകളാക്കി

മാറ്റണമെന്ന്ആവശ്യപ്പെട്ടിട്ടുണ്ട്.

- കോഴിക്കോട്നിന്ന് നരിക്കുനിയിലേക്ക് പാലത്തുവഴിയും പെരുമ്പൊയിൽ-കണ്ടോത്തുപാറ വഴിയും അമ്പലത്തുകുളങ്ങര- പള്ളിപ്പൊയിൽ-അമ്പലപ്പാട് വഴിയും കെ.എസ്.ആർ.ടി.സി ബസ്സുകൾ ഓടിക്കണമെന്നും ഗ്രാമസഭകളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്.
- പഞ്ചായത്തിലെ തിരക്കേറിയ റോഡായ കോഴിക്കോട്-ബാലുശ്ശേരി റോഡിൽ 9/5, 9/1, പെരുമ്പൊയിൽ, 7/6, അമ്പലത്തുകുളങ്ങര എന്നിവിടങ്ങളിൽ ബസ്സ് വെയിറ്റിംഗ്ഷെഡ്ഡുകൾ നിർമ്മിക്കേണ്ടതാണ്. കൂടാതെ ഊട്ടുകുളം, അടുവാറക്കൽതാഴം, അമ്പലപ്പാട്, കോറോത്തുപൊയിൽ, പുതിയേടത്തുതാഴം, ഇച്ചന്നൂർ സ്കൂൾ, പയ്യടതാഴം, പുനത്തിൽതാഴം എന്നിവിടങ്ങളിലും വെയിറ്റിംഗഷെഡ്ഡ് വേണമെന്ന് ജനം ആവശ്യപ്പെട്ടിരിക്കുന്നു.
- വാർഡുകളിലെ മുഴുവൻ ഫുട്പാത്തുകളും റിപ്പയർചെയ്യാനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കാനും എല്ലാ ഗ്രാമസഭകളിൽനിന്നും നിർദ്ദേശം വന്നിട്ടുണ്ട്.

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ പേരുവിവരം പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

*(ഗ്രാമസഭാറിപ്പോർട്ടുകൾ, വാർഡ്മെമ്പർമാർ, പൊതുപ്രവർത്തകർ എന്നിവരുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ)*

## ഊർജ്ജം

1969 ഡിസംബർ 8-ാംതീയതി കോവിളി രാവുണ്ണിക്കുട്ടിനായരുടെ വീട്ടിൽ സന്ധ്യാസമയത്ത് ബൾബുകൾ പ്രകാശിക്കുന്നതോടെ ആധുനികപുരോഗതിയുടെ പ്രധാനശക്തിയായ വൈദ്യുതി ചേളന്നൂർ ഗ്രാമപ്പഞ്ചായത്തിൽ പ്രവേശിച്ചു. നീണ്ട 27 വർഷങ്ങൾക്കുശേഷവും മുഴുവൻ വീടുകളും വൈദ്യുതീകരിക്കാൻ ഒരു വാർഡിനുപോലും സാധിച്ചിട്ടില്ല. ഇന്നും പല പ്രദേശങ്ങളിലേയും ജനങ്ങൾ മിനിമംഗ്യാരണ്ടി വ്യവസ്ഥപ്രകാരവും അല്ലാതെയും അപേക്ഷ സമർപ്പിച്ച് വൈദ്യുതിക്ക് വേണ്ടിയുള്ള കാത്തിരിപ്പ് തുടരുകയാണ്. പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷന് വേണ്ടതിലേറെ (6,000-ത്തിലധികം) ഉപഭോക്താക്കളുണ്ടായിട്ടും വൈദ്യുതിബോർഡിന്റെ ഓഫീസുകളൊന്നുംതന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നത് നമ്മുടെ ഒരു ദുര്യോഗംതന്നെയാണ്.

ഇപ്പോൾ കോഴിക്കോട് ജില്ലയിലെ പാവങ്ങാട്ട് സ്ഥിതിചെയ്യുന്ന വെസ്റ്റ്ഹിൽ 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് ചെറുകുളം വഴിയാണ് ചേളന്നൂർ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. കക്കോടി സെക്ഷൻ ഓഫീസിൽനിന്നാണ് ഇവിടെ വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ മൂന്നുമുതൽ പതിമൂന്നു കി.മീറ്റർ വരെ ദൂരം വൈദ്യുതിച്ചാർജടക്കുന്നതിനുവേണ്ടി സഞ്ചരിക്കണം. ആറായിരത്തിലധികം വരുന്ന ഉപഭോക്താക്കളിൽ 78.92% ഗാർഹികോപഭോക്താക്കളാണ്. 17.26 ശതമാനം വ്യാപാര ഉപഭോക്താക്കളും 0.58% വ്യവസായഉപഭോക്താക്കളും 3.24% കാർഷികോപഭോക്താക്കളുമാണ്.

അധികൃതരുടെ കണക്കുകളനുസരിച്ച് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 15 ട്രാൻസ്ഫോർമറുകളാണുള്ളത്. അതുകൊണ്ടുതന്നെ ഉപഭോക്താക്കൾ ഭൂരിഭാഗവും വോൾട്ടേജ് ക്ഷാമത്തെക്കുറിച്ച് പരാതിയുള്ളവരുമാണ്. എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പ്രധാനപ്പെട്ട ആവശ്യമായിരുന്നു പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക എന്നത്.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും താഴെ കൊടുത്തിരിക്കുന്നു.

| നമ്പർ | കപ്പാസിറ്റി | | പേര് |
|---|---|---|---|
| 1 | 160 കെ.വി.എ | | കക്കോടിമുക്ക് |
| 2 | 100 | " | കുമാരസ്വാമി |
| 3 | 250 | " | പാലത്ത് |
| 4 | 100 | " | എ.കെ.കെ.ആർ |
| 5 | 100 | " | 7/6 |
| 6 | 100 | " | പൊക്കാളി |
| 7 | 100 | " | ഹോമിയോ |
| 8 | 100 | " | S.N.G |
| 9 | 63 | " | മരുതാട് |
| 10 | 160 | " | അമ്പലപ്പാട് |
| 11 | 100 | " | പനാമ |
| 12 | 100 | " | പുതിയടത്തുതാഴം |
| 13 | 100 | " | കല്ലിട്ടപാലം |
| 14 | 100 | " | ഒളോപ്പാറ |
| 15 | 100 | " | പട്ടർപാലം |

പഞ്ചായത്ത് പ്രദേശത്ത് ആകെ 14.6 കി.മീ. 11 കെ.വി. ലൈനുകളും 36 കി.മീ. ത്രീഫേസ് ലൈനുകളും 87 കി.മീ. സിംഗിൾഫേസ് ലൈനുകളും കൂടാതെ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി ഒരു 110 കെ.വി. ലൈനും കടന്നുപോകുന്നുണ്ട്. പഞ്ചായത്തിൽ 46 ട്യൂബുകളടക്കം 154 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണുള്ളത്. പഞ്ചായത്ത്

പ്രതിമാസം ഇതിനായി 2,463 രൂപ ചെലവിടുമ്പോൾ ഭൂരി ഭാഗം ബൾബുകളും പ്രകാശിക്കാത്ത അവസ്ഥയാണ്.

## പ്രശ്നങ്ങൾ

- ❑ പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
- ❑ വൈദ്യുതി ബോർഡിന്റെ ഓഫീസ് പഞ്ചായത്തിലില്ലാത്തതിനാൽ ഉപഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും വൈദ്യുതിപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമമുണ്ട്.
- ❑ പ്രേക്ഷണവിതരണരംഗങ്ങളിൽ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ചും മരച്ചില്ലകളും മറ്റും മുറിക്കാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പഞ്ചായത്തിലെ ഒരു വാർഡിന് ശരാശരി 12 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമേ ഉള്ളൂ. ചില വാർഡുകളിൽ തീരെ സ്ട്രീറ്റുലൈറ്റുകൾ ഇല്ല.
- ❑ നിലവിലുള്ള സ്ട്രീറ്റുലൈറ്റുകൾ മുഴുവൻ പ്രകാശിക്കുന്നവയല്ല.
- ❑ സമ്പന്നകുടുംബങ്ങളിൽ സ്വകാര്യമായി സ്റ്റെപ്-അപ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നത് മറ്റ് ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നു.
- ❑ പഞ്ചായത്തിൽ മൊത്തത്തിലും ഉൾപ്രദേശങ്ങളിൽ പ്രത്യേകിച്ചും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

## നിർദ്ദേശങ്ങൾ

- ❑ പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുക
- ❑ പ്രേക്ഷണവിതരണരംഗങ്ങളിലെ തകരാറുകൾ പരിഹരിക്കുന്നതിനും ലൈനുകളിൽ മരച്ചില്ലകളും മറ്റും തട്ടിയുണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിനും പ്രാദേശികതലത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക
- ❑ പഞ്ചായത്തുപ്രദേശത്ത് വൈദ്യുതിബോർഡിന്റെ പരിഗണനയിലിരിക്കുന്ന അഞ്ചു ട്രാൻസ്ഫോർമറുൾക്ക് പുറമേ പുതുതായി 6 ട്രാൻസ്ഫോർമറുകൾകൂടി സ്ഥാപിക്കേണ്ടതാണ്.
- ❑ ദാരിദ്രരേഖക്കുതാഴെയുള്ള വൈദ്യുതീകരിക്കാത്ത എല്ലാ കുടുംബങ്ങൾക്കും കുടീർജ്യോതി പദ്ധതി പ്രകാരം കണക്ഷൻനൽകുക.
- ❑ പ്രധാനപ്പെട്ട എല്ലാ റോഡുകളിലും പൊതുവഴികളിലും കോളനികളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക
- ❑ ചേളന്നൂർ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക. 110 കെ.വി. ലൈൻ പഞ്ചായത്തിലൂടെ കടന്നുപോകുന്നതുകൊണ്ട് പ്രത്യേക ലൈൻ വലിക്കേണ്ട ആവശ്യമില്ല.
- ❑ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നതും എസ്.എൻ. ട്രസ്റ്റിന്റെ കൈവശമിരിക്കുന്നതുമായ 25 ഹെക്ടർ വിസ്തീർണമുള്ള കളരിക്കുന്നിൽ ഒരു സൗരോർജ്ജനിലയം സ്ഥാപിക്കുക. ഇത് സമീപപഞ്ചായത്തുകൾക്കുകൂടി ഉപയോഗപ്രദമാകും.
- ❑ 11-ാം വാർഡിലെ തച്ചോറമലയിൽ ഒരു സൗരോർജ്ജനിലയംസ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.
- ❑ രണ്ടാംവാർഡിൽ മാലേരിമലയിൽ അനർട്ടിന്റെ സഹായത്താൽ ഒരു കാറ്റാടിയന്ത്രം സ്ഥാപിക്കണമെന്ന് ഗ്രാമസഭ നിർദ്ദേശിച്ചിരിക്കുന്നു.
- ❑ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നതരത്തിൽ റോഡിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥിതിചെയ്യുന്നു. ഇതെല്ലാം റോഡരുകിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.
- ❑ ഊർജ്ജക്ഷാമം പരിഹരിക്കേണ്ടതിലേക്ക് പഞ്ചായത്ത്തലത്തിൽ വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ എടുക്കുക.

## മാർക്കറ്റ്

മാർക്കറ്റുകളെ സംബന്ധിച്ചു പറയുമ്പോൾ ചേളന്നൂരിന് അവകാശപ്പെടാൻ ചരിത്രപരമായ പശ്ചാത്തലങ്ങളൊന്നുമില്ല. മുൻകാലങ്ങളിൽ കാർഷികവിഭവങ്ങൾ സുലഭമായി ഉല്പാദിപ്പിച്ചിരുന്ന നമ്മുടെ ഗ്രാമീണർ കാരപ്പറമ്പ്, ബാലുശ്ശേരി ചന്തകളേയും നഗരത്തിലെ വ്യാപാരകേന്ദ്രങ്ങളേയുമാണ് ആശ്രയിച്ചുപോന്നിരുന്നത്. ഇന്നും ആ സ്ഥിതിക്ക് വലിയ മാറ്റമൊന്നും കാണാൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഏക പൊതുമാർക്കറ്റെന്ന് പറയാവുന്നത് അമ്പലത്തുകുളങ്ങരയിലുള്ള മത്സ്യവിപണനകേന്ദ്രമാണ്. അതുതന്നെ വൈദ്യുതീകരിക്കുകയോ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെ ന്യായവില കിട്ടുന്നതിനും ഉപഭോക്താക്കൾക്ക് അമിതവില നൽകാതെ അവ ലഭിക്കുന്നതിനും പഞ്ചായത്തിൽ പൊതുവിപണനസമ്പ്രദായം അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

- ❑ വിപണനസൗകര്യമില്ലാത്തതിനാൽ കർഷകർ, പരമ്പരാഗത കൈത്തൊഴിലുകാർ, ചെറുകിട വ്യവസായ സംരംഭകർ എന്നിവർ ഉൽപ്പാദനരംഗത്തുനിന്നും പിന്നോക്കം പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇത് ഉൽപ്പാദന മാന്ദ്യത്തിന് ഇടവരു

ത്തുന്നു.

- ഗ്രാമീണകർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ന്യായവില ലഭിക്കാതെ മൊത്തക്കച്ചവടക്കാർക്ക് കൊടുക്കാൻ നിർബന്ധിതരാകുന്നു.
- മൊത്തക്കച്ചവടക്കാർ അല്ലെങ്കിൽ ഇടനിലക്കാർ വൻലാഭമെടുത്തുകൊണ്ട് ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നു.
- ചില പ്രത്യേക കാലങ്ങളിൽ പഞ്ചായത്തിന്റെ പല ഭാഗത്തും പഴസംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാറുണ്ട്. മൊത്തക്കച്ചവടക്കാരോ ഇടനിലക്കാരോ ആണ് ഇവ നടത്തുന്നത്. സ്വന്തം പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ നഗരങ്ങളിൽ നിന്നും ഉയർന്നവിലക്ക് വാങ്ങേണ്ട ഗതികേടാണ് ഗ്രാമവാസികൾക്കുള്ളത്. (ഉദാ: മാങ്ങ, വാഴപ്പഴം മുതലായവ)
- ജനസാന്ദ്രത കൂടിയ പ്രദേശങ്ങളായ പാലത്ത് ബസാർ, കുമാരസ്വാമി, അമ്പലത്തുകുളങ്ങര, 8/2 തുടങ്ങിയ പ്രദേശങ്ങളിൽ മത്സ്യമാർക്കറ്റുകളോ, അറവുശാലകളോ ഇല്ലാത്തതിനാൽ പരിസരമലിനീകരണവും, ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

## നിർദ്ദേശങ്ങൾ

- കാർഷികോൽപ്പന്നങ്ങളും മറ്റും ഉൽപ്പാദകർക്കു തന്നെ നേരിട്ട് ഉപഭോക്താക്കൾക്ക് വിൽക്കാൻ കഴിയും വിധത്തിൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ഒരു ഗ്രാമചന്ത ആരംഭിക്കേണ്ടതാണ്.
- പഞ്ചായത്തിലെ പ്രധാനകവലകളിലെല്ലാം മത്സ്യമാർക്കറ്റുകൾ അറവുശാലകൾ എന്നിവ സ്ഥാപിക്കണം.
- അമ്പലത്തുകുളങ്ങരയിൽ നിലവിലുള്ള മത്സ്യമാർക്കറ്റ് വൈദ്യുതീകരിക്കുകയും അതിനോടനുബന്ധിച്ച് ഒരു അറവുശാല തുടങ്ങുകയും വേണം. റോഡരുകിലെ മത്സ്യവിൽപ്പന തടയണം.
- അതാതു സീസണുകളിൽ പ്രവർത്തിക്കുന്ന പഴസംഭരണകേന്ദ്രങ്ങൾ ചൂഷണവിമുക്തമായ രീതിയിൽ പ്രവർത്തിക്കാൻ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കണം.
- ഓരോ വർഷവും പഞ്ചായത്തിലെ അനുയോജ്യമായ സ്ഥലത്തുവെച്ച് ഒരു കാർഷിക വിപണന മേള സംഘടിപ്പിക്കണം. ആടുമാടുകൾ, കാർഷികോപകരണങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയവയുടെ വിപണനത്തിനും, വിനോദ-സാംസ്കാരിക പരിപാടികൾക്കും ഉതകുന്ന ഈ മേള പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം കൂടിയാണ്.

## വാർത്താവിനിമയം

വാർത്താവിനിമയ രംഗത്ത് വൻ മുന്നേറ്റം നടന്നു കൊണ്ടിരിക്കുന്ന ആധുനികയുഗത്തിൽ അതിനൊപ്പമെത്താൻ ചേളന്നൂർ പഞ്ചായത്തും വെമ്പൽകൊള്ളുകയാണ്. വാർത്താവിനിമയരംഗത്ത് എരഞ്ഞിപ്പാലം സബ്പോസ്റ്റാഫീസിന്റെ കീഴിലായിരുന്ന അമ്പലത്തുകുളങ്ങരയിലെ ചേളന്നൂർ ബ്രാഞ്ച് പോസ്റ്റാഫീസായിരുന്നു ഇവിടുത്തെ ആദ്യ സ്ഥാപനം. കണ്ണങ്കര, എടക്കര, ഇരുവള്ളൂർ എന്നീ ബ്രാഞ്ച് പേസ്റ്റാഫീസുകളും പിന്നീട് നിലവിൽ വന്നു. 14-02-1973 അമ്പലത്തുകുളങ്ങരയിലെ ബ്രാഞ്ച് പോസ്റ്റാഫീസ് സബ് പോസ്റ്റാഫീസാക്കി ഉയർത്തി. ഇരുവള്ളൂർ, എടക്കര, കണ്ണങ്കര എന്നീ ബ്രാഞ്ച് പോസ്റ്റാഫീസുകൾ ഇപ്പോൾ ഇതിന്റ കീഴിലാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലും പോസ്റ്റാഫീസുകളിലുമായി ഇപ്പോൾ 11 തപാൽ പെട്ടികളാണുള്ളത്.

1977-ൽ 25 ലൈനുകളോടെ പഞ്ചായത്തിൽ ആദ്യത്തെ ടെലഫോൺ എക്സേഞ്ച് നിലവിൽ വന്നു. പിന്നീട് 100 ലൈനുകളായി. 1994 മാർച്ചിൽ 1080 ലൈനുകളുള്ള ആധുനിക എക്സേഞ്ചായി വികസിപ്പിച്ചു. ചേളന്നൂർ എക്സേഞ്ചിന്റെ പരിധിയിൽ ഇതിനകം 1070 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 5 S T D സൗകര്യമുള്ള ടെലഫോൺ ബൂത്തുകൾ ഉണ്ട്.

പഞ്ചായത്തിലെ വാർത്താവിനിമയ രംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- വളരെ മുമ്പ് ആരംഭിച്ച അമ്പലത്തുകുളങ്ങരയിലെ സബ് പോസ്റ്റാഫീസിന് ഇപ്പോഴും സ്വന്തമായി കെട്ടിടമില്ല. ഏതു നിമിഷവും തകർന്നുവീഴാവുന്ന രീതിയിൽ ചോർന്നൊലിക്കുന്ന കെട്ടിടത്തിലാണ് ഇപ്പോഴിത് പ്രവർത്തിക്കുന്നത്.
- പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പര്യാപ്തമായത്ര തപാൽ പെട്ടികൾ ഇല്ല.
- സ്ഥാപിച്ചതുമുതൽ വാടകകെട്ടിടത്തിലാണ് ചേളന്നൂർ ടെലഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നത്.
- ചേളന്നൂർ എക്സ്ചേഞ്ചിന്റെ പരിധിയിൽ കാക്കൂർ കക്കോടി പഞ്ചായത്തുകളും നന്മണ്ട കരുവട്ടൂർ പഞ്ചായത്തുകളുടെ ചിലഭാഗങ്ങളും ഉൾപ്പെടുന്നതുകൊണ്ട് പഞ്ചായത്തിലെ ആവശ്യമുള്ള മുഴുവൻ ആളുകൾക്കും കണക്ഷൻ നൽകാൻ കഴിയുന്നില്ല.

## നിർദ്ദേശങ്ങൾ

ചേളന്നൂർ സബ് പോസ്റ്റാഫീസിന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കണം.

പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ കൂടുതൽ തപാൽ പെട്ടികൾ സ്ഥാപിക്കണം.

ചേളന്നൂർ ടെലഫോൺ എക്സ്ചേഞ്ചിന് സ്വന്തം കെട്ടിടം നിർമ്മിക്കണം.

ചേളന്നൂർ എക്സ്ചേഞ്ചിന്റെ പരിധി ചേളന്നൂർ

പഞ്ചായത്തിന് മാത്രമായി പരിമിതപ്പെടുത്തുകയോ അല്ലെങ്കിൽ പഞ്ചായത്തിൽ ആവശ്യമുള്ള എല്ലാവർക്കും കണക്ഷൻ നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ വേണം. പഞ്ചായത്തിൽ മാത്രം ഇപ്പോൾ ജനറൽ വിഭാഗത്തിൽ 800 പേരും O.Y.T. വിഭാഗത്തിൽ 220 പേരും കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുന്നുണ്ട്.



*'ചൂഷകന്റെ ആവശ്യത്തിനല്ല ചൂഷിതരായ ഗ്രാമീണരുടെ ആവശ്യത്തിനുവേണ്ടി വേണം വിദ്യാഭ്യാസരംഗത്തെ പരിവർത്തനം.'*

–ഗാന്ധിജി

## വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

(എണ്ണം വാർഡുതലത്തിൽ)

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 5 | 4 | 9 |
| 2 | 11 | 6 | 17 |
| 3 | 7 | 2 | 9 |
| 4 | 8 | 4 | 12 |
| 5 | 6 | 2 | 8 |
| 6 | 1 | 1 | 2 |
| 7 | 13 | 3 | 16 |
| 8 | 6 | 4 | 10 |
| 9 | 4 | 2 | 6 |
| 10 | 5 | 6 | 11 |
| 11 | 8 | 6 | 14 |
| 12 | 1 | 1 | 2 |
| ആകെ | 75 | 41 | 116 |

## IRDP സഹായലഭ്യതാ കണക്ക്

| വർഷം | എസ്.സി | ഒ.സി. | ആകെ | സ്ത്രീ | വികലാംഗർ | ലോൺ | സബ്സിഡി |
|---|---|---|---|---|---|---|---|
| 1992–93 | 39 | 14 | 83 | 25 | – | 1,78,823 | 1,18,559 |
| 1993–94 | 42 | 27 | 69 | 28 | – | 2,29,730 | 1,45,354 |
| 1994–95 | 3 | 31 | 34 | 14 | – | 2,36,152 | 1,19,184 |
| 1995–96 | 18 | 22 | 40 | 21 | 1 | 4,10,578 | 1,78,000 |
| ആകെ | 102 | 94 | 196 | 88 | 1 | 10,55,283 | 55,997 |

## ബാലവാടികളുടെ വിവരം

| നമ്പർ | വാർഡ് | എണ്ണം | കുട്ടികളുടെ എണ്ണം | കെട്ടിടം | കളിപ്പാട്ടം |
|---|---|---|---|---|---|
| 1 | 1 | 1 | 105 | ഉണ്ട് | ഉണ്ട് |
| 2 | 2 | 1 | 30 | ഉണ്ട് | ഉണ്ട് |
| 3 | 5 | 1 | 60 | ഉണ്ട് | ഉണ്ട് |
| 4 | 8 | 1 | 80 | ഉണ്ട് | ഉണ്ട് |
| 5 | 11 | 1 | 80 | ഉണ്ട് | ഉണ്ട് |
| 6 | 12 | 1 | 80 | ഉണ്ട് | ഉണ്ട് |

## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്ഷയരോഗികൾക്കായുള്ള പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|
| 1992–93 | 16 | 13 | – | 6 | 7 |
| 1993–94 | 9 | 8 | 2 | 5 | 11 |
| 1994–95 | 9 | 5 | 2 | 3 | 12 |
| 1995–96 | 1 | 4 | – | 9 | 10 |
| 1996–97 | 11 | – | – | 2 | 4 |
| ആകെ | 46 | 30 | 4 | 25 | 44 |

## വീടുകളുടെ തരംതിരിവ് പട്ടിക

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലകളുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധസ്കീമുകളിൽ നിർമ്മിച്ച എണ്ണം |
|---|---|---|---|---|---|---|---|
| 1 | 942 | 27 | 136 | 542 | 237 | – | 16 OLHS |
| 2 | 593 | 39 | 37 | 284 | 233 | – | |
| 3 | 935 | 39 | 235 | 435 | 216 | 10 | |
| 4 | 740 | 43 | 169 | 346 | 182 | – | |
| 5 | 824 | 74 | 223 | 370 | 157 | – | 12 OLHS |
| 6 | 506 | 28 | 127 | 285 | 60 | – | |
| 7 | 815 | 24 | 112 | 422 | 155 | 2 | |
| 8 | 576 | 52 | 143 | 208 | 173 | – | 28 OLHS 49 RLHS |
| 9 | 609 | 44 | 122 | 281 | 155 | 7 | |
| 10 | 792 | 28 | 142 | 381 | 235 | 6 | |
| 11 | 954 | 72 | 157 | 444 | 278 | 3 | |
| Total | 8280 | 470 | 1603 | 3998 | 2181 | 28 | |



# സംസ്കാരം

കേരളത്തിലെ മറ്റു പ്രദേശങ്ങളിലെന്ന പോലെ പുരാതനമായ ഒരു സാംസ്കാരിക പാരമ്പര്യം ഈ പഞ്ചായത്തിലും നിലവിലിരുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ച് പുരാതന കലാരൂപങ്ങൾ ഇവിടെ നിലനിന്നിരുന്നു. പഞ്ചായത്തിലെ ശ്രീ പോഴിക്കാവ് പരദേവത ക്ഷേത്രം, ശ്രീ വെള്ളൂർ പരദേവതാ ക്ഷേത്രം, ഊട്ടുകുളം ഭഗവതി ക്ഷേത്രം എന്നിവിടങ്ങളിൽ പാട്ടും കളമെഴുത്തും ഉത്സവം നടത്തിയിരുന്നു. മുതുവാട് നാഗകാളി ക്ഷേത്രം പാറപ്പുറത്ത് ക്ഷേത്രം ആലങ്കോട്ട് ക്ഷേത്രം എന്നിവിടങ്ങളിൽ നാഗപ്പാട്ടുത്സവം നടത്തിയിരുന്നു. ആഞ്ഞോടി, വേങ്ങാട് മണ്ണാറക്കൻ കുടംബാംഗങ്ങൾ തെയ്യം കലാകാന്മാരായിരുന്നു. കളരി പയറ്റിൽ മഹത്തായ പാരമ്പര്യത്തിനുടമകളായിരുന്ന കേളോത്ത് കൊളത്തോറത്ത് വെള്ളയാറ കുടുംബാംഗങ്ങൾ പുരാതനമായ ഒരു മുസ്ലീം പള്ളി ഈ പഞ്ചായത്തിന്റെ തെക്കു ഭാഗത്ത് ഇന്നു നിലനിൽക്കുന്നുണ്ട്. (ചെലപ്രം പള്ളി)

ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് ത്യാഗമനോഭാവവത്തോടുകൂടി ഒട്ടനവധി ചെറുപ്പക്കാർ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ചതിന്റെ നേട്ടങ്ങൾ നമുക്ക് ഇന്ന് അനുഭവവേദ്യമാണ്, അയിത്തത്തിനും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായ സംഘടിതമായ പ്രവർത്തനവും ബോധവൽക്കരണവും നാൽപതുകളുടെ ആരംഭത്തിൽ തന്നെ നമ്മുടെ പഞ്ചായത്തിലും ആരംഭിച്ചിരുന്നു. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെകൂടി ഭാഗമായിരുന്നു. അത്തരം സാമൂഹ്യ പരിവർത്തന പ്രവർത്തനങ്ങൾ. ഇത്തരത്തിലുള്ള പരിശ്രമങ്ങളുടെയെല്ലാം ഫലമായി നമ്മുടെ പഞ്ചായത്തിൽ ആദ്യമായി രൂപംകൊണ്ട വായനശാലയായിരുന്നു ഒളോപ്പാറ ഭാഗത്തെ ഗ്രാമീണ വായനശാല. പരേതനായ ശ്രീ കെ. ചാത്തുണ്ണി മാസ്റ്റർ, ഇ.പി. ഗോവിന്ദൻ എന്നിവരുടെ നേതൃത്വത്തിൽ 1942-ൽ രൂപം കൊണ്ട ഈ വായനശാലയോടനുബന്ധിച്ച് നിശാപാഠശാല ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. ഇന്ന് ഈ വായനശാല നിലവിലില്ല. അതിനു ശേഷം അമ്പലത്തുകുളങ്ങര കേന്ദ്രമായി 1945-ൽ പൊതുജന വായനശാല രൂപംകൊണ്ടു. കരിപ്പാം പുറത്ത് മാധവൻ നായർ തിരുവോത്ത് മാധവൻ, കുറ്റ്യാടം പറമ്പത്ത് അപ്പുണ്ണി നായർ, പൊയിലിൻ ഗോപാലൻ നായർ എന്നിവർ ഈ വായനശാലയുടെ രൂപീകരണത്തിൽ പങ്കുവഹിച്ചവരാണ്. അവിടുന്നിങ്ങോട്ട് നിരവധി വായനശാലകളും, കലാസമിതികളും, ക്ലബ്ബുകളും നമ്മുടെ പഞ്ചായത്തിൽ ഉയർന്നു വരികയുണ്ടായി. അവയിൽ ഭൂരിപക്ഷവും അകാലചരമമടയുകയാണുണ്ടായത്. ചുരുക്കം ചിലത് ഇപ്പോഴും സജീവമായി നിൽക്കുന്നു. പഞ്ചായത്തിലെ കലാ സാംസ്കാരി കേന്ദ്രങ്ങളിൽ ഇന്ന് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് നെഹ്റു യുവ കേന്ദ്രയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 'ഗുഡ് ലക്ക് യൂത്ത് ഡെവലപ്മെന്റ് സെന്റർ' ആണ്. കേരളത്തിൽ തന്നെ ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ട നാലു കേന്ദ്രങ്ങളിൽ ഒന്നാമതായി സ്ഥാപിക്കപ്പെട്ട ഈ സാംസ്കാരിക കേന്ദ്രത്തെ കേന്ദ്രീകരിച്ചാണ്. സമീപപ്രദേശങ്ങളിലെ ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. സ്വന്തമായ ഇരുനിലകെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. 8/2ൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ലൈബ്രറിക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം സംഭാവന ചെയ്തത് തിരുവോത്ത് കൃഷ്ണൻ എന്ന ആളാണ്.

**ചേളന്നൂർ പഞ്ചായത്തിലെ കലാസാംസ്കാരിക സ്ഥാപനങ്ങൾ**

1. പാർത്ഥസാരഥി, ഇരുവള്ളൂർ
2. ഗുഡ് ലക്ക് ലൈബ്രറി ആർട്സ് & സ്പോർട്സ് സെന്റർ, അതിയാനത്തിൽ താഴം
3. പ്രതീക്ഷ കലാവേദി, പോഴിക്കാവു കുന്ന്
4. അർപ്പണാ തിയ്യേറ്റേഴ്സ്, 8/2
5. സെവൻ സിക്സ് ചാലഞ്ചേഴ്സ്, ചേളന്നൂർ
6. ഗ്രാമശ്രീ, 7/4
7. പ്രതിഭ കലാവേദി, പള്ളിപ്പൊയിൽ
8. വോയ്സ് ഓഫ് പള്ളിപ്പൊയിൽ
9. ജൂനിയേഴ്സ് ചേളന്നൂർ
10. ഫേയ്മസ് കുമാരസ്വാമി
11. സഹൃദയ കുമാരസ്വാമി
12. പ്രണവം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്, മുതുവാട്ടു താഴം
13. രണചേതന, പുതിയേടത്തു താഴം
14. സെഞ്ചുറി സ്പോർട് ക്ലബ്ബ്, പുതിയേടത്തു താഴം
15. സന്മാർഗ ആർട്സ് ആന്റ് സ്പോർട് ക്ലബ്ബ്, പുനത്തിൽ താഴം
16. കൈരളി ആർട്സ് ആന്റ് സ്പോർടസ് ക്ലബ്ബ്, മുതുവാട്ടു താഴം
17. ഫ്രൻസ് കലാവേദി പുനത്തിൽ താഴം
18. സുവർണ്ണ തിയ്യേറ്റേഴ്സ് കല്ലുപുറത്തിൽ താഴം
19. പാറപ്പുറം തിയ്യേറ്റേഴ്സ്, കണ്ണങ്കര
20. കസ്തൂർബാ മഹിളാ സമാജം
21. പ്രതീക്ഷാ മഹിളാ സമാജം, പോഴിക്കാവു കുന്ന്
22. കൈരളി മഹിളാസമാജം, കണ്ടന്നൂർ
23. ഓർമ്മ കലാരംഗ് 8/2
24. സിദ്ധാ സ്പോർട്സ് ക്ലബ്ബ്, പാലത്ത്
25. യുവജനത, ജനതാ താഴം പാലത്ത്
26. എ.വി. കുട്ടിമാളു അമ്മ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്
27. സന്മാർഗദായിനി മഹിളാ സമാജം, പുനത്തിൽ താഴം
28. സ്പാർക്ക് ചേളന്നൂർ, 8/2
29. പല്ലവി മ്യൂസിക്ക് ക്ലബ്ബ്,
30. ജാസ്ക്, കണ്ണങ്കര
31. മിറാഷ്, തെക്കേടത്തു താഴം

1957-ൽ എ.കെ.കെ.ആർ ഹൈസ്ക്കൂൾ നിലവിൽ വരുന്നതുവരെ വെറും പ്രൈമറി വിദ്യാഭ്യാസം മാത്രം ലഭിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു നാം. അതുകൊണ്ടുതന്നെ വിദ്യഭ്യാസപരവും സാംസ്കാരികപരവുമായി ഉയരാനുള്ള അവസരം പലർക്കും ലഭിച്ചിരുന്നില്ല. നമ്മുടെ പഞ്ചായത്തിൽ നിന്ന് ആദ്യമായി ബിരുദം നേടിയവർ സർവ്വശ്രീ. എ.കെ. ലോഹിതാക്ഷൻ, കെ. ബാലകൃഷ്ണൻ നായർ പി. കൃഷ്ണൻ നമ്പൂതിരി എന്നിവർ ഉൾപ്പെടുന്നു. കൂട്ടത്തിൽ പറയട്ടെ പേരെടുത്തു പറയാവുന്ന പ്രാസംഗികനായിരുന്ന എ.കെ. ലോഹിതാക്ഷൻ. കേരള രാഷ്ട്രീയത്തിൽ പ്രസിദ്ധരായ കെ. ചാത്തുണ്ണി മാസ്റ്റർ, പി.സി. രാഘവൻ നായർ, വട്ടോളി അച്ചുതൻ മേസ്തിരി എന്നിവർ നമ്മുടെ പഞ്ചായത്തിൽ ജനിച്ചുവളർന്നവരാണ്. ശ്രീ എ.കെ. അപ്പുമാസ്റ്റർ, എം.എൽ.എ. സി.പി. ബാലൻ വൈദ്യർ, എന്നിവർ നമ്മുടെ പഞ്ചായത്ത് ‾ നിവാസികളാണ്.

1968ൽ ചേളന്നൂർ S.N.G. കോളേജ് സ്ഥാപിക്കപ്പെട്ടു. ഇതിനുവേണ്ടി സ്ഥലം സൗജന്യമായി വിട്ടുകൊടുത്ത താമരമംഗലത്ത് അച്ചുതൻനായർ, മാക്കാടത്ത് രാമൻ കുട്ടിനായർ, പൊക്കാളി കുഞ്ഞികണാരൻ, തിരുവോത്തു മൂത്തോറോൻ, തച്ചാട്ടു ശങ്കരൻ നായർ, തിരുവോത്തു കൃഷ്ണൻ എന്നീ ഉദാരമതികളുടെ സേവനം ശ്ലാഘനീയമാണ്. വിദ്യാഭ്യാസ സാംസ്കാരിക രംഗത്തുള്ള നമ്മുടെ ഉയർച്ചക്ക് ഈ കോളേജിന്റെ രൂപീകരണം വളരെ വലിയ പങ്കുവഹിച്ചു.

കലാരംഗത്ത് ഒട്ടനവധി പ്രതിഭകൾ നമ്മുടെ പഞ്ചായത്തിൽ നിന്നും ഉയർന്നുവരികയുണ്ടായി ഗായകനും സംഗീതവിദഗ്ദ്ധനുമായ പരേതനായ ചേളന്നൂർ സുകുമാരൻ ചിത്രകാരനും അദ്ധ്യാപകനുമായ ഗോവിന്ദൻ കുട്ടിമാസ്റ്റർ, 1979-80ൽ സംസ്ഥാന സർക്കാറിന്റെ മികച്ച നാടക നടിക്കുള്ള അവാർഡ് നേടിയ ശ്രീമതി രത്നമ്മ മാധവൻ കഥകളി നാട്യരംഗത്ത് പേരെടുത്ത കലാമണ്ഡലം സത്യവ്രതൻ 1994-95-ൽ കാലിക്കറ്റ് യൂനിവേഴ്സിറ്റി ബി-സോൺ കലോത്സവത്തിൽ മോഹിനിയാട്ടം കുച്ചുപ്പിടി, ഭരതനാട്യം, എന്നിവയിൽ ഒന്നാം സ്ഥാനം നേടിയ പി. സുകന്യ എന്നിവർ നമ്മുടെ പഞ്ചായത്തിന്റെ സംഭാവനകളാണ്. ശ്രീ കലാലയം നൃത്തവിദ്യാലയത്തിലെ വിദ്യാർത്ഥിനികൾ കഴിഞ്ഞ കേരളോത്സവത്തിൽ സംസ്ഥാന തലത്തിൽ സംഘ നൃത്തത്തിന് ഒന്നാം സ്ഥാനവും ദേശീയ യുവജനമേളയിൽ നാലാം സ്ഥാനവും ലഭിക്കുകയുണ്ടായി.

കോഴിക്കോട് ജില്ലയിലെ പ്രൊഫഷണൽ നാടക ട്രൂപ്പുകളിലൊന്നായ 'മാസ്- കോഴിക്കോടിന്റെ' ആസ്ഥാനം ചേളന്നൂരിലെ പെരുമ്പോയിൽ ആണ്. അമ്പലത്തുകുളങ്ങരയിൽ പ്രവർത്തിക്കുന്ന "ശ്രീകലാലയം" സംഗീതം ശാസ്ത്രീയ നൃത്തം എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്. ഇത് കോഴിക്കോട് ജില്ലയിൽ പ്രശസ്തമാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ശാഖ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കായി വിജ്ഞാനോത്സവം സംഘടിപ്പിക്കുന്നുണ്ട് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ശ്രീധരൻ നമ്മുടെ പഞ്ചായത്തിലെ ഇരുവള്ളൂർ സ്വദേശിയാണ്. വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതുവെ സൗഹാർദ്ദപരമയ അന്തരീക്ഷമാണ് ഈ രംഗത്തുള്ളത്. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും സ്കൂൾ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര ഫണ്ടില്ലാത്തതിനാൽ ബാലസാഹിത്യകൃതി

കളും മറ്റും വേണ്ടത്ര വാങ്ങാൻ കഴിയാത്ത അവസ്ഥ യാണ് ഉള്ളത്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഒരു പഞ്ചായത്തുതല കോ: ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക.
2. പഞ്ചായത്തിലെ വാർഡുകളിലെ പ്രധാന സ്ഥലങ്ങളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.
3. കേരളോത്സവം, തുടങ്ങിയ സാംസ്കാരിക മത്സരങ്ങൾ വ്യാപകമായ പ്രചരണത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും നടത്തുക.
4. തുടർ സാക്ഷരതാപ്രവർത്തനം സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടുകൂടി നടത്തുക.
5. ഗ്രന്ഥശാലകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ ബഹുജന പങ്കാളിത്തത്തോടു കൂടി ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
6. ഗ്രന്ഥശാലകളിൽ ചുരുങ്ങിയത് മൂന്ന് ദിനപത്രങ്ങളെങ്കിലും നൽകുക.
7. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിച്ച് കായികരംഗത്തെ പരിപോഷിപ്പിക്കുക.
8. കലാകായിക മത്സരങ്ങൾ നടത്തുന്നതിന് സന്നദ്ധ സംഘടനകൾക്ക് സഹായം നൽകുക.
9. എല്ലാ ലൈബ്രറികളിലും ജനവിദ്യാ കേന്ദ്രങ്ങൾ ആരംഭിക്കുക.
10. സാംസ്കാരിക സംഘടനകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സൃഷ്ടിപരമായ രീതിയിലേക്ക് നയിക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

മൊത്തം ജനതയുടെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിലൂടെ മാത്രമേ ഇന്ന് സമൂഹത്തിൽ ബാധിച്ചിരിക്കുന്ന മൂല്യച്യുതിക്കെതിരായ ധർമ്മസമരം വിജയിക്കുകയുള്ളൂ. ജനങ്ങളിൽ കൂടുതൽ അർപ്പണമനോഭാവം വളർത്തിക്കൊണ്ട് സാംസ്ക്കാരിക രംഗത്ത് ഒരു വൻ ജനമുന്നേറ്റം സംഘടിപ്പിക്കുക. അതാവട്ടെ നമ്മുടെ അടിയന്തിര കടമ.



*'ഗ്രാമീണ വിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടത് ഗ്രാമത്തിന്റെ ഭൂമിശാസ്ത്രവും ചരിത്രവും ഗ്രാമത്തിന്റെ കണക്കും ഗ്രാമത്തിനാവശ്യമായ സാക്ഷരതയുമാണ്.'*

–ഗാന്ധിജി

# നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടവിവരം | നിലവിലുള്ള അംഗ സംഖ്യ | പുസ്തക എണ്ണം | പ്രതിമാസ പുസ്ത കനിരക്ക് | ഗ്രാന്റ് | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | ജ്ഞാനോദയം വായനശാല, കോറോത്ത് പൊയിൽ | 1955 | സ്വന്തം | – | 3455 | 400 | ഉണ്ട് | വായനശാല പ്രവർത്തിക്കുന്നു |
| 2 | പൊതുജനവായനശാലം, അമ്പലത്തുകുളങ്ങര | 1945 | വാടക | 200 | 2700 | 250 | ഉണ്ട് | വായനശാല പ്രവർത്തിക്കുന്നു |
| 3 | നവോദയാ വായനശാല, കണ്ണങ്കര (ഒളോപ്പാറ) | 1965 | സ്വന്തം | 242 | 2541 | 500 | ഉണ്ട് | വായനശാല പ്രവർത്തിക്കുന്നു ഒരു നഴ്സറിസ്കൂൾ നടത്തുന്നു |
| 4 | ജ്ഞാനോദയം റീഡിംറൂം & ലൈബ്രറി കണ്ണങ്കര | 1964 | സ്വന്തം | 105 | 1850 | 200 | ഉണ്ട് | വായനശാല പ്രവർത്തിക്കുന്നു |
| 5 | നവീന വായനശാല, പാലത്ത് | 1965 | സ്വന്തം | 125 | | | ഉണ്ട് | വായനശാല പ്രവർത്തിക്കുന്നു |
| 6 | ജ്ഞാനോദയം വായനശാല, പള്ളിപ്പൊയിൽ | | | | | | | ഗ്രന്ഥശാല നിലവിലില്ല, വായന ശാല മാത്രം പ്രവർത്തിക്കുന്നു |
| 7 | പഞ്ചായത്ത് ലൈബ്രറി | | | | | | | പഞ്ചായത്തിന്റെ കീഴിൽ വായന ശാല മാത്രം പ്രവർത്തിക്കുന്നു |
| 8 | കൈരളീ കലാസദനം റീഡിംഗ് റൂം & ലൈബ്രറി, പെരുമ്പൊയിൽ | | | | | | | പഞ്ചായത്തിന്റെ കീഴിൽ വായന ശാല പ്രവർത്തിക്കുന്നു. ജനശി ക്ഷണ നില.യം പ്രവർത്തിക്കുന്നില്ല. |
| 9 | ഗുഡ്ലക്ക് ലൈബ്രറി, ആർട്സ് & സ്പോർട്സ് സെന്റർ, അതിയാനത്തിൽതാഴം | 1983 | സ്വന്തം | 116 | | | | വായനശാലയും ജനവിദ്യാകേന്ദ്രവും പ്രവർത്തിക്കുന്നു |
| 10 | പാർത്ഥസാരഥി സ്പോർട്സ്ക്ലബ്ബ് & റീഡിംഗ്റൂം | | സ്വന്തം | 40 | | 300 | ഇല്ല | വായനശാല, കലാകായികപ്രവർത്തനങ്ങൾ |



# വനിതാക്ഷേമം

മുമ്പുകാലത്ത് സാമൂഹ്യ പ്രവർത്തനമേഖലകളില സാമൂഹികമായും സാമ്പത്തികമായും സ്ത്രീകൾ അടിമത്വത്തിൽ ആയിരുന്നു. എഴുത്തുപള്ളികൾ ഉണ്ടാകുന്നതിനു മുമ്പുതന്നെ ജന്മികുടുംബത്തിലെ സ്ത്രീകളെ എഴുത്താശാന്മാർ വീട്ടിലിരുന്നു പുരാണകഥകളും സംസ്കൃത പാഠങ്ങളും അഭ്യസിപ്പിച്ചിരുന്നു. എഴുത്തുപള്ളികളുടെ ആവിർഭാവത്തോടെ കുറെയൊക്കെ ആളുകൾക്ക് അക്ഷരജ്ഞാനത്തിന് അവസരം ലഭിച്ചു. എന്നാൽ എല്ലാ സമുദായങ്ങളിൽപെട്ട കുട്ടികൾക്ക് എഴുത്തുപള്ളിയിൽ പ്രവേശനം കിട്ടിയിരുന്നില്ല. പാവപ്പെട്ടവരുടെ കുട്ടികളെ പഠനത്തിൽ നിന്ന് മാറ്റി നിർത്താൻ ജന്മികുടുംബങ്ങൾ അവരെക്കൊണ്ട് ജോലിചെയ്യിക്കുമായിരുന്നു. വീട്ടിലെ മുതിർന്നവർ ജോലിക്കു പോകുമ്പോൾ ഇളയ കുട്ടികളുടെ സംരക്ഷണവും വീട്ടുജോലികളും പെൺകുട്ടികളെക്കൊണ്ട് ചെയ്യിക്കുമായിരുന്നു. സ്കൂളുകൾ നിലവിൽ വരികയും നിർബന്ധ വിദ്യാഭ്യാസം പ്രചാരത്തിൽ വരികയും ചെയ്തപ്പോഴാണ് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമായത്.

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യ 15092 ആണ്. പുരുഷന്മാരേക്കൾ 103 സ്ത്രീകൾ ഈ പഞ്ചായത്തിൽ കൂടുതലുണ്ട്. 1991 ലെ പട്ടികജാതി പട്ടികവർഗ്ഗ സെൻസസ് പ്രകാരം സ്ത്രീ ജനസംഖ്യ 1821 ആണ്. പട്ടിക വർഗത്തിൽ ആറ് സ്ത്രീകളാണ് ഉള്ളത്. പഞ്ചായത്തിൽ എൽ.പി.യു.പി. ഹൈസ്ക്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം 2988 ആണ്. കഴിഞ്ഞ വർഷത്തെ വിജയശതമാനം പരിശോധിച്ചാൽ പെൺകുട്ടികളുടെ വിജയശതമാനം കൂടുതലാണെന്ന് കാണാം.

എല്ലാ സേവനരംഗത്തും പുരുഷന്മാരോടൊപ്പം സ്ത്രീകളും ഈ പഞ്ചായത്തിൽ ജോലി ചെയ്യുന്നുണ്ട്. സാമൂഹിക രംഗത്ത് ഇന്ന് സ്ത്രീകൾ ഒട്ടും പിന്നിലല്ല. ആദ്യകാലത്ത് പഞ്ചായത്ത് ബോർഡിലേക്ക് വനിതകളെ തിരഞ്ഞെടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നില്ല. 1963ൽ ഉണ്ടായിരുന്ന പഞ്ചായത്തു ബോർഡിൽ സുമതി മേനോക്കി, ഒ.പി. മാധവി എന്നീ വനിത പ്രതിനിധികളെ നോമിനേറ്റ് ചെയ്തിരുന്നു. ഇപ്പോൾ സാമൂഹിക രംഗത്തും സംഘടനാ രംഗത്തും കൂടുതൽ സ്ത്രീകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിലും സ്റ്റേറ്റ് തലത്തിലും ധാരാളം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിൽ 8 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. ഇവയുമായി ബന്ധപ്പെട്ട് ആറ് ബാലവാടികളും അഞ്ച് ഫീഡിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ആയിരത്തോളം സ്ത്രീകൾ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. DWCRA യുടെ 3 യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. രണ്ടെണ്ണം ഡയറി യൂണിറ്റും ഒന്ന് കയർ യൂണിറ്റുമാണ്. മൂന്നെണ്ണത്തിലും കൂടി 32 സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്ഷീരോൽപ്പന്ന നിർമ്മാണ വിപണന യൂണിറ്റ് വനിതകൾക്കായി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 1 ഒന്നാം വാർഡിലും 2ാമത്തേത് 8ാം വാർഡിലുമാണ്. 8 സ്ത്രീകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്കിന്റെ കീഴിൽ ഇൻഫോർമൽ ഗ്രൂപ്പ് റെഡിമെയ്ഡ് നിർമ്മാണം നടത്തുന്നുണ്ട്. അഞ്ച് സ്ത്രീകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

അസംഘടിത മേഖലയിൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. കാർഷികമേഖലയുടെ തകർച്ച

മൂലം ധാരാളം സ്ത്രീകൾക്ക് ജോലി കുറഞ്ഞിട്ടുണ്ട്. പാരമ്പര്യ വ്യവസായ മേഖലകളിൽ ജോലി ചെയ്തിരുന്നവർ അസംസ്കൃത സാധനങ്ങളുടെ കുറവ് മൂലം വിഷമിക്കുന്നവർ ധാരാളമുണ്ട്. യുവജനോത്സവങ്ങളിലും കേരളോത്സവങ്ങളിലും മത്സരിച്ച് ജില്ലാ, സംസ്ഥാനതലങ്ങളിൽ വരെ സമ്മാനം നേടിയവരും പഞ്ചായത്തിലുണ്ട്. സ്ത്രീകളുടെ മാനസികവും ശാരീരകവുമായി ഉല്ലാസത്തിനുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കാനുള്ള വേദികൾ ഈ പഞ്ചായത്തിൽ പരിമിതമാണ്. ഏറ്റവും നല്ല യുവ പ്രവർത്തകർക്കുള്ള നെഹ്റു യുവ കേന്ദ്രയുടെ ജില്ലാ അവാർഡ് നേടിയ എ.പി. ശാന്ത നമ്മുടെ അഭിമാനമാണ്. മഹിളാ സമാജങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ചാരായം മൂലം ദുരിതം അനുഭവിക്കുന്ന ധാരാളം സ്ത്രീകൾ ഉണ്ടെന്ന് ഗ്രാമസഭാ ചർച്ചകൾ സൂചിപ്പിക്കുന്നു. നാമമാത്രമായിട്ടാണെങ്കിലും വനിതകൾക്കു നേരെയുള്ള കൈയ്യേറ്റങ്ങൾ നടക്കുന്നത് മദ്യവും മയക്കുമരുന്നും ആണെന്ന കാര്യത്തിൽ സംശയമില്ല. ഇതിനെതിരെ സന്നദ്ധ ബഹുജന സംഘടനകളുടെ ജാഗ്രത ഇനിയും ഉണ്ടാവേണ്ടതുണ്ട്. ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സ്ത്രീകളും പഞ്ചായത്തിലുണ്ട്. ഉദ്യോഗസ്ഥരും ജനകീയ കമ്മറ്റികളും കാര്യക്ഷമമായി നീങ്ങിയാലേ ഇതിനൊരു ശ്വാശത പരിഹാരം ഉണ്ടാവുകയുള്ളൂ. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകളുടെ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു. ഉദാഹരണമായി കയർ നൂൽനൂൽപ്പ് മേഖലകളിൽ സാമൂഹ്യരംഗത്ത് വളരെകാലമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ ശരിയായ ബോധവൽക്കരണത്തോടെ മുന്നോട്ടു കൊണ്ടു വന്നാലേ ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പ്രാതിനിധ്യം ഉണ്ടാവുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഉത്തരവാദിത്വത്തോടും ഭംഗിയോടും നിറവേറ്റാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവേ ജോലി ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീയുടെ ഭാഗത്തും, ഉത്തരവാദിത്വം നൽകാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്. സമൂഹത്തിലെ പകുതിയിലധികം വരുന്ന വിഭാഗങ്ങളാണ് താങ്കളെന്നും പുരുഷന്മാർക്കുള്ള അധികാര അവകാശങ്ങൾ തങ്ങൾക്ക് ലഭിക്കണമെന്നും സ്ത്രീകൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## സാധ്യതകൾ

പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്, കൊട്ടമടയൽ, തുടങ്ങിയവ സ്ത്രീകളെ പരിശീലിപ്പിക്കുകയും വിപണനമേഖല കണ്ടെത്തുകയും ചെയ്യുന്നതിനു വേണ്ടി ധനസഹായങ്ങൾ നൽകാൻ പഞ്ചായത്തുകളെയോ ബാങ്കുകളെയോ അധികാരപ്പെടുത്തുക.

DWCRAയുടെ യൂണിറ്റുകളും ഇൻഫോർമ്മൽ യൂണിറ്റുകളും കൂടുതൽ അനുവദിച്ചു നടപ്പിലാക്കുക.

ട്രൈസം പദ്ധതിയിൽ സ്ത്രീകൾക്ക് താല്പര്യമുള്ള വിഷയങ്ങളിൽ പരിശീലനം കൊടുക്കാൻ പഞ്ചായത്തു തലങ്ങളിൽ ട്രെയ്നിങ് സെന്ററുകൾ സ്ഥാപിക്കുക.

ആരോഗ്യമേഖലകളിൽ സേവനമനുഷ്ഠിക്കുന്ന മഹിളാ സ്വസ്ത് സംഘ് പോലുള്ള സംഘടനാ പ്രവർത്തകരെ പ്രസ്തുത മേഖലകളിലുള്ള ഒഴിവുകളിൽ യോഗ്യതാടിസ്ഥാനത്തിൽ നിയോഗിക്കുക.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ അനുവദിക്കുക.



'എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനുമില്ല. എല്ലാവരും സമന്മാരാണ്. അവസാനക്കാരനും അവിടെയില്ല.'

–ഗാന്ധിജി



# സഹകരണം

നമ്മുടെ സംസ്ഥാനത്ത് 991 പഞ്ചായത്തുകളിലായി സഹകരണമേഖലയിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. അതിന്റെ കീഴിൽ നിരവധി ജീവനക്കാരും പതിനായിരക്കണക്കിന് ജനങ്ങളും സഹകരണസ്ഥാപനങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. നമ്മുടെ ചേളന്നൂർ പഞ്ചായത്ത് സഹകരണമേഖലയിൽ വളരെയധികം പിന്നോക്കം നിൽക്കുന്നു എന്ന് പറയാതെ വയ്യ.

1962 ൽ ചേളന്നൂർ, കക്കോടി, മറ്റുസമീപ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തച്ചനാത്ത് അച്ചുതൻ നായർ പ്രസിഡണ്ട് ആയി ഒരു PCC സൊസൈറ്റി രൂപീകരിച്ചു. മേൽ പറഞ്ഞ സൊസൈറ്റിയാണ് ചേളന്നൂർ-താമരശ്ശേരി കോ-ഓപ്-സൊസൈറ്റിയായും ഇപ്പോൾ ചേളന്നൂർ കക്കോടി കോ-ഓപ്പറേറ്റീവ് ബാങ്കായും പ്രവർത്തിച്ചുവരുന്നത്.

ചേളന്നൂരിലെ സഹകരണപ്രസ്ഥാനത്തിൽ ആദ്യകാലപ്രവർത്തകരായിരുന്നു p c രാഘവൻ നായർ, തച്ചനാത്ത് അച്ചുതൻ നായർ, അഞ്ഞൂളി മുത്തോറൻ മാസ്റ്റർ, തിരുവോത്ത് മൂത്തോറൻ എന്നിവർ. മുമ്പ് നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഏതാനും സൊസൈറ്റികൾ ഇന്ന് പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്. ഇന്നു നമ്മുടെ പഞ്ചായത്തിൽ 6 സഹകരണസംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നത്.

1. ചേളന്നൂർ കക്കോടി കോ-ബാങ്ക്
2. ചേളന്നൂർ മൺപാത്ര വ്യവസായ സഹകരണ സംഘം
3. ചേളന്നൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം
4. അമ്പലപ്പാട് ക്ഷീരോല്പാദക സഹകരണസംഘം
5. പാലത്ത് ക്ഷീരോല്പാദക സഹകരണസംഘം
6. പള്ളിപ്പൊയിൽ കൺസ്യൂമർ സ്റ്റോർ
7. കാർഷിക വികസനബാങ്ക് ചേളന്നൂർ 8/4

മേൽപ്പറഞ്ഞ സഹകരണസംഘങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവരും അതിനെ ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണം ജനസംഖ്യാനുപാതമായി നോക്കിയാൽ വളരെ പരിമിതമാണ്.

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളുടെയും പ്രധാന ജീവിത മാർഗ്ഗവും ജോലിയും കാർഷികവൃത്തിയാണ്. അതുകൊണ്ടുതന്നെ കാർഷിക മേഖലയും അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, കോഴിവളർത്തൽ, മത്സ്യം വളർത്തൽ എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിനും പാരമ്പര്യവ്യവസായങ്ങളായ പായനെയ്ത്ത്, കുട്ടമടയൽ തുടങ്ങി നിരവധി വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഈ മേഖലയിൽ സഹകരണ പ്രസ്ഥാനം പരിപോഷിപ്പിക്കുന്നതിനായി പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലോ, മേഖലകളായി തിരിച്ചോ ആ പ്രദേശത്തിലെ മുഴുവൻ കൃഷിക്കാരേയും തൊഴിലാളികളെയും ഭൂമി ഉടമകളെയും ഉൾപ്പെടുത്തി സഹകരണസംഘം രൂപീകരിക്കുക.

ഈ സഹകരണ സംഘം കൊണ്ടു താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

1. ഓരോ മേഖലയിലെയും തൊഴിലാളികളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി ആ മേഖലയിൽ വരുന്ന കാർഷിക പ്രവർത്തനം അവരെ കൊണ്ടു ചെയ്യിക്കുക. ഇങ്ങനെ ചെയ്താൽ മേഖലയിലെ തൊഴിൽ ദൗർബല്യം പരിഹരിക്കാം.
2. നല്ലയിനം വൃക്ഷതൈകളും വിത്തുകളും ലഭിക്കുന്ന

ഒരു നഴ്സറി നിർമ്മിക്കുക.

3. കർഷകർക്കു വളം കീടനാശിനി ടില്ലർ മറ്റു കൃഷി ആയുധങ്ങൾ ചുരുങ്ങിയ നിരക്കിൽ വാടകക്ക് കൊടുക്കുക.
4. ഈ സംഘത്തിന്റെ കീഴിൽ ക്ഷീര സംസ്കരണം കോഴിവളർത്തൽ ഫാം എന്നിവ നിർമ്മിക്കുക.
5. കർഷകരുടെ കുട്ടികൾക്ക് പഠിക്കാനുള്ള പുസ്തകങ്ങളും യൂനിഫോറം തുണികളും മറ്റു വസ്തുക്കളും ന്യായവിലയ്ക്ക് കൊടുക്കുക.
6. സ്ത്രീകൾക്ക് റെഡിമെയ്ഡ് വസ്ത്രം നിർമ്മിക്കുന്ന മേഖലകൾ

ഇത് കൂടാതെ താഴെ പറയുന്ന മേഖലകളിൽ ഈ സൊസൈറ്റികൾക്ക് പ്രത്യേക സംഘങ്ങൾ രൂപീകരിച്ചോ ഇതിന്റെ കീഴിലോ നടത്താവുന്നതാണ്.

1. പഴവർഗങ്ങൾ ഉപയോഗിച്ചുള്ള ഫുഡ് പ്രോസസ്സിങ്ങ് യൂനിറ്റ് (അച്ചാർ, സ്ക്വാഷ് മുതലായവ)
2. പാരമ്പര്യ വ്യവസായങ്ങളായ പായ, കൊട്ട, മെഴുകുതിരി, കുട മുതലായവ നിർമ്മിക്കൽ.
3. പ്ലാസ്റ്റിക് കൊണ്ടുള്ള കൗതുക വസ്തുക്കൾ,
4. സോപ്പു നിർമ്മാണം.
5. ഹോളോബ്രിക്സ് നിർമ്മാണം
6. പട്ടുനൂൽ പുഴു വളർത്തൽ
7. തീപ്പെട്ടി നിർമ്മാണം.
8. കവർ നിർമ്മാണം
9. കയർ, അതിനോടനുബന്ധിച്ച വസ്തുക്കൾ നിർമ്മാണം
10. ഐസ്ക്രീം ബന്ധപ്പെട്ട സാധനങ്ങൾ
11. ലേബർ കോൺട്രാക്ട് സൊസൈറ്റി

## അനുബന്ധം

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ (ചേളന്നൂർ പഞ്ചായത്ത് 1995-96)

1. സ്ഥാപനത്തിന്റെ പേര് : ചേളന്നൂർ കക്കോടി സർവ്വീസ് സഹകരണ ബേങ്ക് ലി.
2. പ്രവർത്തന പരിധി : ചേളന്നൂർ കക്കോടി പഞ്ചായത്തുകൾ
3. ക്രെഡിറ്റ് : ക്രെഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം : 16.6.1962
5. ആകെ അംഗങ്ങൾ : 9061
6. ഒരു ഓഹരിയുടെ വില : 5രൂപ
7. അംഗീകൃത ഓഹരി മൂലധനം : 2,50,0000
8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം : 2,08,5765
9. സർക്കാർ ഓഹരിയുണ്ടോ? : ഉണ്ട്
10. ഉണ്ടെങ്കിൽ ലഭിച്ച തുക : 85,800
11. പരമാവധി കടം എടുക്കാവുന്ന തുക : 50,000 രൂപ

സ്പെഷ്യൽ ലോൺ (ഇൻഡസ്ട്രിയൽ ലോൺ) : 1,00,000 രൂപ

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| a) | സ്ഥിരം | 250,66,881 | = 26 |
| b) | ഹ്രസ്വകാലം | 91,90,600 | = 92 |
| | | 34257482 | = 18 |

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ

| | | | |
|---|---|---|---|
| 1. | ഇനം | | തുക |
| 2. | നേന്ത്രവാഴകൃഷിക്ക് | 445 | 16,11340 |

b) മറ്റ് വായ്പകൾ

| | | |
|---|---|---|
| 1. കടം വീട്ടാൻ ആവശ്യത്തിന് (ഒരു കൊല്ലം) | 732 | 28,96,250 |
| 2. വിവാഹം, കടംവീട്ടാൻ (3 കൊല്ലം) | 237 | 29,49,000 |
| 3. ഗോൾഡ് ലോൺ | 2185 | 131,15,130 |

c) പ്രത്യേക വായ്പകൾ

| | | |
|---|---|---|
| 1. IRDP (പശുവിനെ വാങ്ങാൻ) | 1 | 6,000 |
| 2. കൃഷി (ദീർഘകാലം) | 12 | 133244 |
| 3. കച്ചവട ആവശ്യത്തിന് | 102 | 507500 |
| 4. ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് | 6 | 181177 |
| | 3275 | 21399641 |

**സംസ്ഥാനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ**

| സ്ഥാപനം | | സ്വഭാവം | തുക |
|---|---|---|---|
| 1. | KDC ബാങ്ക് | ഗോൾഡ് ലോൺ ക്യാഷ് ക്രെഡിറ്റ് | 5508146 |
| 2. | " | crop loan cash credit banana | 1000000 |
| 3. | " | Minor Irrigations | 22012 |
| 4. | " | NAMT Loan | 15,50000 |
| | | ആകെ | 80,80,158 |

**നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ**

| | വായ്പാ സ്വഭാവം | തുക |
|---|---|---|
| 1. | Surety loan(st) | 1977504 |
| | crop loan cash credit balance | 1314128.40 |
| 2. | Education loan | 9949.00 |
| | Spl. MT. loan | 16468.00 |
| 3. | NAMT loan | 1009514.00 |
| 4. | Bio-gas plant loan | 6359.00 |
| 5. | Self Employee loan | 41400.00 |
| | housing loan | 19954.00 |
| | Total overdue | 4424,320.40 |

**സ്ഥാപനത്തിന്റെ ചെലവുകൾ**

1. Establishments Charges 1098520.40
2. contigennies

**വായ്പാ സഹകരണസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ**

1. കക്കോടി ബസാറിലും പാലത്ത് ബസാറിലും 2 മാവേലി സ്റ്റോറുകൾ നടത്തുന്നു
2. വളം ഡിപ്പോ
3. കൊപ്ര സംഭരണം
4. കശുവണ്ടി സംഭരണം.

ചേളന്നൂർ ഗ്രാമ പഞ്ചായത്തിനു കീഴിൽ ഒരു സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിക്കണം.



'ഗ്രാമങ്ങളോട് നമ്മുടെ കർത്തവ്യം അവഗണിക്കുകയാണെങ്കിൽ അത് സ്വയം നാശത്തിലേക്കായിരിക്കും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതായാൽ മാത്രമെ അവയുടെ പുനരുദ്ധാരണം സാധ്യമാവുകയുള്ളൂ.'

–ഗാന്ധിജി



# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ 12 വാർഡുകളിലായി 21 പട്ടികജാതി കോളനികൾ ഉണ്ട്. 6 കോളനികൾകൂടി അംഗീകരാത്തിനായി സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 8-ാം വാർഡ് പട്ടികജാതി സംവരണവാർഡാണ്. പഞ്ചായത്തിൽ ഒരു അംബേദ്കർ ഗ്രാമവും ഉണ്ട്. കോളനികളിലും അല്ലാതെയും 597 പട്ടികജാതി കുടുംബങ്ങളും 2 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്. ഇവയിൽ 1991-ലെ സെൻസസ് അനുസരിച്ച് 3698 പട്ടികജാതിക്കാരിൽ (1877 ആൺ 1821 പെൺ) കൂടാതെ 2 പട്ടിക വർഗ്ഗകുടുംബങ്ങളിൽ 15 പട്ടികവർഗ്ഗക്കാരും താമസിച്ചുവരുന്നു.

മുകളിൽ പറഞ്ഞ കോളനികളുടെ വിശദമായ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

## വിദ്യാഭ്യാസ നിലവാരം

ഈ പഞ്ചായത്തിൽ 8 എൽ.പി. സ്ക്കൂളുകളും 6 യു.പി. സ്ക്കൂളുകളും 2 ഹൈസ്ക്കൂളുകളും ഉണ്ട്. ഇതിൽ എൽ.പി. വിഭാഗത്തിൽ 279 യു.പി. വിഭാഗത്തിൽ 232-ഉം. ഹൈസ്ക്കൂൾ വിഭാഗത്തിൽ 263-ഉം കൂടാതെ പഞ്ചായത്തിൽ ഒരു കോളേജും ഉണ്ട്. അതിൽ 224 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. പഞ്ചായത്തിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള ആളുകൾ വിരലിലെണ്ണാവുന്നതേയുള്ളൂ.

സാമൂഹിക സാമ്പത്തിക നിലവാരം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരിൽ ഭൂരിപക്ഷവും 10 സെന്റിൽ താഴെ ഭൂമിയുള്ളവരും ഭൂരഹിതരുമാണ്. കർഷകത്തൊഴിലാളികളായിരുന്ന ഭൂരിപക്ഷം ആളുകൾക്കും വിവധ കാരണങ്ങളാൽ ഇന്ന് മറ്റു തൊഴിലുകൾ കൊണ്ട് ഉപജീവനം കഴിക്കേണ്ടി വരുന്നു. കർഷകത്തൊഴിലാളികളായ ഇവർക്ക് ഇന്ന് പൊതുവെ പണികുറവാണ്. ഇവരിൽ പലരും കല്ല്വെട്ട്, മൊസെയ്ക്ക് പണി, മെറ്റൽ ഉടക്കൽ മുതലായ കൂലപ്പണികളും ചെയ്ത് ഉപജീവനം കഴിച്ചുവരുന്നു.

ഒരു ചെറിയ ശതമാനം ആളുകൾ സർക്കാർ സർവ്വീസിലുണ്ട്. എന്നാൽ ഉയർന്ന ഉദ്യോഗങ്ങളിൽ ആരും തന്നെയില്ല. ഒരു കോളേജ് ഉൾപ്പെടെ 17 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു പട്ടികജാതിക്കാരും ജോലി ചെയ്യുന്നില്ല.

## പരിഹാരം കാണേണ്ട പ്രശ്നങ്ങൾ

**വിദ്യാഭ്യാസം**

**പ്രീ പ്രൈമറി**

1. പട്ടികജാതി കുടുംബങ്ങൾ അധികം താമസിക്കുന്ന കോളനികളിലെല്ലാം ബാലവാടിയും ഫീഡിംഗ് സെന്ററും ഇല്ല.
2. ഈ പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഹോസ്റ്റലുകൾ ഒന്നും ഇല്ല.
3. സാമൂഹിക സാമ്പത്തിക പ്രശ്നം

**പാർപ്പിടം.**

ഈ പഞ്ചായത്തിൽ 220 കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടുകൾ ഇല്ല.

4. 120 ഭൂരഹിത കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടതായിടുണ്ട്.
5. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ 1958 മുതൽ പട്ടിക ജാതിക്കാർക്ക് നൽകിയ പല വീടുകളും ഇന്ന് കാലപഴക്കം മൂലം താമസയോഗ്യമല്ലാതായിട്ടുണ്ട്.

6. കോളനികളിലും അല്ലാതെയും ധാരാളം വീടുകൾ ഓടുവെക്കേണ്ടതായിട്ടുണ്ട്.
7. കോളനിയിലും പുറത്തുമായി 700 കുടുംബങ്ങൾക്ക് കക്കൂസും കുളിമുറിയും ഇല്ല.
8. കോളനികൾ പലതും വൈദ്യുതീകരിച്ചിട്ടില്ല.
9. മിക്ക കോളനികളിലും കുടിവെള്ളക്ഷാമം വളരെയധികം അനുഭവിക്കുന്നുണ്ട്.
10. തൊഴിൽ പ്രശ്നം
11. അഭ്യസ്ത വിദ്യരായ പട്ടികജാതി യുവതീയുവാക്കൾ തൊഴിലില്ലാതെ നട്ടം തിരിയുന്നു.

## പരിഹാരമാർഗ്ഗം

1. ബാലവാടിയും ഫീഡിംഗ് സെന്ററും ഇല്ലാത്ത പട്ടികജാതി കോളനികളിൽ അവ സ്ഥാപിക്കുക
2. ഭൂരഹിത പട്ടികജാതിക്കാർക്ക് മുഴുവനും പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് വീട് ഉണ്ടാക്കി നൽകുക.
3. വൈദ്യുതീകരിക്കാത്ത കോളനികൾ എല്ലാം വൈദ്യുതീകരിക്കുക.
4. കോളനികളിലെല്ലാം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൈപ്പ് ലൈൻ സ്ഥാപിക്കുകയും, അല്ലാത്തിടത്ത് കിണറുകൾ കുഴിക്കുകയും ചെയ്യുക.
5. സ്ത്രീ കർഷകതൊഴിലാളികൾ ചെയ്തുവന്നിരുന്ന പായ നെയ്തും കൈതോലയുടെ ക്ഷാമം നിമിത്തം ക്ഷയിച്ചിരിക്കുകയാണ്. അതുകൊണ്ട് സർക്കാർ പുറംബോക്ക് സ്ഥലങ്ങളിൽ കഴിയുന്നത്ര കൈതോല വെച്ച് പിടിപ്പിക്കുക.
6. കല്ല് വെട്ട്, കരിങ്കൽ പണി മുതലായ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക.

പഴയ വീടുകൾ പുതുക്കിപ്പണിയുവാനും, ഓടുമേയാത്ത വീടുകൾ ഓടുമേയുവാനും, കക്കൂസും കുളിമുറിയും ഇല്ലാത്ത വീടുകൾക്ക് ഇവ നിർമ്മിക്കുവാൻ ധനസഹായം നൽകുകയും ചെയ്യുക.

## നിർദ്ദേശങ്ങൾ

1. **ഹരിജൻ ബാലവാടി** സ്ഥാപിക്കുമ്പോൾ ഹരിജൻ കുട്ടികളുടെ എണ്ണം 50 ശതമാനമാക്കുക.
2. **പട്ടികജാതി ഹോസ്റ്റലുകൾ** സ്ഥാപിക്കുമ്പോൾ ഹോസ്റ്റലിനുവേണ്ട എല്ലാ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പ് വരുത്തുക.
3. **പാർപ്പിട പ്രശ്നം**

ഇന്ന് വിവിധ ഡിപ്പാർട്ടുമെന്റ് മുഖേന പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ സഹായം നൽകിവരുന്നുണ്ട്. എന്നാൽ ഓരോ ഡിപ്പാർട്ടുമെന്റിന്റെ നിയമവും വീടിനുള്ള തുകയും വ്യത്യസ്തമാണ്. അതുകൊണ്ട് പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണ ഗ്രാന്റ് ഏകീകരിക്കുകയും സാധന, സാമഗ്രികളുടെ വിലയും, തൊഴിലാളികളുടെ കൂലികൂടുതലും കണക്കിലെടുത്ത് വീട് കക്കൂസ്, കുളിമുറി, വയറിംഗ് ഇതിനെല്ലാം കൂടി ഭവന നിർമ്മാണ ഗ്രാന്റ് 50000 രൂപയാക്കി വർദ്ധിപ്പിക്കുക. അവയുടെ പണി പഞ്ചായത്തു മുഖേന പട്ടികജാതി വികസന വകുപ്പിന്റെ ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുക.

എല്ലാവിധ ഭവന നിർമ്മാണ പദ്ധതികൾക്കും പട്ടികജാതി വികസനവകുപ്പിന്റെ നിയമം ബാധകമാക്കുക. നാല് സെന്റ് ഭൂമിയിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് വീട് അനുവദിക്കുകയും, വീട് പണിത് കഴിഞ്ഞ് കക്ഷിക്ക് ഗ്രാന്റ് നൽകാം എന്ന അശാസ്ത്രീയമായ ബ്ലോക്കിന്റെ നിലവിലുള്ള നിയമം പാവപ്പെട്ടവരുടെ പേരിൽ അടിച്ചേൽപ്പിക്കാതിരിക്കുക. പുരപണി കഴിഞ്ഞാൽ ഗ്രാന്റ് സംഖ്യ നൽകുന്ന പാവപ്പെട്ടവരുടെ പക്കൽ നിന്നും മുദ്രപത്രത്തിൽ എഗ്രിമെന്റ് വാങ്ങുന്ന സമ്പ്രദായം റദ്ദ് ചെയ്യുക.

4. **ഭൂരഹിത ഭവന നിർമ്മാണ പദ്ധതി**

ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതിക്കാർക്ക് മുഴുവനും ഈ പദ്ധതി അനുസരിച്ച് വീടുണ്ടാക്കി നൽകുക, ഇതിന്റെ ഇന്നത്തെ സംഖ്യയും 25% വർദ്ധിപ്പിക്കുക. മുൻ കൊല്ലങ്ങളിൽ ഈ പദ്ധതിയനുസരിച്ച് തിരഞ്ഞെടുത്ത ആരെങ്കിലും തങ്ങൾക്ക് അനുവദിച്ച സ്ഥലത്ത് വീടുപണിയാതെ ഉണ്ടെങ്കിൽ അത്തരം പ്ലോട്ടുകളിൽ വീട് വെച്ച് താമസിക്കുവാൻ സമ്മതമുള്ളവർക്ക് അത് അനുവദിച്ചു കൊടുക്കുക.

5. S.C.P.

ഈ ഇനത്തിൽ വലിയ സംഖ്യ ആണ്ടുതോറും പട്ടികജാതി ക്ഷേമത്തിന് ലഭിക്കുന്നുണ്ടെങ്കിലും അശാസ്ത്രീയമായ പദ്ധതിതയ്യാറാക്കൽ മൂലം പട്ടികജാതിക്കാർക്ക് അവ വേണ്ട വിധം പ്രയോജനപ്പെടുന്നില്ല. അതുകൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

കൃഷി ഡിപ്പാർട്ടുമെന്റ് അവരുടെ S.C.P. ഫണ്ട് പട്ടികജാതിക്കാർക്ക് കൃഷിക്കുമാത്രമേ നൽകുകയുള്ളൂ എന്ന ആശയം മാറ്റി അവരുടെ മറ്റ് ആവശ്യങ്ങൾക്കും വിനിയോഗിക്കേണ്ടതാണ്. അല്ലെങ്കിൽ എല്ലാ ഡിപ്പാർട്ടുമെന്റിന്റെയും S.C.P. ഫണ്ട് ഒന്നായി സ്വരൂപിച്ച് പട്ടികജാതിക്കാർക്ക് ആവശ്യമുള്ള ഭവനനിർമ്മാണം, അനുബന്ധ സൗകര്യങ്ങൾ, സ്വയം തൊഴിൽ, മറ്റു സാമ്പത്തിക സഹായം എന്നിവയ്ക്ക് വേണ്ടി വിശദമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക - ആണ്ടുതോറും അഞ്ച് സെന്റ് സ്ഥലം വീതമുള്ള ആളുകൾക്ക് തെങ്ങിൻ തൈകൾ പോലുള്ള നടീൽ വസ്തുക്കളും, കോഴിക്കുഞ്ഞുങ്ങളെയും നൽകുന്ന പരിപാടികൾ ഒഴിവാക്കുക.

## തൊഴിൽ അവസരം

സർക്കാർ മേഖലയിലും കാർഷികമേഖലയിലും ഒക്കെ തന്നെ തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ

അവസരം ഉണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി താഴെ പറയുന്ന കുറച്ച് കോഴ്സുകളിൽ പട്ടികജാതി യുവതീ യുവാക്കൾക്ക് പരിശീലനം നൽകണമെന്ന് ബന്ധപ്പെട്ട വർ ശ്രദ്ധിക്കണം.

## നിർദ്ദേശിക്കുന്ന പരിശീലന കോഴ്സുകൾ

1. കമ്പ്യൂട്ടർ പരിശീലനം
2. വീഡിയോഗ്രാഫി
3. ഫോട്ടോഗ്രാഫി
4. തുന്നൽ അഥവാ ഡ്രസ്സ്മേക്കിംഗ്
5. മോട്ടോർ മെക്കാനിസം
6. മോട്ടോർ ഡ്രൈവിംഗ്
7. വയറിംഗ്
8. ഖാദി ഹാന്റലൂം വീവിഗ്
9. ടൈപ്പ്റൈറ്റിംഗ് ആന്റ് ഷോർട്ട് ഹാന്റ്
10. ഫുഡ് പ്രോസസിംഗ്

11. കമ്പോസിഗ് തുടങ്ങിയ വിവിധതരത്തിലുള്ള പരിശീലനം നടത്താൻ കഴിഞ്ഞാൽ ആയിരക്കണക്കിന് യുവതീയുവാക്കൾക്ക് തൊഴിൽ അവസരം ഉണ്ടാക്കാ വുന്ന പരിശീലനത്തിനാണെങ്കിൽ വലിയ സംഖ്യ വേണ്ടി വരില്ല. കൂടാതെ വിവിധ തൊഴിലുകളിൽ പരിശീലനം ലഭിക്കുന്നവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ വിദേശരാജ്യങ്ങ ളിലേക്ക് ജോലിക്ക് അയക്കാവുന്നതുമാണ്.

പട്ടികജാതിക്ഷേമം കോളനി അടിസ്ഥാനത്തിലാക്കി യതോടുകൂടി കോളനിയുടെ പുറത്ത് താമസിക്കുന്ന പാവപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് യാതൊരു വിധ ആനുകൂല്യങ്ങളും ഇന്ന് ലഭിക്കുന്നില്ല. ഈ സ്ഥിതി കണ ക്കിലെടുത്ത് പട്ടികജാതി ക്ഷേമത്തിന് വകയിരുത്തുന്ന ഫണ്ടിൽ നിന്നും കുറഞ്ഞത് 25% തുകയെങ്കിലും കോള നിക്കു പുറത്ത് താമസിക്കുന്നവർക്കായി നീക്കിവെക്കുക.

പട്ടികജാതി വികസനവകുപ്പിന്റെ പല പദ്ധതികളും ബ്ലോക്കിലേക്കും പഞ്ചായത്തിലേക്കും മാറ്റിയെങ്കിലും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ ആരെയും ഈ വകുപ്പിലേക്ക് നിയമിച്ചതായി അറിവില്ല. അതു കൊണ്ട് ബ്ലോക്കിലേക്കും പഞ്ചായത്തിലേക്കും പട്ടിക ജാതി വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥന്മാരെ നിയമിക്കുക.

പട്ടികജാതി വികസനവകുപ്പിൽ നിന്നും പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകു മ്പോൾ, (വിവാഹം കഴിഞ്ഞതിനുശേഷമാണ് ധനസ ഹായം നൽകുന്നത്.) ഈ ധനസഹായം ഉപയോഗിച്ച് വിവാഹം കഴിച്ചുകൊള്ളാമെന്ന മുദ്രപത്രത്തിലെ എഗ്രി മെന്റ് ഒഴിവാക്കുക.

S.C.A. ഫണ്ട് ജനസംഖ്യാനുപാതികമായി എല്ലാ പഞ്ചായത്തിനും വീതിച്ചു നൽകുകയും പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതിയനുസരിച്ച് ചെലവഴിക്കുകയും ചെയ്യുക.

അംബേദ്കർ ഗ്രാമത്തിലും IHDP കോളനികളിലും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഉടനടി പൂർത്തിയാ ക്കാനുള്ള നടപടി സ്വീകരിക്കണം. എല്ലാ കോളനിക ളിലും ഗതാഗത യോഗ്യമാക്കുക.

ചേളന്നൂർ പഞ്ചായത്തിൽ പുതിയേടത്ത് താഴത്ത് നിലവിലുള്ള ചേളന്നൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം കൂടു തൽ അംഗങ്ങളെ ചേർത്തി വിപുലീകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, പുതുതായി ഇത്തരം പട്ടികജാതി സർവ്വീസ് സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

OO



'സ്വയം സമ്പൂർണ്ണ സൃഷ്ട ിയിലൂടെ മാത്രമേ രാഷ്ട്ര പുനർ നിർമ്മാണം സാധ്യമാവുകയുള്ളൂ.'
–ഗാന്ധിജി

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വിവരം

| നമ്പർ | വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | അംഗസംഖ്യ |
|---|---|---|---|---|
| 1 | 1 | ഇരുവള്ളൂർ കാക്കൂർമല IHDP ഹരിജൻ കോളനി | 53 | 157 |
| 2 | 8 | കാടനാത്ത്മീത്തൽ IHDP ഹരിജൻ കോളനി | 24 | 108 |
| 3 | 4 | കുരുന്നാളിമീത്തൽ | 12 | 53 |
| 4 | 4 | കോരക്കുന്നുമല | 11 | 64 |
| 5 | 4 | കോരപ്പച്ചൻ കുഴി | 11 | 51 |
| 6 | 4 | കോയാലിപ്പറമ്പത്ത് | 12 | 53 |
| 7 | 4 | കുനിയടിമല | 27 | 81 |
| 8 | 3 | കുന്നുമ്മൽ | 12 | 62 |
| 9 | 3 | കമ്മിൽതാഴം | 11 | 53 |
| 10 | 2 | മാലേരിമ്മൽ | 18 | 96 |
| 11 | 1 | മരുതാട് | 15 | 84 |
| 12 | 12 | മാട്ടുമ്മൽ | 10 | 46 |
| 13 | 8 | മേയനമീത്തൽ | 22 | 101 |
| 14 | 4 | മുതുവാട്ടുകുന്ന് | 43 | 234 |
| 15 | 4 | നമ്പ്യാരുകണ്ടി | 13 | 70 |
| 16 | 9 | പറയരുകുന്ന് | 12 | 58 |
| 17 | 2 | പുല്ലപ്ര | 21 | 110 |
| 18 | 4 | തായോളിമീത്തൽ | 12 | 53 |
| 19 | 10 | വാരിയരുപറമ്പ് | 18 | 89 |
| 20 | 11 | പൂക്കാട്ടുമല | 16 | – |
| 21 | 1 | ഇരുവള്ളൂർ | 10 | 50 |
| 22 | 8 | *ചെമ്മാടുമീത്തൽ | | |
| 23 | 5 | *നടുവിലക്കുന്നത്ത് | | |
| 24 | 1 | *ആലയാട്ടുമ്മൽ | | |
| 25 | 6 | *എടയപ്പുറത്ത് മീത്തൽ | | |
| 26 | 1 | *വരിക്കാട്ടുമല | | |
| 27 | | *പറയരുകുന്നത്ത് | | |

** പുതിയ പ്രൊപ്പോസൽ*



# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രാധാന പ്രശ്നമാണ് കാർഷിക വ്യവസായരംഗത്തെ മുരടിപ്പ്. കൃഷി നിലങ്ങൾ അനുദിനം താമസസ്ഥലങ്ങളായി മാറുകയാണ്. വ്യവസായമേഖലയിൽ നമ്മുടെ ഗ്രാമം തികച്ചും നിശ്ചലമാണെന്നു തന്നെ പറയാം. പേരിനു മാത്രം മൂന്ന് വ്യവസായ സ്ഥാപനങ്ങളെ പഞ്ചായത്തിലുള്ളൂ. അവ തന്നെ പല പ്രശ്നങ്ങളും നേരിടുകയാണ്. ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രോൽസാഹനം നൽകുകയാണെങ്കിൽ കാര്യമായ വിഭവസമാഹരണം നടത്താൻ സാധിക്കും. ബാങ്കുവായ്പകൾ കിട്ടുന്നതിന് ഇന്നുള്ള വിഷമതകളും വൈദ്യുതി രംഗത്തുള്ള പ്രതിസന്ധിയും പരിഹരിക്കുകയാണെങ്കിൽ ഈ രംഗത്ത് കാര്യമായ മുന്നേറ്റം നടത്താൻ കഴിയും. സർക്കാറിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റുകളും, നികുതി വിഹിതങ്ങളും ലഭിക്കാൻ ഇപ്പോൾ കാലതാമസവും, മറ്റു സാങ്കേതിക പ്രശ്നങ്ങളും ഉണ്ട്. കച്ചവടസ്ഥാപനങ്ങൾ ബാങ്ക് വായ്പക്കോ മറ്റ് ആവശ്യങ്ങൾക്കോ വേണ്ടിമാത്രം ലൈസൻസ് എടുക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. സർക്കാർ സ്ഥാപനങ്ങളിലും സ്ക്കൂളുകളിലും ജോലിചെയ്യുന്നവരിൽ നിന്നു മാത്രമെ കൃത്യമായി തൊഴിൽ നികുതി പിരിച്ചെടുക്കാൻ കഴിയുന്നുള്ളൂ. പഞ്ചായത്തിന്റെ വരവു സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക 1 നോക്കുക.

## പ്രശ്നങ്ങൾ

- വിഭവസമാഹരണത്തിന്റെ അപര്യാപ്തത വികസനപ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു.
- നികുതിദായകരെ ബോധവൽക്കരിക്കാൻ കഴിയാത്തതുകൊണ്ട് നികുതികൾ പിരിച്ചെടുക്കുന്നതിന് കാലതാമസവും മറ്റു വിഷമങ്ങളും നേരിടുന്നു.
- നീതിപൂർവ്വകവും, യുക്തിസഹവുമായ അസസ്സ്മെന്റ് നടക്കാത്തതുകൊണ്ട് കെട്ടിട നികുതി സംബന്ധിച്ച് പല നികുതിദായകർക്കും അസംതൃപ്തിയുണ്ട്. പലരും തന്ത്രപരമായി നികുതിയിൽ നിന്ന് ഒഴിവാകുന്ന സ്ഥിതിയും ഉണ്ട്.
- മനുഷ്യ വിഭവശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ വേണ്ട സംവിധാനങ്ങളൊന്നുമില്ല.
- പഞ്ചായത്തിൽ നിന്നും ധാരാളം ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നവരായുണ്ട്. അവരുടെ വരുമാനം പ്രത്യുൽപാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടാൻ സാധിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

- കെട്ടിട നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല അഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.
- ഇപ്പോൾ സർക്കാർ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ എന്നിവരിൽ നിന്ന് മാത്രമെ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. തൊഴിൽ ചെയ്യുന്ന മുഴുവൻ ആളുകളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരണം. സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, മറ്റു സേവന തുറകളിൽപ്പെടുന്നവർ എന്നിവരെയെല്ലാം തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരണം.

- കാച്ചിറ, താന്നിക്കൽതാഴംചിറ, അകലാപ്പുഴ എന്നിവിടങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കുകയും, അവിടങ്ങളിൽ ബോട്ട് സർവ്വീസ് മറ്റു വിനോദോപാധികൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്താൽ പഞ്ചായത്തിന് നല്ല വരുമാനമാർഗ്ഗമാണ്.
- പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിച്ചാൽ അതിൽ നിന്നും വരുമാനമുണ്ടാകും.
- പഞ്ചായത്തിൽ ആഴ്ചചന്ത, വാർഷികച്ചന്ത എന്നിവ ഏർപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കാം.
- പഞ്ചായത്തിന്റെ ഹൃദയഭാഗത്തുള്ള 8/2 ലെ കരുവാക്കൽ ഉൽസവത്തോടനുബന്ധിച്ച് ഒരാഴ്ച നീണ്ടുനിൽക്കുന്ന കന്നുകാലിച്ചന്ത സംഘടിപ്പിച്ചാൽ അതിൽ നിന്നും വരുമാനം പ്രതീക്ഷിക്കാം.
- കച്ചവടക്കാർക്ക് എല്ലാം ലൈസൻസ് ഫീസ് ഏർപ്പെടുത്തുകയും അത് കൃത്യമായി പിരിച്ചെടുക്കുകയും വേണം.
- ഇന്ദിരാവികാസ്പത്രയുടെ നിക്ഷേപത്തിൽ 15 മുതൽ 25 വരെ ശതമാനം പഞ്ചായത്തിന് കിട്ടുന്നതുകൊണ്ട് ആ വഴിക്കുള്ള വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം.
- പഞ്ചായത്തിലെ ചെങ്കൽ ക്വാറികൾ, കരിങ്കൽക്വാറികൾ, മണ്ണെടുക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽനിന്നും ലോഡ് അടിസ്ഥാനത്തിൽ നികുതി ഈടാക്കാവുന്നതാണ്.
- പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തികൾക്കൊക്കെ കഴിവതും ടെണ്ടർ സമ്പ്രദായം ഒഴിവാക്കുകയും, പകരം ജനകീയകമ്മറ്റികളെ ഏൽപിക്കുകയും ചെയ്താൽ അനാവശ്യ ചിലവുകൾ ഒഴിവാക്കാം.
- വിദേശത്ത് ജോലി ചെയ്യുന്നവരുടെ വരുമാനം പ്രത്യുൽപാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടാൻ പഞ്ചായത്ത് തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തണം.
- എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും വികസനപ്രവർത്തനങ്ങൾക്ക് സന്നദ്ധ പ്രവർത്തനം നടത്താനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. റോഡു നിർമ്മാണം, തോടു നിർമ്മാണം, ശുചീകരണപ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിൽ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുന്നതിനായി, സന്നദ്ധ സംഘടനകൾ, പൊതു പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്തു തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തണം.

OO



*'തന്റെ ജന്മഭൂമിയെ സേവിക്കേണ്ടത് ധാർമ്മിക ഉത്തരവാദിത്വമാണെന്ന ആദർശം സ്വാംശീകരിക്കാത്ത ഏതെങ്കിലും വ്യക്തി ഈ ലോകത്തുണ്ടെങ്കിൽ അയാളോട് പറയൂ മനുഷ്യരൂപമുണ്ടെങ്കിലും അയാൾക്ക് പൗരുഷമില്ലെന്ന്'*

–ലെജ്പത് റായ്

## പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽനിന്നും അനുവദിച്ച തുകസംബന്ധിച്ച വിവരങ്ങൾ 1995–96

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതരവിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | – | 2000.00 | 2000.00 |
| ആരോഗ്യം | 9980.00 | 31465.00 | 41445.00 |
| കൃഷി | – | – | 313708 |
| പി.ഡബ്ലിയു.ഡി | 5600.00 | 5600.00 | 11200.00 |
| ഹരിജനക്ഷേമം | 2000.00 | 3380.00 | 5381.00 |
| മറ്റുള്ളവ | – | 400.00 | 400.00 |
| ആകെ | | | 374134.00 |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C, B. (1995–96)

| ഇനം | തുക |
|---|---|
| ഭരണം | 679809.00 |
| പൊതുമരാമത്ത് | 527411.00 |
| വിദ്യാഭ്യാസം | 29045.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 6112.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 37823.00 |
| മറ്റുള്ളവ | 408558.05 |
| ആകെ | 1688758.05 |

## പൊതുസാമ്പത്തികനില Ref. B

| | പൊതുകണക്ക് | മൂലധനകണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| ചെലവ് | 1463977.15 | – | 224780.90 |
| വരവ് | 1519910.95 | – | 230194.00 |

## പഞ്ചായത്തിലെ വരവ് സംബന്ധിച്ച വിവരങ്ങൾ 1995–96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 239312 | 172754 | 66558 |
| സർവീസ് ചാർജ്ജ് | 12700 | 9238 | 3462 |
| തൊഴിൽനികുതി | 147290 | 147290 | – |
| വാഹനനികുതി | – | – | – |
| വിനോദനികുതി | 45869 | 45869 | – |
| അഡി. വിനോദനികുതി | 27531 | 27531 | – |
| പ്രദർശന നികുതി | 3994 | 3994 | – |
| പ്രദർശനനികുതിയിന്മേലുള്ള സർച്ചാർജ്ജ് | 998.50 | 998.50 | – |
| ചന്തവരവ് | 440 | 440 | – |
| ഗ്രാന്റ് ഡെഡ് | – | – | – |
| ലൈസൻസ് ഫീസ് | 6934 | 6934 | – |
| കെട്ടിടനികുതി സർച്ചാർജ്ജ് | – | – | – |
| വസ്തുകൈമാറ്റനികുതി 75% | 475036 | 475036 | – |
| വസ്തുകൈമാറ്റനികുതി 25% | – | – | – |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | – | – | – |
| സംഭാവന | – | – | – |
| ഡെപ്പോസിറ്റ് | 77649.50 | 77649.50 | – |
| മറ്റുള്ളവ | 787970 | 787970 | – |
| ആകെ | 1825724.00 | 1749704.00 | 70020 |

## പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
| റോഡ് | 309000.00 | | | 372136.00 |
| തോട് | - | | | |
| കെട്ടിടം | - | | | |
| നടപ്പാലം | - | | | |
| മറ്റുള്ളവ | - | | | |
| ആകെ | | | | |

## സ്ഥാവരസ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ Ref. W

| നമ്പർ | വകവിവരം | വില്ലേജ് | വിസ്തീർണം | മതിപ്പുവില |
|---|---|---|---|---|
| 1 | പഞ്ചായത്ത് കെട്ടിടം നിൽക്കുന്ന സ്ഥലം | ചേളന്നൂർ | | |
| 2 | 8/2 വായനശാല കെട്ടിടം നിൽക്കുന്ന സ്ഥലം | ചേളന്നൂർ | | |
| 3 | പെരുംമ്പൊയിൽ വായനശാല കെട്ടിടവും സ്ഥലവും | ചേളന്നൂർ | | |
| 4 | പഞ്ചായത്ത് നേഴ്സറി സ്കൂൾ കെട്ടിടവും സ്ഥലവും | ചേളന്നൂർ | | |
| 5 | നവീനവായനശാല കെട്ടിടവും സ്ഥലവും | ചേളന്നൂർ | | |
| 6 | പഞ്ചായത്ത് മത്സ്യമാർക്കറ്റ് കെട്ടിടവും സ്ഥലവും | ചേളന്നൂർ | | |
| 7 | ഇരുവള്ളൂർ പൊതുശ്മശാനം സ്ഥലം | ചേളന്നൂർ | 1-19 സെന്റ് | |



# ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അപൂർണ്ണമാണ്. കാർഷിക വ്യവസായിക വളർച്ചയിലൂടെ മാത്രമെ രാഷ്ട്രം വികസിക്കുകയുള്ളൂ. രാഷ്ട്രത്തിന്റെ മുഖ്യ സമ്പത്തായ ജനശക്തിയെ നൂറ് ശതമാനവും പ്രയോജനപ്പെടുത്തണം. വികസനം ത്വരിതപ്പെടണമെങ്കിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ കൂടി ഫയൽ നീങ്ങുന്ന നൂലാമാലകളിൽ നിന്ന് മോചനം ലഭിക്കണം. ജനപങ്കാളിത്തവും ജനജാഗ്രതയും വളർത്തിയെടുക്കണം.

പ്രവർത്തനമൂലധനത്തിന്റെ അഭാവം ജനശേഷിയിൽക്കൂടി ഒരതിർത്തിവരെ നികത്താൻ കഴിയും; കഴിയണം.

പദ്ധതികൾ നടപ്പാക്കുമ്പോൾ വസതു നിഷ്ഠ സമീപനം പ്രായോഗികമാക്കണം. ആസൂത്രണം അർത്ഥവത്താകുന്നത് വികസനോപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും, കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കിവേണം മുൻഗണനകൾ നിർണ്ണയിക്കാൻ. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതികൾക്കു കഴിയും.

സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് ശേഖരിക്കാനുള്ള തീവ്രയത്ന പരിപാടി ആവിഷ്കരിക്കണം.

സർക്കാർ നൽകുന്ന 40% പദ്ധതി വിഹിതം പഞ്ചായത്തിന്റെ പ്രവർത്തനത്തിന് തികയില്ല.

കക്ഷി രാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസനപ്രക്രിയയിൽ മുഴുകിയാൽ നമ്മുടെ സ്വപ്നം സാക്ഷാൽക്കരിക്കാൻ സാധിക്കും. മഹത്തായ ഈ പ്രതീക്ഷ നിലനിർത്താൻ എത്രയും വേഗത്തിൽ നമുക്ക് കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ഈ "സമഗ്ര വികസന രേഖ" ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചക്കും, പരിഷ്കരണത്തിനും വേണ്ടി.

*പി. ശ്രീധരൻ*
*പ്രസിഡണ്ട്*
*ചേളന്നൂർ ഗ്രാമ പഞ്ചായത്ത്.*

*'സ്വാർത്ഥസ്പർശം തെല്ലുമില്ലാത്ത സേവനം തന്നെയാണ് മഹത്തായ മതം. ഹിംസ യഥാർത്ഥമല്ല; അഹിംസയാണ് യഥാർത്ഥം'*

–ഗാന്ധിജി

# വികസനറിപ്പോർട്ട്
# അണിയറശില്പികൾ

| | | |
|---|---|---|
| **കൃഷി, ജലസേചനം** | : | ആർ.എം. ഹർഷവർദ്ധനൻ |
| | | സി.യു. ശാന്തി (കൃഷി ഓഫീസർ) |
| | | പി. പ്രഭാകരൻ (കൃഷി അസിസ്റ്റന്റ്) |
| | | പി. ശിവദാസൻമാസ്റ്റർ |
| | | രാജേഷ് ഇ.ടി. |
| | | കെ. നാരായണൻ |
| **മൃഗസംരക്ഷണം** | : | ടി.പി. പ്രകാശൻ |
| | | ഡോ: ഗീത (വെറ്ററിനറി ഡോക്ടർ) |
| | | പി. സാമിനാഥൻ |
| | | മുഹമ്മദ് മാസ്റ്റർ |
| **വ്യവസായം** | : | പി.കെ ബാബു |
| | | എം.ഒ. നസീർ |
| | | സുനിൽ പ്രകാശ് മാസ്റ്റർ |
| | | കെ.പി. രമേഷ്കുമാർ |
| | | സന്തോഷ് ടി.എസ്. |
| | | കെ. ലതീഷ് |
| **വിദ്യാഭ്യാസം** | : | ബീവി മുസ്തഫ |
| | | വിജയകുമാർ മാസ്റ്റർ |
| | | കൃഷ്ണാനന്ദൻ |
| | | എ. രാജൻ |
| **കുടിവെള്ളവും പൊതുജനാരോഗ്യവും** | : | പി. ശ്രീധരൻമാസ്റ്റർ |
| | | വേണുഗോപാൽമാസ്റ്റർ |
| | | നാരായണൻ (വി.ഇ.ഓ) |
| | | ടി.പി. മുസ്തഫ |
| **ഗതാഗതം, ഊർജ്ജം** | : | വി.എം. ചന്തുക്കുട്ടി |
| | | എം. അരവിന്ദാക്ഷൻ |
| | | എം.സി. വിജയകുമാർ |
| | | ടി.പി. മൊയ്തീൻകോയമാസ്റ്റർ |

| | | |
|---|---|---|
| **പാർപ്പിടം, സാമൂഹ്യക്ഷേമം** | : | എം. പ്രകാശൻ<br>വി.വി.ടി പ്രേമദാസൻ<br>ശശി കണ്ണങ്കാവിൽ<br>കെ.ടി. സത്യൻ<br>കമല (വി.ഇ.ഓ) |
| **സംസ്കാരം** | : | യു.കെ. റീന<br>എ. ശശികുമാർ<br>ജിതേന്ദ്രനാഥ്<br>പി.എം. ചെക്കുട്ടി<br>ടി.കെ. ശിവദാസൻ<br>പി. സുധീർകുമാർ |
| **വനിതാക്ഷേമം** | : | പ്രസന്ന സത്യൻ<br>ഇ.കെ. വിശാലാക്ഷിടീച്ചർ<br>കെ. ജാനകിടീച്ചർ |
| **സഹകരണം** | : | കെ. ജാനകി<br>കെ.ടി. പ്രേമനാഥൻ<br>മുല്ലശ്ശേരി വാസു<br>പി.എം. പ്രകാശൻ<br>സോമനാഥൻ ടി.കെ. |
| **പട്ടികജാതി/വർഗ്ഗക്ഷേമം** | : | കണ്ടിയിൽ രാമചന്ദ്രൻനായർ<br>കെ.കെ. അനൂപ്കുമാർ<br>മനോജ്കുമാർ ടി.<br>കെ.കെ. തങ്കപ്പൻ<br>മഞ്ചക്കണ്ടി ശശികുമാർ |
| **വിഭവസമാഹരണം** | : | രത്നേശ്വരൻ എൻ.കെ.<br>എ. വേലായുധൻ<br>പാലയാട്ട് ബൈജു<br>ഒ.പി. മൊയ്തീൻകോയ |

92

